032:6y8 J2;1 UPANYASA PRAKASIKA MATTOM.

032:6y8
J2;1

MUL
165534

# ഉപന്യാസപ്രകാശിക

★

ഗ്രന്ഥകർത്താ:

റവ. സി. കെ. മററം,

എം. ആർ. എ. എസ്., എഫ്. ആർ. എസ്. എ. (ലണ്ഡൻ)

UNIVERSITY LIBRARY
15 DEC 1955
MADRAS

★

1952

വില 1—4—0

· രണ്ടാംപതിപ്പ്
കോപ്പി 1000

For Copies apply to
C. K. MATTOM, Kuravilangad.

165534
384462
032:6y8
J2;1

സത്യപ്രകാശിനി പ്രസ്സ്
എറണാകുളം.

# വിജ്ഞപ്തി

"ഉപന്യാസപ്രകാശിക"യ്ക്കു് ഒരു ദ്വിതീയപതിപ്പു് ആവശ്യമായിത്തീൎന്നിട്ടു നാളുകൾ വളരെയായി. പല അസൗകൎയ്യങ്ങളാലും ഇപ്പോൾ മാത്രമേ അതിനു തരപ്പെട്ടുള്ളു. ഒന്നാം പതിപ്പിൽ ഒൻപതു് ഉപന്യാസങ്ങളാണുണ്ടായിരുന്നതു്. ഈ പുതിയ പതിപ്പിൽ ഒന്നു കൂടിചേൎത്തു് ഉപന്യാസങ്ങളുടെ സംഖ്യ പത്തു് ആക്കിയിരിക്കുന്നു എന്നതാണു് ഇതിൽ വരുത്തിയിരിക്കുന്ന കാൎയ്യമായ ഒരു മാററം.

# ഉള്ളടക്കം


| | | പേജ്. |
|---|---|---|
| 1. | സാഹിത്യം | 1 |
| 2. | ജീവിതപ്രശ്നദ്ധതി. | 10 |
| 3. | ഖണ്ഡകാവ്യവും കാവ്യഖണ്ഡവും. | 22 |
| 4. | മരണാനന്തരജീവിതം | 32 |
| 5. | പരിശ്രമംകൊണ്ടു ശ്രീമാനാകാം. | 47 |
| 6. | ആദർശവിമർശനം. | 67 |
| 7. | അദ്ധ്യയനജീവിതത്തിലെ ആനന്ദങ്ങൾ. | 78 |
| 8. | വിമർശം. | 91 |
| 9. | ഭവിഷ്യജ്ജീവിതം. | 103 |
| 10. | മതം കറുപ്പോ. | 110 |

ഒന്നാംപതിപ്പിന്റെ

# അവതാരിക

ഏകദേശം ഇരുപതുകൊല്ലത്തോളമായി ഭാഷാസാഹിത്യത്തിന്റെ അഭിവൃദ്ധിയെ ലാക്കാക്കി പലപ്രകാരത്തിൽ സദ്വ്യവസായം ചെയ്യുന്ന ഒരു സഹൃദയശിരോമണി ആകുന്നു റവ. സി. കെ. മററം. അദ്ദേഹത്തിനു സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിൽ അഗാധമായ പാണ്ഡിത്യവും നിരൂപണവിഷയത്തിൽ വിസ്മയനീയമായ വിചക്ഷണതയുമുണ്ടു്. വിമർശനവിഹാരമെന്നും, നിരൂപണസാഹിത്യമെന്നും രണ്ടു ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്നു ഭാഷയ്ക്കു് അനശ്വരസമ്പത്തുകളായി ലഭിച്ചിട്ടുണ്ടു്. ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന "ഉപന്യാസപ്രകാശിക" അവയെപ്പോലെതന്നെ ഫാദർ മററത്തിന്റെ വിവിധവിഷയങ്ങളിലുള്ള പാണ്ഡിത്യത്തെയും നിശിതമായ നിരീക്ഷണപാടവത്തേയും പ്രകാശിപ്പിക്കുന്ന ഒരു ഗദ്യകൃതിയാകുന്നു.

ഈ ഗ്രന്ഥത്തിൽ 'സാഹിത്യം','ജീവിതപ്രശസ്തി' ഇത്യാദി ഒൻപതു വിഷയങ്ങൾ അടങ്ങിയിരിക്കുന്നു.

സാഹിത്യം വിഷയാസ്പദമോ ഭാവനാസ്പദമോ എന്ന ചോദ്യത്തിന് ഉത്തരമായി ഭാവനാസ്പദമാണ് എന്നു ഗ്രന്ഥകാരൻ ആദ്യത്തെ ഉപന്യാസത്തിൽ ഉപപാദിക്കുന്നു. 'ഖണ്ഡകാവ്യവും കാവ്യഖണ്ഡവും' എന്ന ഉപന്യാസത്തിൽ ആധുനികകാവ്യരചനാപ്രസ്ഥാനത്തെപ്പററിയുള്ള ചില മമ്മസ്പൃക്കുകളായ വിമശനങ്ങൾ അടങ്ങിയിരിക്കുന്നു. 'വിമശനം' എന്ന ഉപന്യാസത്തിൽ ഇന്നത്തെ നിരൂപകന്മാർ മനസ്സിലാക്കിയിരിക്കേണ്ട പല തത്വങ്ങളുമുണ്ട്. 'പരിശ്രമംകൊണ്ടു ശ്രീമാനാകാം' എന്ന ഉപന്യാസത്തിൽ ദ്രുതകവനത്തിലല്ല കവികൾ ശ്രദ്ധിക്കേണ്ടതെന്നും, എത്രമാത്രം അവധാനത്തോടുകൂടി ഒരു കൃതി രചിക്കുന്നുവോ അത്രമാത്രം അതിനു മേന്മകൂടുവാൻ ന്യായമുണ്ടെന്നും ഫാദർ മററം സമത്ഥിക്കുന്നു. 'ജീവിതപ്രശ്ലുദ്ധതി', 'മരണാനന്തരജീവിതം', 'ഭവിഷ്യജീവിതം' ഈ ഉപന്യാസങ്ങൾ വായനക്കാരെ ആസ്തികന്മാരാക്കുന്നതിനു പയ്യാപ്തങ്ങളാണ്. 'അദ്ധ്യയനജീവിതത്തിലെ ആനന്ദങ്ങൾ' എന്ന ഉപന്യാസത്തിലും വിജ്ഞേയാംശങ്ങൾ പലതുമുണ്ട്. 'ആദശ്വിമശം' എന്ന ഉപന്യാസത്തിൽ പുരാതനഭാരതീയന്മാരുടെ മനഃസ്ഥിതി പ്രായേണ പ്രതീകാരേച്ഛാപരമായിരുന്നു എന്നു കാണുന്ന പ്രസ്താവനയോടു യോജിക്കുവാൻ നിവൃത്തിയില്ല. അല്ലെന്നാണ് എൻെറ ബലമായ അഭിപ്രായം.

സരളവും ധാരാവാഹിയുമായ ഭാഷയിൽ എല്ലാവരും അറിഞ്ഞിരിക്കേണ്ട അനേകം വിഷയങ്ങളെപ്പററി ഇത്തരത്തിൽ വിശിഷ്ടമായ ഒരു പുസ്തകോപഹാരം കൈരളിക്കു സമപ്പിച്ച ഫാദർ മററം സകലകേരളീയരു

ടെയും കൃതജ്ഞതയെ അർഹിക്കുന്നു. വിദ്യാർത്ഥികൾക്കു വിശേഷിച്ചു പ്രയോജകീഭവിക്കുന്നതിനു വേണ്ട ഗുണങ്ങളും പ്രസ്തുത കൃതിക്കുണ്ടു്. എന്റെ പ്രിയസുഹൃത്തിനെ ഞാൻ ഈ ഗ്രന്ഥനിർമ്മിതിയിൽ അനുമോദിക്കുന്നതോടുകൂടി ഏതാദൃശങ്ങളായ പല ഗ്രന്ഥങ്ങൾ ഇനിയും അദ്ദേഹത്തിനു രചിക്കുന്നതിനു സൌകര്യം നൽകുവാൻ ജഗന്നിയന്താവിനെ പ്രാർത്ഥിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,<br>16—2—1110.

ഉള്ളൂർ എസ്. പരമേശ്വരയ്യർ.

UNIVERSITY LIBRARY
15 DEC 1955
MADRAS

# I

## സാഹിത്യം

വൈദ്യം എന്നാലെന്താണെന്ന് ഒരുത്തരുടേയും വ്യാഖ്യാനംകൂടാതെ നമുക്ക ഗ്രഹിക്കാം. നിയമസംഹിത, ചിത്രലേഖനം, ആലയനിൎമ്മാണം മുതലായവയും എന്താണെന്നു പ്രത്യേകം പറയേണ്ടതില്ല. എന്നാൽ സാഹിത്യത്തിൻെറ സ്ഥിതി അങ്ങനെ അല്ല. അന്തൎവ്വാഹിനിയായ സരസ്വതീനദിയിലെ ജലം, ഹംസാദികൾക്കൊഴികെ മററുള്ള ജലപക്ഷികൾക്ക് ആസ്വദിപ്പാൻ സാധിക്കുകയില്ലെന്നാണല്ലോ സങ്കല്പം. സാഹിത്യവിദ്യയും കേവലം അതുപോലെ നിഗ്ഗൂഢമായിരിക്കുന്നതുകൊണ്ടു വിദ്വാന്മാർതന്നെ എല്ലാവരും പ്രായേണ അതറിഞ്ഞേതന്നു വരുന്നതല്ല.

> "ഗൂഢഭാവാസ്പദത്വേന
> യദനാദേയവൽ ഭവേൽ
> സാരസ്വതാമൃതം സൎവ്വേ
> കവയസ്തന്നു ജാനതേ."

തന്നിമിത്തം സാഹിത്യം എന്നു പറഞ്ഞാലെന്തെന്നും, അതു പദാൎത്ഥവിഷയകമോ മനോധൎമ്മസമന്വിതമോ എന്നും നമുക്ക നോക്കാം:—

"നൃത്തം ഗീതം തഥാ വാദ്യ-
മാലേഖ്യം മണിഭൂമികാഃ
ദശനാദ്യംഗരാഗശ്ച
മാല്യഗ്രന്ഥവിചിത്രതാഃ
ഹസ്ത്യശ്വലക്ഷണജ്ഞാനം
ജലയാനാഗമജ്ഞതാ
പരചേതപ്രവേശശ്ച
ചതുഷ്ഷഷ്ടിരിമാഃ കലാഃ"

എന്നിങ്ങനെ സുകുമാരകലകൾ ബഹുലങ്ങളാണെങ്കിലും സാഹിത്യമാണു് അവയിൽ സർവ്വപ്രധാനമെന്നുള്ളതു സർവ്വവിദിതമാണു്. ഭാഷകൊണ്ടു് ആശയങ്ങളെ വെളിവാക്കുന്ന കലയെയാണല്ലോ സാഹിത്യവിദ്യയെന്നു് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്. സാഹിത്യത്തെ പ്രാചീനമെന്നും അർവ്വാചീനമെന്നും, ക്ഷണികമെന്നും ശാശ്വതമെന്നും, പലരും വിഭജിക്കാറുണ്ടു്. സ്വരൂപത്തെമാത്രം ആസ്പദമാക്കി സാഹിത്യത്തെ പദ്യം, ഗദ്യം, മിശ്രം എന്നു മൂന്നായി വിഭജിക്കാമെങ്കിലും അതൊരു ശരിയായ വിഭാഗമല്ല. ആദികാലങ്ങളിൽ പ്രധാന ഗ്രന്ഥങ്ങളെല്ലാം കീർത്തനം, കിളിപ്പാട്ടു്, തുള്ളൽപാട്ടു്, ശ്ലോകം മുതലായ ഛന്ദോനിബദ്ധങ്ങളായ കൃതികളായിരുന്നതിനാൽ 'സാഹിത്യം' എന്നു കേൾക്കുമ്പോൾ ആവക കൃതികളാണു നമ്മുടെ ബുദ്ധിയിൽ ആദ്യമായി ആരോഹണം ചെയ്യുക എന്നു ചിലർ പറയുന്നു. ഈ അഭിപ്രായപ്രകാരം സാഹിത്യമെന്നു പറയുന്നതും കൃതികൾ എന്നു പറയുന്നതും ഒന്നുതന്നെയാണെന്നുവരും. ഇവ രണ്ടും ഒന്നായി വരുന്നപക്ഷം തത്വം, നിയമം,

ബീജഗണിതം എന്നുവേണ്ടാ എല്ലാ ശാസ്ത്രങ്ങളും സാഹിത്യത്തിലുൾപ്പെടും. വ്യാപകമായ അർത്ഥത്തിലാണെന്നുള്ള ഭാവേന സർവ്വവിധമായ ലിഖിതഭാഷയേയും സാഹിത്യത്തിലുൾപ്പെടുത്തിയിട്ട വലിയ ഗുണമൊന്നും കാണുന്നില്ല. സഹസ്രയോഗം, അമരകോശം, ക്ഷേത്രഗണിതം, കാലദീപം ഇത്യാദി ഗ്രന്ഥങ്ങളെ സാഹിത്യമായിട്ട് ഒരുത്തരും പരിഗണിക്കാറില്ലല്ലോ.

'സാഹിത്യം' പിന്നെ എന്താണ്?

സുഗമരീതിയിലെഴുതപ്പെട്ട കൃതിയോ, അതോ പദങ്ങൾ കൊണ്ടുള്ള ചെപ്പിടിവിദ്യയോ, ഏതാണ്? ഉപമാരൂപകാദ്യലങ്കാരങ്ങൾ, പ്രസാദമാധുര്യാദിഗുണങ്ങൾ, വ്യംഗ്യചമത്കാരങ്ങൾ മുതലായവയോടുകൂടിയ കൃതികൾ പദ്യമായിരുന്നാലും ഗദ്യമായിരുന്നാലും സാഹിത്യമാണ് എന്നു ഖണ്ഡിച്ചു പറയുന്നവരുണ്ട്. എങ്കിലും ഇതു സർവ്വഥാ ശാസ്ത്രീയമായ ഒരു നിർവ്വചനമാണെന്നു പറഞ്ഞുകൂടാ.

ശരിയായ സാഹിത്യം കൃതിയുടെ രചനയിലാണ് അന്തർഭൂതമായിരിക്കുന്നതു്. ഈ രചന വരമൊഴിയിൽ മാത്രമേ ഉണ്ടാവാൻ പാടുള്ളു എന്നില്ല. വായ്മൊഴിയിലുമാവാം. അതു സാഹചര്യങ്ങളുടെ ബാഹുല്യത്തിൽ നിന്നും ആണു പ്രധാനമായി ഉത്ഭവിക്കുന്നതും.

വായ്മൊഴി അധരപുടത്തിൽനിന്നു പുറപ്പെട്ടു സമീപസ്ഥന്മാരുടെ ശ്രവണേന്ദ്രിയങ്ങളിൽ തട്ടി മറയുന്നു; എന്നാൽ ദീർഘവും ഗഹനവുമായ ആശയവിശേഷ

ങ്ങളെ പില്ക്കാലത്തുള്ളവരുടെ ഉപയോഗത്തിനായി ശാശ്വതപ്പെടുത്തുകയോ വിശപ്രചുരമാക്കുകയോ ചെയ്യണമെങ്കിൽ വരമൊഴിയുടെ സാഹായ്യം കൂടാതെ കഴിയുകയില്ല. ഈ സംഗതിതന്നെ ഒന്നുകൂടി വ്യക്തമാക്കാം.

മനുഷ്യന്റെ പ്രസ്തുത സ്വഭാവവൈശിഷ്ട്യം പ്രത്യക്ഷമാകുന്നതു സ്വരരൂപേണയാണു്, ലിപിമൂലമല്ല. അതു് ആരംഭത്തിൽ ശ്രവണേന്ദ്രിയത്തെയാണു ലക്ഷ്യമാക്കുന്നതു്; നേത്രത്തെയല്ല. ഇതിനെയാണു സംഭാഷണമെന്നും ജിഹ്വാപ്രയോഗമെന്നും നാം പറയുന്നതു്. അതുകൊണ്ടാണു ശ്രവണേന്ദ്രിയങ്ങളെ ഉദ്ദേശിച്ചുകൊണ്ടു് എഴുതുന്നവെന്നു തോന്നുമാറു പുസ്തകങ്ങളിലും പത്രങ്ങളിലും "പറയുക" "വിളിക്കുക" "ചെയ്യുക" ഇത്യാദിപദങ്ങളെ സാധാരണമായി നാം പ്രയോഗിച്ചുവരുന്നതു്. ഇതിൽ നിന്നു് ഒരു സംഗതി വിശദമാകുന്നുണ്ടു്. സംഭാഷണമാണു സാഹിത്യത്തിന്റെ ആദിമോല്പത്തി. തന്നിമിത്തം സാഹിത്യത്തിലെ ശാശ്വതമായ വസ്തു സ്വകീയപ്രവൃത്തി ആണെന്നു സിദ്ധിക്കുന്നു.

സാഹിത്യം ഏതോ ഒരാളിൽ നിന്നാണു പുറപ്പെടുന്നതു്. നമ്മുടെ ശ്രവണേന്ദ്രിയത്തിൽ തട്ടുന്ന സ്വരത്തിനു രണ്ടു കൎത്താക്കളുണ്ടാവാൻ പാടില്ലല്ലോ. ഒരേ ഭാഷണം രണ്ടു കൎത്താക്കളുടേതാവുന്നില്ല. അതുപോലെതന്നെ ഒരേ പ്രബന്ധത്തിനും രണ്ടു കൎത്താക്കളുണ്ടാവാൻ നിവൃത്തിയില്ല. പ്രബന്ധകാരൻ സ്വവിചാരങ്ങളും ആലോചനകളും വാഗ്രൂപേണ ചിന്തിക്കുന്നു. ചിന്തകളെ സംഭാഷണരൂപമാക്കുകയോ, സ്വഹസ്തം

കൊണ്ടു് എഴുതുകയോ ചെയ്യുന്നു. ഈദൃശമോ, തത്തുല്യമോ ആയ ആശയങ്ങളും വിചാരങ്ങളും അന്യൎക്ക് ഉണ്ടാവാൻ പാടില്ലെന്നില്ല. പക്ഷേ അവ മററു വിധത്തിലായിരിക്കും പ്രത്യക്ഷമാവുന്നതു്. അഭേദഭാവേന ഏകമായിരിക്കുക അസാദ്ധ്യംതന്നെ. ഇതിൽനിന്നു് ഒരു സംഗതി നമുക്ക് അനുമാനിക്കാം. സാഹിത്യം സ്വകീയതത്വത്തെയാണു പ്രകാശിപ്പിക്കുന്നതു്; പാദാൎത്ഥികതത്വത്തെയല്ല. വിചാരങ്ങളേയാണു്; വസ്തുക്കളേ അല്ല. എങ്കിലും വസ്തുക്കളെ വാങ്മൂലം രേഖപ്പെടുത്തുവാൻ പാടില്ലെന്നു് ഒരുത്തരും ശഠിക്കുകയില്ല. എന്തെന്നാൽ എഴുതുന്ന അഥവാ സംഭാഷിക്കുന്ന ആളിൽനിന്നും വിഭിന്നങ്ങളായ പദാൎത്ഥങ്ങളെ പരാമൎശിച്ചു വാഗ്രൂപേണ വിവക്ഷിക്കാമെന്നു സ്പഷ്ടമാണു്. സ്വകീയതത്വങ്ങളേയെന്നപോലെ തന്നെ ഇവയെ വിവരിക്കുന്നതിനും പദങ്ങളെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. എങ്കിലും ഈ വകകളൊന്നും സാഹിത്യമാവുകയില്ല.

യൂക്ലിഡിന്റെ ക്ഷേത്രഗണിതത്തിലെ പ്രതിപാദ്യവിഷയമെന്താണു്? സാൎവ്വത്രികവും ശാശ്വതവുമായ തത്വങ്ങൾതന്നേ. അവ വെറും വിചാരങ്ങളല്ല. അവയെ നാം ഗ്രഹിച്ചതുകൊണ്ടോ, നമ്മുടെ ബോധത്തിന്നധീനങ്ങളാക്കിയതുകൊണ്ടോ അല്ല അവ സ്ഥിതിചെയ്യുന്നതു്. അവ, വാങ്മൂലം ദൎശിതമാവുന്നുണ്ടെങ്കിലും താദൃശപ്രദൎശനം ഭാഷയാകട്ടെ, സംഭാഷണമാകട്ടെ, സാഹിത്യമാകട്ടെ ആകുന്നില്ല; വെറും ചിഹ്നങ്ങൾ മാത്രം. 'ആൾജിബ്രൈക്കൽ നൊട്ടേഷനും' 'ഫോർമുലാ'യും സാഹിത്യമാണെന്നു വല്ലവരും ശഠിക്കുമോ? ക്ഷേത്രഗണി

തവും കണക്കും മാത്രമല്ല സാഹിത്യസാമ്രാജ്യത്തിൽ നിന്നും ദൂരീകൃതമായിട്ടുള്ളതു്. ശാസ്ത്രീയമായ യാതൊരു പാഠത്തേയും സാഹിത്യമെന്നു വിളിച്ചുകൂടാ.

പദങ്ങളെ വസ്തുക്കളുടെ വെറും വാഹനങ്ങളായിട്ടാണു ശാസ്ത്രം ഉപയോഗിക്കുന്നതു്. അതിനാൽ സരസമായ സാഹിത്യരാഷ്ട്രത്തിൽ ശാസ്ത്രത്തിന്ന് എത്തിനോക്കുവാനേ പാടില്ലാത്തതാണു്. നിയമം, വേദാന്തം, രസതന്ത്രം ഇത്യാദി വിശിഷ്ടവിഷയങ്ങൾ പോലും ശാസ്ത്രീയമായ പ്രതിപാദനത്തിന്ന് അധീനമാകുന്നതായാൽ അവയും സാഹിത്യമാവുകയില്ല. അരിസ്റ്റോട്ടലിൻെറ ഭൂരിപക്ഷകൃതികളും പ്രഥമദൃഷ്ട്യാ സാഹിത്യമെന്നു തോന്നിയേക്കാമെങ്കിലും അവ സാക്ഷാൽസാഹിത്യമല്ല. സ്വമനോധർമ്മസൃഷ്ടികളായിട്ടല്ല അദ്ദേഹം തത്വശാസ്ത്രഗ്രന്ഥങ്ങളെ രചിച്ചിട്ടുള്ളതു്; യഥാർത്ഥവും ബാഹ്യവുമായ തത്വരത്നങ്ങളായിട്ടാണു്.

പ്രത്യുത, വിഷയം എത്ര ഗഹനമോ ശാസ്ത്രീയമോ ആയിരുന്നുകൊള്ളട്ടേ, സഹൃദയാഹ്ലാദകങ്ങളായ ശബ്ദാർത്ഥങ്ങളോടും ചമത്കാരകാരികളായ വാക്യങ്ങളോടും കൂടി പ്രതിപാദിക്കപ്പെടുന്നപക്ഷം ആവക ഗ്രന്ഥങ്ങൾ സാഹിത്യമായിരിക്കുന്നതാണു്. ഇതുപ്രകാരം നോക്കുമ്പോൾ വേദം, ഉപനിഷത്ത്, പുരാണം, ഇതിഹാസം മുതലായ കൃതികളേയും സാഹിത്യകോടിയിൽ ഉൾപ്പെടുത്താം. ഭാരതമാദിയായ ഇതിഹാസങ്ങൾ കാവ്യങ്ങളാണെന്നു്, സാഹിത്യമാണെന്നു്, മഹാഭാരതത്തിൽ തന്നേ പറയുന്നുണ്ടല്ലോ.

"കൃതം മയേദം ഭഗവൻ!
കാവ്യം പരമപൂജിതം"

എന്നു പറഞ്ഞുകൊണ്ടു വേദവ്യാസൻ സ്വകൃതികളെ ബ്രഹ്മാവിന്നു കാണിച്ചുകൊടുത്തപ്പോൾ അദ്ദേഹം ഇങ്ങനെ അനുഗ്രഹപ്രവർഷം ചൊരിഞ്ഞുപോൽ!

"ത്വയാ കാവ്യമിതിപ്രോക്തം
തസ്മാൽ കാവ്യം ഭവിഷ്യതി."

രസധാരാമധുരമായ വ്യാസകൃതികളെ സാഹിത്യസാമ്രാജ്യത്തിൽ ഉൾപ്പെടുത്തുവാൻ സഹൃദയന്മാൎക്കു യാതൊരു വൈമനസ്യവും ഉണ്ടാകാറില്ല.

ശാസ്ത്രത്തെത്തന്നെയും മനഃകല്പിതാശയങ്ങളെ സുലഭമായി പ്രയോഗിച്ചുകൊണ്ടു രചിക്കുന്നതായാൽ സാഹിത്യമാകാൻ പാടില്ലെന്നില്ല. മെക്കാളെപ്രഭുവിന്റെ പല ചരിത്രകൃതികളും ഇതിന്നുദാഹരണങ്ങളായിട്ടെടുക്കാം. എന്നിരുന്നാലും സാഹിത്യവും ശാസ്ത്രവും തമ്മിൽ അജഗജാന്തരമുണ്ട്. ശാസ്ത്രം വസ്തുക്കളേയും, സാഹിത്യം വിചാരങ്ങളേയും ആശ്രയിക്കുന്നു. ശാസ്ത്രത്തിന്നു തത്വപ്രകടനത്തിൽ വാസ്തവികത്വമാണു പ്രധാനം. സാഹിത്യത്തിന്നു രസമാണു മുഖ്യം. ജ്ഞാനവൎദ്ധനവിന്നായി ശാസ്ത്രം വാസ്തവികമായ വിധത്തിൽ തത്വോപദേശം മാത്രം ചെയ്യുന്നു. സാഹിത്യമാകട്ടെ സഹൃദയാഹ്ലാദകമായ രീതിയിൽ, രസഭാവാദികളെക്കൊണ്ടു തത്വശകലത്തിന് അലങ്കാരം വരുത്തി അനുവാചകന്മാരുടെ ബോധത്തെ തട്ടിയുണൎത്തുന്നു.

"കാവ്യം യശസേ/ത്ഥകൃതേ
വ്യവഹാര വിദേശിവേതരക്ഷതയേ
സദ്യഃപര നിർവൃതയേ
കാന്താസമ്മിതതയോപദേശയുജേ."

എന്നുള്ള മമ്മടാചാര്യരുടെ കാവ്യപ്രയോജനനിർദ്ദേശത്തിൽനിന്നും കാന്തയെപ്പോലെ രസിപ്പിച്ച് ഉദ്ദിഷ്ടസിദ്ധി വരുത്തുകയാണു സാഹിത്യത്തിൻെറ വൃത്തിയെന്നു സ്പഷ്ടമാകുന്നു. സ്വതേതന്നെ സമാകർഷകമായ മുഖമാണെങ്കിലും അലങ്കാരമില്ലെങ്കിൽ പ്രകാശപ്രഫുല്ലമാവുകയില്ല.

"നകാന്തമപി നിർഭൂഷം
വിഭാതി വനിതാമുഖം."

സാഹിത്യമെന്നു പറയുന്നതു ഗ്രന്ഥകാരൻെറ സ്വന്തം പ്രയോഗമാണ്. ചരിത്രത്തിൻെറ സ്ഥിതി അപ്രകാരമല്ല. ഓരോരുത്തരുടേയും രചന അവരവരുടേതാണെന്നു സ്പഷ്ടമാണല്ലോ. പലപ്പോഴും വായിച്ചു സുപരിചിതമായ ഒരു ഗ്രന്ഥകാരൻെറ ഭാഷ എവിടെവച്ചു കണ്ടാലും, കർത്താവിൻെറ നാമധേയത്തോടുകൂടിയല്ലെങ്കിലും, അതു് ഇന്നയാളിൻേറതാണെന്നു നമുക്കു നിഷ്പ്രയാസം വിധിക്കാൻ കഴിയും. ഓരോരുത്തർക്കും വ്യക്തി വെവ്വേറെയുള്ളതുപോലെതന്നെയാണു രീതിയും. പദങ്ങളെ കൂട്ടിച്ചേർക്കുന്ന സമ്പ്രദായത്തിനാണു രീതിയെന്നു പറയുന്നതു്; അതിനെ വാഗ്ദേവിയുടെ വസ്ത്രാദിബാഹ്യവേഷസാമഗ്രി എന്നോ, ഗ്രന്ഥകാരന്മാരുടെ രസനാ

ഗ്രത്തിലും തൂലികാഗ്രത്തിലും നൃത്തംചെയ്യുന്ന ദേവിയുടെ വിലാസമെന്നോ പറയുന്നതുകൊണ്ടു വിഷയഗ്രഹണം ഉണ്ടാവുകയില്ല. ആരം തിരിച്ചറിയാൻ സാധിക്കാത്തവിധം രണ്ടു മനുഷ്യർ ഛായയും സ്വരവും ഒത്തുവരാറില്ലല്ലോ; അതുപോലെതന്നെയാണു രീതിയുടെയും സ്ഥിതി. ഇതിനാലാണു സവ്വത്ര രീതിസാമ്യമുള്ള രണ്ടു കൃതികരം കാണ്മാനില്ലാത്തതു്. ഈ രീതിയാണു വ്യക്തി. ഈ വ്യക്തിയാണു സാഹിത്യം.

"രീതിരാത്മാ കാവ്യസ്യ"

എന്നുണ്ടല്ലോ. ഒരാളിൻെറ വിചാരം സ്വകീയമാണു്; ഇതരൻേറതല്ല. അതു സ്വവ്യക്തിയോടുകൂടി ലിഖിത ഭാഷയിൽ പതിഞ്ഞെങ്കിലേ സാഹിത്യമാവൂ. അതു പതിയാത്തതു സാഹിത്യമേയല്ല. സ്വവിചാരം സ്വവ്യക്തിയോടുകൂടിയേ പതിയൂ. വസ്തുസമന്വിതങ്ങളായ വിഷയങ്ങളിൽ വ്യക്തി പതിയുക സുസാധമല്ല; അതുകൊണ്ടു സാഹിത്യം വിഷയാസ്പദമല്ല, ഭാവനാസ്പദമാണു്, എന്നു സിദ്ധിക്കുന്നു.

# II

# ജീവിതപ്രശ്നദ്ദൂതി

മനുഷ്യൻ തന്നത്താനെ എത്രയും വലിയ ഒരു സത്വമായി പരിഗണിക്കുന്നു. പക്ഷെ, പാരമാർത്ഥ്യം ഗാഢമായി പരിചിന്തിക്കുന്നപക്ഷം അവൻ എത്രയും നിസ്സാരനായ സൃഷ്ടിയാണു്. ഈ രഹസ്യം അറിയുന്നവനാർ? അഹംകാരത്തിൻേറയും അഭിമാനത്തിൻെറയും വിജൃംഭണത്താൽ മനുഷ്യൻ മതിമറന്നുപോകുന്നു. ആങ്ഗ്ളേയസാഹിത്യരസികയായ ജോർജ്ജ് എലിയട്ട് പറയുന്നപോലെ, സൂര്യബിംബം എല്ലാദിവസവും ഉദിച്ചുയന്നു വരുന്നതു തൻെറ കൂജനമാധുര്യം ആസ്വദിക്കാനാണെന്നു വിചാരിക്കുന്ന കുക്കുടവും, ഡംഭനായ മനുഷ്യനും തമ്മിൽ യഥാൎത്ഥത്തിൽ എന്തു അന്തരമാണുള്ളതു്?

നമ്മുടെ വാസ്തവികമായ അവസ്ഥയെ ശരിയായി ഗ്രഹിക്കുവാൻവേണ്ടി ഈശ്വരൻെറ പ്രത്യേകാനുഗ്രഹത്താൽ നാം ഭൂമിയിൽനിന്നു സശരീരന്മാരായി ധ്രുവഗോളത്തിലേക്ക് ആനയിക്കപ്പെട്ടുവെന്നു സങ്കല്പിക്കുക. ആ മഹോന്നതസ്ഥാനത്തു് ആസ്ഥാനമുറപ്പിച്ചിരിക്കുന്ന നമുക്കു ഗ്രഹജഗദാകമാനം നിഷ്പ്രയാസം സംവീക്ഷണം ചെയ്യാൻ സാധിക്കും. നമുക്കു സമീക്ഷണപര്യാപ്ത

ങ്ങളായ നേത്രങ്ങളുണ്ടെന്നു വയ്ക്കുന്നപക്ഷം ഗണനാതീതങ്ങളായ താരാസമൂഹങ്ങളും ഗ്രഹസഞ്ചയങ്ങളും സുലഭമായി നമുക്കു ചുററിലും കാണാൻ കഴിയും. ഇവയുടെ മദ്ധ്യേ നമ്മുടെ സ്വന്തം ആദിത്യൻ ദീപ്രമാനനും പ്രോജ്ജ്വലവരനും ആയിട്ടു പരിലസിക്കുന്നു.

ഈ ഗ്രഹപതിയുടെ ചുററിലും ചന്ദ്രകുജഗുർവ്യാഴന്മാരേയും ബുധശനിശുക്രന്മാരേയും നാം കാണുന്നു. "ഉപപ്ലവായ ലോകാനാം ധൂമകേതുരിവോത്ഥിതഃ" എന്നു കുമാരസംഭവപ്രകീർത്തിതമായ കേതുവും അമൃതചോരണത്താൽ ശിരശ്ഛേദം ചെയ്യപ്പെട്ട രാഹുവും തമോഗ്രഹങ്ങളെങ്കിലും സൂര്യ്യചന്ദ്രന്മാർ സഞ്ചരിക്കുന്ന വൃത്തങ്ങൾ തമ്മിൽ യോജിക്കുന്ന സമ്പാതസ്ഥലങ്ങൾ മുഖേന നമ്മുടെ ദൃഷ്ടികൾക്കു ഗോചരീഭവിക്കുന്നു. അനേകകോടി നാഴിക അകലമുള്ള പരിവേഷത്തിലൂടെയാണെങ്കിലും അവയോരോന്നും ഗോളാകൃതിയിൽ പരിവർത്തനസഞ്ചാരം ചെയ്തുകൊണ്ടിരിക്കുന്നു.

കുറേക്കൂടി സൂക്ഷ്മമായി നാം വീക്ഷണം ചെയ്യുമ്പോൾ വേറൊരു ഗ്രഹം നമ്മുടെ ദൃഷ്ടിപഥത്തിൽ എത്തുന്നു. അതേതാണ്? അതിസൂക്ഷ്മദൃഷ്ടി പ്രയോഗിച്ചിട്ടേ അതിനെ നാം കാണുന്നുള്ളു. അത്ര ചെറുതാണ് അത്. നവഗ്രഹങ്ങളുടെ മദ്ധ്യേ ഒരു മണൽത്തരിപോലെ കാണുന്നതും, മഹത്തരങ്ങളും അതിഭീമങ്ങളുമായ ഗ്രഹങ്ങളുടെ ഇടയിൽ കേവലം അദൃശ്യമായി തോന്നത്തക്കവണ്ണം അത്ര ലഘുവുമായ ആ ഗോളം ഏതാണ്? അതാണു നമ്മുടെ ഭൂമി. നാം നിവസിക്കുന്ന വിശാലപ്രപഞ്ചം.

നാം ആസ്ഥാനമുറപ്പിച്ചിരിക്കുന്ന ധ്രുവഗോളത്തിൽനിന്നും നോക്കുമ്പോൾ, ഭൂമി അതിസൂക്ഷ്മമായ ഒരു അണുമാത്രമാണ്. എങ്കിലും അതു സൂര്യനു ചുററും, ദൃശ്യമായ യാതൊരു ആധാരവും കൂടാതെ, നഭോമണ്ഡലത്തിൽക്കൂടി, ക്ലിപ്തമായും അപ്രതിഹതമായും ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു.

തന്നെ ആശ്രയിച്ചിരിക്കുന്ന നദികളേയും സമുദ്രങ്ങളേയും വൃക്ഷങ്ങളേയും വനങ്ങളേയും ശിലകളേയും ശൈലങ്ങളേയും മാത്രമല്ല, കെട്ടിടങ്ങളേയും പട്ടണങ്ങളേയും "ആനകളേയും പൂനകളേയും", നരനേയും വാനരനേയും, എന്നുവേണ്ടാ കോടാകോടി ചരാചരങ്ങളേയും നിഷ്പ്രയാസം വഹിച്ചുകൊണ്ടു ഭൂമി, ജമ്മൻെറ വലിയ തോക്കിൽനിന്നും നിർഗ്ഗമിക്കുന്ന ഡം ഡം ഉണ്ടയെ വെല്ലുന്ന വേഗത്തിൽ പരിവത്തനം ചെയ്യുന്നു.

ഇതരസൃഷ്ടികളുടെ ഗണത്തിൽ ഭൂമി എത്രയോ ചെറിയ ഒന്നാണ്! മഹാസമുദ്രങ്ങളിലെ ഒരു തുള്ളി വെള്ളം! മണൽത്തട്ടിലെ ഒരു തരിമണൽ. എങ്കിലും ഈ കൊച്ചുലോകത്തിൽവച്ചു മനുഷ്യൻ അവൻെറ നിയതിയെ അടയണം. അതാണ് അവൻെറ താൽക്കാലികജീവിതത്തിൻേറയും പരിശ്രമങ്ങളുടേയും പരമോദ്ദേശ്യം.

ഇങ്ങനെ ഭൂമിയെ സംവീക്ഷണം ചെയ്തശേഷം, നമുക്കു ഭൂമിയിൽ ഇറങ്ങി തൽക്ഷണം ജാതമായ ഒരു ശിശുവിനെപ്പററി ചിന്തിക്കാം. അതിൻെറ മാനസിക പ്രവത്തനത്തെത്തന്നെ നമുക്കു ആദ്യം പര്യാലോചിക്കാം. എന്തെന്നാൽ ഈ അപത്യത്തിൽ നമ്മുടെ പ്രതിശ്രു

പവും മാതൃകയും കാണുന്നതിനാൽ അതുവഴി എല്ലാ മനുഷ്യാത്മാവിൻെറയും പ്രബോധനങ്ങളും നിരീക്ഷണങ്ങളും നമുക്കു പരിശോധിക്കാവുന്നതാണല്ലോ. ഈ ലോകത്തിലേയ്ക്കുള്ള അതിൻെറ ഇദംപ്രഥമമായ പ്രവേശവേളയിൽ, പ്രജ്ഞാവിഹീനമായ ഒരു സത്വത്തെപ്പോലെ അതു് അങ്ങോട്ടും ഇങ്ങോട്ടും സാഹചര്യങ്ങൾക്കധീനമായി ആനയിക്കപ്പെടുന്നു. കാലക്രമേണയാകട്ടെ, വലിയൊരു അന്തരം അതിൽ വന്നുവശമാകുന്നു. ശരീരം ക്രമശഃ സംവർദ്ധനാവസ്ഥ പ്രാപിക്കുകയും, മനസ്സു വികസിതമാവുകയും ചെയ്യുന്നു.

ദിനമുഖത്തിങ്കൽ ആദിത്യദ്യുതി പൂർവ്വശൈലനിരയെ സാവധാനം അപഹരിച്ചു പരിലസിക്കുന്നതുപോലെ, ശിശുവിൻെറ ചിച്ഛക്തി ക്രമേണ ഉദയം ചെയ്തു വിജൃംഭണം ചെയ്യുന്നു. ആശ്ചര്യഭരിതമായ നേത്രങ്ങളോടുകൂടി ബാലൻ ഭൂമിയുടെ നാനാഭാഗത്തേയ്ക്കും നോക്കുന്നു. തത്സമയം,

"മലയും ഗുഹയും മൃഗങ്ങൾതൻകുലവും കാടും"
"കാട്ടാനക്കൂട്ടങ്ങളും കടുവാ പുലികളും
കാട്ടുപന്നികൾ ചെന്നായ് കരടീകുരങ്ങുകൾ"

എന്നുവേണ്ട,

"പ്ലാവും മാവും ഫലഭരമെഴും
മററു വൃക്ഷങ്ങളും പൂ-
ങ്കാവും ഭൂവിൽ സുരതരുവതാം
കേരവും കോരകങ്ങൾ
തൂവും പൂവമ്പനു ശരമതായ്
പിച്ചിയും മെച്ചമോടെ"

അവൻ കാണും.

ഇവയെല്ലാം നിന്നിമേഷമായി നമ്മുടെ ബാലൻ നോക്കിക്കണ്ടു എന്ന പറഞ്ഞാൽ കഴിഞ്ഞല്ലോ. അവന്റെ ഹൃദയതന്തു വല്ലാതെ ഇളകിവശായി. അവന്റെ മനോവികാരങ്ങൾ അതിദ്ധടിതി ഉത്തേജനം ചെയ്യപ്പെട്ടു. അവന്റെ കൌതുകബോധത്തെയും അന്വേഷണബുദ്ധിയേയും ആരോ തട്ടി ഉണർത്തിയതുപോലെ അവന്ന തോന്നി. അവൻ ആത്മഗതം ചെയ്തു.

"ഞാൻ ഇവിടെ എങ്ങനെ വന്നു?". "ഞാൻ എന്തിനാണ് ഇവിടെ ആഗതനായതു്?" "ഞാൻ എങ്ങോട്ടാണു പോകുന്നതു്?". ഈ പ്രശ്നത്രയത്തിന്റെ അർത്ഥമെന്തു്? ജീവിതപ്രശ്നതതിയുടെ സമാധാനം തന്നെ എന്താണു്?"

ഭൌമികാധിവാസത്തിൽ നിന്നുകൊണ്ടു നമ്മുടെ ബാലൻ പരിതഃസ്ഥാനങ്ങളെ വീക്ഷണം ചെയ്യുന്തോറും പരദേശത്തു വന്നിറങ്ങിയ ഒരു വിദേശീയനാണു താൻ എന്നുള്ള ബോധം അവനെ വിവശനാക്കാതിരിക്കയില്ല. "ഇതാ അക്കാണുന്ന പർവ്വതങ്ങളെല്ലാം മുമ്പേതന്നെ അവിടെ ഉണ്ടായിരുന്നു. ഞാൻ ജനിക്കുന്നതിനു വളരെക്കാലം മുൻപുതന്നെ അക്കാണുന്ന നദികളും പാറക്കെട്ടുകളും ജലപാതങ്ങളുമെല്ലാം അവിടെയുള്ളവയാണു്. ഞാൻ മാത്രമേ നവീനമായി ആഗതനായിട്ടുള്ളു. ഞാൻ മാത്രമേ ആഗന്തുകനായിട്ടുള്ളു." എന്നല്ലാമാണു് ആ ബാലന്റെ ആത്മഗതങ്ങൾ.

അന്തരീക്ഷത്തെ രശ്മിപാതംകൊണ്ടു പ്രകാശമാനമാക്കുന്ന ആദിത്യനെ സമീക്ഷണം ചെയ്യുമ്പോൾ ബാ

ലൻ വീണ്ടും വിചിന്തനം ചെയ്യുന്നു. "എന്തു്? ഞാനുണ്ടാകുന്നതിന്നു് എത്ര വർഷശതങ്ങൾ മുമ്പുമുതൽ ഈ കുട്ടിസൂര്യൻ ഇളംകതിരുകൾ അയച്ചുകൊണ്ടിരിക്കുന്നു? എത്ര തലമുറകളായി ജനങ്ങൾ സൂര്യൻെറ കിരണകന്ദളസുഖാനുഭൂതിയിൽ ലയിച്ചു സുഷുപ്തി അടഞ്ഞിരിക്കുന്നു! അവരെല്ലാം അന്തരിച്ചു. സൂര്യനോ, ഇന്നും അക്ഷയവസ്തുവായി സ്ഥിതിചെയ്യുന്നു!" അനന്തരം നമ്മുടെ ബാലൻ കടൽത്തീരം സമീപിച്ചു് അതിഗംഭീരമായ സാഗരത്തേയും അതിലെ കല്ലോലജാലങ്ങളേയും ദർശിക്കവേ ഇങ്ങനെ വിചാരിക്കുന്നു. "എത്രശതം തലമുറകളായി ഈ സമുദ്രവീചികൾ മുമ്പോട്ടും പിമ്പോട്ടും അടിക്കുകയും അടങ്ങുകയും ചെയ്യുന്നു! ഞാൻ മാത്രം അഭിനവമായി ഈ പുളിനത്തിൽ വന്നിറങ്ങി."

പിന്നീടു് ഒരു ശ്മശാനം. അവിടെ പല കല്ലുകൾ അവൻെറ ദൃഷ്ടിപഥത്തിൽ എത്തുന്നു. ചിലതു പുരാതനങ്ങൾ. മററു ചിലതു് അധുനാതനങ്ങൾ. അവയെ പരിശോധിക്കുമ്പോൾ കല്ലറകളുടെ അടിയിൽനിന്നു ചില ശബ്ദങ്ങൾ കേൾക്കുന്നതുപോലെ അവനു തോന്നുന്നു. "ഇന്നു ഞാൻ ഇവിടെ കിടക്കുന്നു. നാളെ നിനക്കും ഇവിടെ കിടക്കേണ്ടിവരും. നിൻെറ ശരീരത്തേക്കാൾ എൻേറതിനു രൂപലാവണ്യം അധികമുണ്ടായിരുന്നു. നിന്നെപ്പോലെതന്നെ പഠിച്ചു് കളിച്ചു് പരീക്ഷകൾ പാസ്സായി ഞാനും വളന്നുവന്നു. എൻെറ ആനന്ദങ്ങൾക്കു് ഏതെങ്കിലും അവസാനമോ, എനിക്കുതന്നെ മരണമൊ ഉണ്ടാകയില്ലെന്ന ദൃഢവിശ്വാസത്തോ

ടെയാണു ഞാൻ ജീവിച്ചതു്. പക്ഷേ എന്റെ ദിവ സംവന്നു. സ്നേഹിതന്മാരും ശത്രുക്കളും എന്നെ വെടിഞ്ഞു. ജീവിതനാടകത്തിലെ അവസാനരംഗം ഞാൻ അഭിനയിച്ചു. കലാശമായി കർട്ടൺ വീണു. എന്റെ മൃതശരീരം ചിലർ കുഴിയിലിട്ടു മൂടി. പ്രേതത്തെ ആച്ഛാദനം ചെയ്ത കല്ലുകൾ ഇപ്പോൾ നീ വീക്ഷിക്കുന്നു. എന്നാൽ ഞാൻ പോന്ന വഴിയേയാണു നീയും നടക്കുന്നതു്. നിന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു. നീ അചിരേണ എന്നോടുകൂടി ശയിക്കും."

അഹോ! നമ്മുടെ ജീവിതം സാക്ഷാൽ ക്ഷണഭംഗുരം തന്നെ. ഇന്നു നാം ജീവിക്കുന്നു. നാളെയൊ? എന്തിനോടാണു നമ്മുടെ ജീവിതത്തെ ഉപമിക്കേണ്ടതു്. സമുദ്രത്തിൽക്കൂടി ഗമിക്കുന്ന യാനപാത്രത്തോടോ? കപ്പൽ, ജലസഞ്ചയത്തെ ചലിപ്പിച്ചു പ്രയാണംചെയ്യുന്നു. സ്വല്പനിമിഷത്തിനുള്ളിൽ ജലചലനം നിലയ്ക്കുന്നു. അതാ! ഒരു പക്ഷി വിയന്മാർഗ്ഗത്തിൽ പറക്കുന്നു. ഇപ്പോൾ കണ്ടു, പിന്നെ കാണ്മാനില്ല. അന്ധകാരത്തിൽ കാണുന്ന ഒരു മിന്നൽപോലെയാണു ജീവിതം. പെട്ടെന്നു് ഇരുട്ടു മാറി സർവവും പ്രകാശിക്കുന്നു. പക്ഷെ ഉത്തരക്ഷണത്തിൽ തമോദേവി പ്രകാശത്തെ ഗ്രസിച്ചുകളയുന്നു.

ഈ ഉപന്യാസം വായിക്കുന്നവരിൽ ആരെങ്കിലും ഒരു നൂറു വർഷങ്ങൾക്കു മുൻപു ജീവിച്ചിരുന്നുവൊ? നിങ്ങളിൽ ഒരുത്തരും അക്കാലത്തു് ഇഹലോകവാസത്തിനു ക്ഷണിക്കപ്പെട്ടിട്ടില്ലായിരുന്നുവെന്നു നി

സ്സംശയമാണ്. ഇനി ഒരു നൂറു വർഷങ്ങൾക്കു ശേഷം നിങ്ങളിൽ ഒരുത്തരും ഉണ്ടായിരിക്കയില്ലെന്നുള്ളതും നിർവിവാദമാണ്. രണ്ടു നിത്യതകളെ തമ്മിൽ സംഘടിപ്പിക്കുന്ന ഒരു നിക്ഷേപചിഹ്നംമാത്രമാണു ജീവിതം. നമുക്കു മുമ്പുണ്ടായിരുന്ന ഭൂതകാലനിത്യതയും, നാം അചിരേണ ചെന്നെത്തുവാനിരിക്കുന്ന അനാഗതാനന്ത്യവും ഉണ്ട്. ഇവ തമ്മിൽ നമ്മെ ബന്ധിപ്പിക്കുന്നതു് ഒരു വിനാഴികമാത്രമാണ്. പക്ഷെ, ആ ഏകവിനാഴികയിലാണു നമ്മുടെ അനന്തഭാവി സ്ഥിതിചെയ്യുന്നതു്.

നമ്മുടെ ബാലൻ അവൻെറ അന്വേഷണബുദ്ധി പൂർവ്വാധികം ഉത്തേജിപ്പിച്ചുകൊണ്ടു ചോദിക്കുന്നു. "ഞാൻ എങ്ങനെ ഈ പ്രപഞ്ചത്തിൽ എത്തി. ഞാൻ സ്വയംഭൂവല്ലെന്നു നിർവ്വിവാദമാണ്. എൻെറ ആഗ്രഹമോ അനുമതിയൊ പ്രകാരമല്ല ഞാനിവിടെ വന്നുചേർന്നതു്. എൻെറ മാതാപിതാക്കന്മാർ വെറും ഉപകരണങ്ങൾ മാത്രം. അവർ ഏതദ്വിഷയത്തിൽ അന്ധപരായുധങ്ങളാണ്. എൻെറ ശരീരത്തിൻെറ വിസ്മയനീയമായ ഘടനാപ്രകൃതിപോലും അവക്കു വിദിതമല്ല. എൻെറ ശരീരത്തിലെ ഓരോ അവയവവും, മാംസപേശിയും അസ്ഥിപഞ്ജരവും അസ്ഥിബന്ധവും എല്ലാം കൂടി ഒരു ജീവൽസത്വമായി പരിണമിച്ചിരിക്കുന്നു.

ഇതാണു സൃഷ്ടികർമ്മം: ഇതുതന്നെ ദിവ്യമായ പ്രവൃത്തി. ഈദൃശമായ ഒരു കൈവേല ചെയ്യുവാൻ മനുഷ്യനു സാധിക്കുമെന്നു് ആത്മവിശ്വാസത്തോടുകൂടി പറ

യുവാൻ ആർക്കു ധൈര്യമുണ്ടാകും? മണ്ണിൽക്കൂടി ഇഴഞ്ഞു നടക്കുന്ന നിസ്സാരസത്വമായ ഒച്ചിനേയോ കാററിൽ ചാഞ്ചാടിക്കളിക്കുന്ന ഞാങ്ങണയേയോപോലും നിർമ്മിക്കുവാൻ കഴിയാത്ത മനുഷ്യകീടമാണോ മനുഷ്യജീവിയെ ഉണ്ടാക്കുന്നത്?

സസ്യശാസ്ത്രപടുക്കളും, ജന്തുവിജ്ഞാനവിദഗ്ദ്ധരും പരിണാമവാദവിചക്ഷണരും ഒത്തുചേരട്ടെ. ഭൂലോകാരംഭംമുതൽ നാളതുവരെയുള്ള സർവ്വവിധശാസ്ത്രസംഹിതയും ശാസ്ത്രജ്ഞസമിതിയും ഏകോപിച്ചു പ്രയത്നിക്കട്ടെ. നോക്കുന്നിടത്തെല്ലാമുള്ളതും ചെററക്കുന്നുമ്പുറത്തുപോലും കുരുക്കുന്നതുമായ കൊങ്ങിണിയെ, നിസ്സാരവും ആർക്കും വേണ്ടാത്തതുമായ തകരയേയോ, അതും വേണ്ടാ ഒന്നിനും കൊള്ളാത്ത ഒരു കൊന്തൻപുല്ലെങ്കിലുമോ സൃഷ്ടിക്കുന്നതിനു നാസ്തികവാദികളും പരിണാമവാദികളും ശ്രമിക്കട്ടെ.

അസാദ്ധ്യം. വെറും മൌഢ്യം. പിന്നയല്ലേ സകലലോകസന്തോഷസന്ദായകനായ സൂര്യനേയും, രാത്രിഞ്ചരന്മാരായ അധ്വനീനന്മാർക്കു സന്തോഷാശ്വാസങ്ങളെ പ്രദാനം ചെയ്യുന്ന ചന്ദ്രനേയും തമോധ്വംസകങ്ങളായ മററു ആകാശഗോളങ്ങളേയും ഉണ്ടാക്കുക!

പിന്നെ എങ്ങനെയാണ് എൻെറ ആവിർഭാവം? മനുഷ്യനേക്കാൾ ശ്രേഷ്ഠസ്ഥാനിയായ ഒരാളായിരിക്കണം തൽക്കർത്താവ്. മനുഷ്യൻെറ ബുദ്ധിയേയും മനസ്സിനേയും അതിലംഘിക്കുന്ന ഒരു ബുദ്ധിയും മനമാണ് എന്നൊസ്സ

ഉല്പാദിപ്പിച്ചതു് എന്നുള്ളതിന്ന സംശയമില്ല. ആ ശ്രേഷ്ഠമായ പ്രജ്ഞാവിശേഷത്താലും ആജ്ഞാശക്തിയാലും നിഷേവിതമായ സത്വത്തേയാണു നാം ഈശ്വരൻ എന്നു് അഭിസംബോധനം ചെയ്യുന്നതു്. അതെ, പ്രസ്തുത പ്രശ്നത്തിന്ന സമാധാനം കണ്ടുകിട്ടി. ദൈവമാണു് എന്നെ സൃഷ്ടിച്ചതു്. എൻെറ ആസ്തിക്യഹേതുവും മററാരുമല്ല. ദൈവമാണു് എന്നെ ഇഹത്തിൽ കൊണ്ടു വന്നുവിട്ടതു്.

ദൈവമാണു് എൻെറ കൎത്താവെങ്കിൽ ഞാൻ അദ്ദേഹത്തിൻേറതാണല്ലോ. എന്നെ സൃഷ്ടിച്ചതു ദൈവമാണെങ്കിൽ ഞാൻ അദ്ദേഹത്തിൻെറ സ്വന്തമാണല്ലോ. അദ്ദേഹം എൻെറ നാഥനും രക്ഷാകൎത്താവുമാണു്. ചിത്രലേഖകൻ വരയ്ക്കുന്ന ചിത്രങ്ങൾ അയാളുടേതാണെന്നു നാം പറയുന്നു. മാർബിൾപ്രതിമകളുടെ കർതൃത്വം ശില്പികളിൽ ആരോപിക്കപ്പെടുന്നു. എന്നാൽ ഇതിലെല്ലാം കൂടുതൽ ന്യായത്തോടുകൂടി ഞാൻ എൻെറ ദൈവത്തിൻേറതാണെന്നു പറയേണ്ടിയിരിക്കുന്നു. "അതെൻേറതാണു്, ഇതെൻേറതാണു്" എന്നെല്ലാം നാം മിഥ്യാലാപം ചെയ്യുന്നു!

ഞാൻ രസസമ്പുഷ്ടമായ ഒരു കവിത എഴുതി ഒരു മനോഹരചിത്രം വരച്ചു. ഒരു കമനീയമായ ശിലാപ്രതിമ കൊത്തിയുണ്ടാക്കി. ഇവയെല്ലാം എൻേറതാണെന്നു ഞാൻ അഭിമാനിക്കുന്നു. എങ്കിലും ഞാൻ എന്താണു ചെയ്തതു്? മുമ്പുതന്നെ സ്ഥിതിചെയ്തിരുന്ന ഏതാനും ആശയങ്ങളേയും ശിലകളേയും ചായങ്ങളേയും

കൂട്ടിയിണക്കി അവയ്ക്കു് ഒരു നവീനവും ആകർഷകവുമായ രൂപം നൽകി; അത്രമാത്രം. ഈശ്വരനൊ? എന്നെ നാസ്തിക്യത്തിൽ നിന്നും ആസ്തിക്യത്തിലേയ്ക്കു് അഭിസംബോധനംചെയ്തു. മുമ്പു ഞാൻ ഇല്ലായിരുന്നു, ഇപ്പോൾ ഉണ്ടായി. ആസ്തിക്യവും നാസ്തിക്യവും തമ്മിൽ രൂപത്തിൽ ഒരേ ഒരു ലിപിയുടെ വ്യത്യാസമേയുള്ളൂ പക്ഷെ അത്ഥത്തിൽ എത്രയൊ വലിയ അന്തരം.

ദൈവത്തിൻെറ സർവ്വവല്ലഭവും പ്രയോഗിച്ചാണു സൃഷ്ടികമ്മം നടത്തുന്നതു്. ഇതു ഒരു വലിയ അധീനതപമാണു്. ഈശ്വരനാണു് എൻെറ നിമ്മാതാവെങ്കിൽ അദ്ദേഹത്തിനു ഞാൻ സവ്വഥാ വിധേയനാണു്. ദൈവത്തെ ആരാധിക്കുവാനും വണങ്ങുവാനും സ്നേഹിക്കുവാനും ഞാൻ നിർബ്ബന്ധിതനാണു്. അദ്ദേഹത്തിൻെറ മനസ്സുപോലെ എന്നോടു പ്രവത്തിക്കാം. അദ്ദേഹത്തിൻെറ അഭീഷ്ടം എന്താണെന്നു് അറിയുന്ന ക്ഷണത്തിൽ തദനുസരണം പ്രവത്തിക്കുകയാണു് എൻെറ ധമ്മം. എന്തിനാണു് അദ്ദേഹം എന്നെ നാസ്തിക്യത്തിൽനിന്നും ആസ്തിക്യത്തിലേയ്ക്കു് ആനയിച്ചതെന്നുള്ള സ്വാഭാവികപ്രശ്നത്തിനു യഥായോഗ്യമായ സമാധാനം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എൻെറ ഭാവാവസ്ഥകൊണ്ടു ദൈവത്തിനു് എന്തെങ്കിലും കാര്യം സാധിക്കണമെന്നുണ്ടായിരുന്നുവോ?

അതീതമായ കാലഘട്ടത്തിൽ എൻെറ ആസ്തിക്യം അദ്ദേഹത്തിനു് ആവശ്യമില്ലായിരുന്നു. ഇനിയും ആവശ്യമില്ല. സർവ്വവല്ലഭനും അപരിമിതഗുണവാനുമായ അദ്ദേഹത്തിനു് എന്നെക്കൊണ്ടു സാധിക്കേണ്ടതായ യാ

തൊന്നും ഉണ്ടാവാനിടയില്ല. സർവ്വസൗഭാഗ്യനിധിയും സർവ്വപരിപൂർണ്ണതാസമ്പന്നനുമായ ദൈവത്തിന് ആരുടേയും സാഹായ്യം ആവശ്യമില്ലതന്നെ. അദ്ദേഹത്തിന്റെ സൃഷ്ടിയിൽ ജഗത്സർവ്വസ്വം തന്നെ എന്താണ്? വെറും ശൂന്യം. ആകാശവും ഭൂമിയും മനുഷ്യനും ദൈവദൂതനും സൂര്യനും നക്ഷത്രങ്ങളും എല്ലാം മായ. പ്രഭാതവേളയിൽ ദിവാകരകരവിതട്ടി പ്രകാശിക്കുന്ന ഹിമകണം. ആ സ്ഥിതിക്ക് എന്റെ ആസ്തിക്യം അദ്ദേഹത്തിന്റെ നിസ്സീമമഹിമാവിനെ വർദ്ധിപ്പിക്കുവാനോ നിത്യാനന്ദത്തെ പുഷ്ടിപ്പെടുത്തുവാനോ എങ്ങനെ സമർത്ഥമാവും?

പിന്നെ സൃഷ്ടിയുടെ കാരണമെന്ത്? ഈശ്വരന്റെ സ്വാഭാവികനന്മയും സഹജസ്നേഹവും മാത്രമാണ് അതിന്റെ ഹേതു. പ്രസരണശീലം നന്മയുടെ പ്രകൃതിസ്ഥമാണ്. ദൈവികനന്മ അനുഭവിക്കുവാൻ സത്വവർഗ്ഗത്തിന്റെ ആവിർഭാവം അവശ്യകരണീയമാണ്. ഭാസുരനായ സൂര്യൻ സ്വയംദീപ്തിമത്തായിരിക്കുന്നതുപോലെ, നിജമയൂഖശ്രേണികളെ വർഷിച്ചു സർവ്വചരാചരങ്ങളേയും ആനന്ദത്തിൽ ആറാടിക്കുന്നില്ലയോ! ഏതാണ്ടിതുപോലെതന്നെ സ്വയം അനന്തസ്നേഹവും അമേയനന്മയും ആയ ദൈവം സ്വനന്മയേയും സ്നേഹത്തേയും സത്വജാലങ്ങളിലും ഉളവാക്കി അവയെ ആനന്ദിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. തന്നിമിത്തമാണ് അദ്ദേഹം എന്നെയും സൃഷ്ടിച്ചത്.

അതെ, നിഷ്കാമവും മിശ്രവിഹീനവുമായ സ്നേഹമൊന്നുമാത്രമാണു സൃഷ്ടികർമ്മത്തിന്റെ നിമിത്തം. "കണ്ടാലും! അക്ഷയമായി നിന്നെ ഞാൻ സ്നേഹിച്ചതുകൊണ്ടു ശൂന്യത്തിൽനിന്നു നിന്നെ ഞാൻ ഉരുവാക്കി."

# III

## ഖണ്ഡകാവ്യവും കാവ്യഖണ്ഡവും.

കാലസ്ഥിതിക്കു യോജിച്ച നവ്യനവ്യപഥങ്ങളെ സ്വീകരിക്കുന്നതിൽ, ഭാഷാകവിത ഒട്ടുംപിന്നോക്കമായി കാണുന്നില്ല. മുൻകവിതകളെ അപേക്ഷിച്ച്, ഇപ്പോഴത്തെ പദ്യകൃതികൾ ആശയവൈവിധ്യത്തിലും ആകൃതിഭേദത്തിലും വളരെ വ്യത്യസ്തമായി നില്ക്കുന്നു. ഇപ്പോഴത്തെ വലിയ കാവ്യങ്ങളിൽപോലും, പഴയ മഹാകാവ്യലക്ഷണങ്ങളെ തേടേണ്ട ആവശ്യമില്ല. പ്രാചീനകാവ്യങ്ങളിലെ പ്രശസ്തലോകത്തിൽ മാമൂൽപടി തഴച്ചുവന്നിട്ടുള്ളവയെങ്കിലും ഇപ്പോഴത്തെ കാലസ്ഥിതിക്ക് അനുഭവസാക്ഷ്യങ്ങളല്ലാത്ത പ്രസംഗം ആധുനികദൃഷ്ടിയിൽ അനുചിതമായി വരികയേ ഉള്ളു.

ഇംഗ്ലീഷ് കവിതയുടെ രീതിയിലുള്ള നവീനാശയസംപ്രാപ്തിയാണ് ഇന്നത്തെ രസജ്ഞന്മാരുടെ സാദരപ്രതീക്ഷ. എന്നുതന്നെയല്ല, പദ്യകൃതികൾ സാമാന്യത്തിലധികം നീണ്ടുപോയാൽ അതുതന്നെ ആക്ഷേപാർഹമായി ഭവിച്ചിരിക്കുന്ന കാലഘട്ടമാണ് ഇതു്. ഇതിനുള്ള കാരണം, കൂടുതൽ ജീവിതമാത്സര്യത്തിൽ ഏർപ്പെടേണ്ടിവന്നിരിക്കുന്ന ബഹുജനങ്ങൾക്കു നീണ്ടകൃതികൾ

വായിക്കാനുള്ള സമയക്കുറവോ, ഇത്തരം കൃതികൾക്കു പണ്ടുള്ള മഹാകാവ്യങ്ങൾക്കുണ്ടായിരുന്നപോലെ വിദൂരരസസമ്പത്തിയെ നിലനിറുത്തിക്കൊള്ളുവാനുള്ള ശക്തിയുടെ അഭാവമോ, സഹൃദയന്മാരുടെ കാലോചിതമായ അഭിരുചിഭേദമോ ആയിരിക്കാം; ഏതുമാകട്ടെ, ആളുകൾക്ക് ഇപ്പോൾ ചെറുപദ്യകൃതികൾ വായിക്കുന്നതിൽ മാത്രമേ താല്പര്യം കാണുന്നുള്ളു എന്നതു് ഒരു വസ്തുതതന്നെയാണു്.

ഇനി ബാഹ്യാകൃതിയെ സംബന്ധിച്ചു നോക്കുന്നതായാൽ, ഭാഷാകവിതയ്ക്കു സ്വയമേ യോജിച്ചുകാണുന്ന വൃത്തം ദ്രാവിഡവൃത്തമോ സംസ്കൃതവൃത്തമോ എന്നുള്ള വാദപ്രതിവാദവും ഇപ്പോഴത്തെ പരിഷ്കാരത്തിരക്കിൽ കടന്നുകൂടിയിട്ടുള്ളതാണു്. മലയാളഭാഷയ്ക്കു സംസ്കൃതത്തിനോടുള്ളതിനേക്കാൾ ജാതീയബന്ധം ദ്രാവിഡഭാഷകളോടാണെന്നുള്ള മതം പ്രചരിച്ചതോടുകൂടി, മലയാളികൾക്കു ദ്രാവിഡവൃത്തത്തോടു കൂടുതൽ ഭക്ത്യാദരം താനെ തോന്നിത്തുടങ്ങിയെന്നല്ലാതെ, വൃത്തഭേദം പദ്യകൃതിയുടെ കാവ്യഗുണത്തെ കാൎയ്യമായി സ്പർശിക്കുമോ എന്നു വളരെ സംശയിക്കണം. "കുടത്തിൽ കൊൾവതേ കൊള്ളു കടലിൽത്തന്നെ മുക്കിലും" എന്ന മട്ടിൽ മനോധൎമ്മവ്യാപ്തിക്കനുസരണമായ കാവ്യഗുണം മാത്രമേ, ഏതു ബാഹ്യരൂപത്തിൽ കൂടിയായാലും, പ്രത്യക്ഷമാകുകയുള്ളു. ശ്ലോകങ്ങൾക്കു ദ്വിതീയാക്ഷരപ്രാസനിഷ്കൎഷയെന്നപോലെയാണു ഭാഷാകവിതയ്ക്കു ദ്രാവിഡവൃത്തം ഇപ്പോൾ ഏറെക്കുറെ സജാതീയമെന്നു വാദിച്ചുവരാറുള്ളതു്.

ഏതായാലും ലോകാഭിരുചി അറിഞ്ഞു കൃതികഠം രചിച്ചെങ്കിലേ ഫലസിദ്ധി ഉണ്ടാകയുള്ളൂ. മലയാളഭാഷയിലുള്ള കവിതാസരണികളിൽ ഇപ്പോഠം ആളുകളെ രസിപ്പിക്കുന്നതു്, ദ്രാവിഡവൃത്തത്തിൽ രചിക്കപ്പെടുന്ന ചെറുതരം പദ്യഖണ്ഡങ്ങളാണെന്നു പൊതുവിൽ പറയാം. അഥവാ സംസ്കൃതവൃത്തമായിരുന്നാൽ തന്നെയും പതിനഞ്ചക്ഷരത്തിൽ കവിയാത്ത പാദങ്ങളോടുകൂടിയതും, ദ്വിതീയാക്ഷരപ്രാസനിഷ്കർഷയില്ലാത്തതും, പുതിയ ആശയങ്ങളോടുകൂടി ശുദ്ധ മലയാളഭാഷയിൽ ചമച്ചിട്ടുള്ളതും, ആണെങ്കിൽ അങ്ങനെയുള്ള പദ്യഖണ്ഡങ്ങളെയും ഇക്കൂട്ടത്തിൽ എണ്ണാം.

ഇപ്പറഞ്ഞവ കേവലം ബാഹ്യരൂപത്തെ മാത്രമേ കുറിക്കുന്നുള്ളൂ. എന്നാൽ കാവ്യത്തിൻെറ ആഭ്യന്തരഗുണങ്ങളെക്കുറിച്ചു വേറെ പല നിഷ്കർഷകളുമുണ്ടു്. ഒന്നാമതു നല്ല കല്പനാശക്തികൊണ്ടു കവിത സമഞ്ജസവും കൂടുതൽ സങ്കല്പോല്ലാദനങ്ങഠംക്കു വഴികൊടുക്കുമാറു ചിന്താമൂലകവും ആയിരിക്കണം. ഇതാണു ടാഗ്ഗൂർപ്രസ്ഥാനത്തിൻെറ പ്രധാനലക്ഷണം. പറയാനുള്ളതു മുഴുവൻ തുറന്നുപറയാതെ വായനക്കാർ സ്വയം ഊഹാപോഹശക്തിയാൽ പൂരിപ്പിച്ചു് അറിഞ്ഞുകൊള്ളുവാൻ മാർഗ്ഗങ്ങളുണ്ടാക്കിക്കൊടുക്കുന്ന ഇത്തരം കവിതയ്ക്കു് അവയുടെ ഈ ഉപബൃംഹണപ്രകൃതികൊണ്ടു് ഒരു തരം ഗാംഭീര്യം വന്നുചേരുന്നതാണെല്ലോ.

രണ്ടാമതു ശബ്ദഭംഗിയേക്കാഠം അർത്ഥസ്വാരസ്യത്തിനാണു പ്രാധാന്യം കൊടുക്കേണ്ടതെങ്കിലും ആകപ്പാടെ കേഠംവിക്കു് ഇമ്പം കൊടുക്കുന്ന ശയ്യാഗുണം കൂടി

യേതീരൂ. അങ്ങനെയുള്ളവയാണു "സുഖമുള്ള കവിത" എന്ന മതിപ്പിന്നു പാത്രീഭവിക്കാറുള്ളതു്. ധാരാളമായുള്ള ദ്രാവിഡപദപ്രയോഗം ഇപ്പറഞ്ഞ ശ്രവണസുഖമുണ്ടാക്കിക്കൊടുക്കുന്ന ഉപകരണങ്ങളിൽ പ്രധാനമത്രെ. സംസ്കൃതവിഭക്ത്യന്തങ്ങളോടുകൂടിയ പദപ്രയോഗം ഭാഷയായിത്തന്നെ ഗണിപ്പാൻ ഇപ്പോൾ ന്യായമില്ലാത്തതിനാൽ അവ ഇപ്പോൾ മലയാളകവിതയ്ക്കു് അഭംഗിയായും ദോഷമായും പരിണമിച്ചിരിക്കുന്നു.

മൂന്നാമതായി, ആകപ്പാടെയുള്ള പരിമിതിക്കുള്ളിൽ ഒതുങ്ങിച്ചേരത്തക്ക വർണ്ണനകൾ മാത്രമേ പാടുള്ളൂ. വല്ലാതെ മുഴച്ചുകാണുന്ന വൃഥാസ്ഥൂലങ്ങളോ, വേണ്ടാത്ത അംശങ്ങളെപ്പററി വേണ്ടാത്തപ്രകാരം വിസ്തരിക്കുന്ന അലസങ്ങളോ, ആയ വർണ്ണനകൾക്കു സ്ഥാനം കൊടുക്കരുതു്. മർമ്മം കണ്ടുപിടിച്ചു പുഷ്കലിപ്പിക്കുകയും അതിനുള്ള പ്രാധാന്യത്തെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ മാത്രമേ, ശ്രോതാക്കളുടെ മനസ്സിൽ പെട്ടെന്നു പതിയുന്ന അവഗാഹിത്വം സിദ്ധിക്കുകയുള്ളൂ.

നാലാമതു്, പരിണാമംവരെ വായനക്കാരിൽ ജിജ്ഞാസയും കൗതുകവും വർദ്ധിപ്പിക്കുന്ന പരിണാമഗുപ്തി ഉണ്ടായിരിക്കണം. അഞ്ചാമതു്, ലോകപരിചയം വർദ്ധിപ്പിക്കുന്ന അനുഭവഗുണവും കാവ്യത്തിനു് ഒഴിച്ചുകൂടാത്തതാകുന്നു. സംഭവങ്ങൾക്കു രംഗവിധാനവും വിന്യാസക്രമവും നിശ്ചയിക്കുക പരിണാമഗുപ്തി നോക്കി വേണ്ടതാണു്. ഇതിന്റെ അഭാവംകൊണ്ടു കവിത, കുറച്ചു കേട്ടുകഴിയുമ്പോൾ മുഷിവു തോന്നിക്കുന്നു. ഒരു കവി

ക്ക മനുഷ്യസ്വഭാവനിരീക്ഷണത്തിൽ ശ്രദ്ധയുണ്ടെങ്കിലേ, തൽകവിതയിൽ അനുഭവഗുണം പ്രതിബിംബിക്കുകയുള്ളൂ.

ജീവിതപ്രകൃതിക്ക് അനുഭയാജിച്ച ലൌകികവൃത്തിവിശേഷങ്ങൾക്കുള്ള ആഭ്യന്തരതത്വങ്ങളെ പ്രസ്പഷ്ടമാക്കിക്കൊടുക്കുകതന്നെയാണല്ലോ, യഥാത്ഥത്തിൽ കാവ്യത്തിൻെറ അനുഭവഗുണം. മനോവൃത്തിക്കു പ്രവൃത്തികളേക്കാൾ കാവ്യത്തിൽ മെച്ചംകിട്ടുന്ന കാരണവും ഇതുതന്നെയാണു്. മനുഷ്യപ്രകൃതിയുടെ യാഥാസ്ഥിതികമായ ഈ നില യഥാസൂക്ഷ്മം ആളുകൾ അറിഞ്ഞു പ്രവത്തിച്ചെങ്കിലേ ലോകത്തിനു സ്പൃഹണീയമായ ഉൽഗതി ഉണ്ടാകുകയുള്ളു എന്നുള്ളതാണു് ഇത്തരം കാവ്യങ്ങൾകൊണ്ടു പൊതുവെ സിദ്ധിക്കുവാനുള്ള പ്രയോജനം. സൌഹാർദ്ദവികാരങ്ങളുടെ വിലയും നിലയും അറിയാനിടയാകുമ്പോൾതന്നെ, ലോകത്തിലെ കാക്ശ്യവും പ്രമത്തതയും വളരെ കുറയാതിരിക്കുകയില്ല.

ഇപ്പറഞ്ഞ അനുഭവഗുണത്തെ പുരസ്കരിക്കുന്ന കവിതയുടെ ഭാഷാരീതി സവ്പ്രകാരേണയും സംശുദ്ധമായിരിക്കണമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ചമൽകാരസ്ഫുരണത്തിനുവേണ്ടി വേണ്ടാത്ത വിധം വളച്ചുകെട്ടിപ്പറയുക, ഭാഷാപാണ്ഡിത്യം കാട്ടുവാനായിശ്ലിഷ്ടവും അപൂവ്വവുമായ പദാവലികളെ പ്രയോഗിക്കുക, പാമരന്മാരെ രസിപ്പിക്കണമെന്നു കരുതി അശ്ലീലവും അസഭ്യവുമായവ വണ്ണിക്കുക, എന്നിവയെ

ല്ലാം ആൎജ്ജവപ്രകൃതിക്കും സദാചാരവൃത്തിക്കും യോജി ച്ചവയല്ലാത്തതിനാൽ കേവലം ദോഷങ്ങളായിത്തീരുക യേ ഉള്ളു.

ഇപ്പോഴത്തെ സഹൃദയന്മാരെ രസിപ്പിച്ചു വരുന്ന കവിതയുടെ ബാഹ്യമായും ആഭ്യന്തരമായും ഉള്ള രീതി വിശേഷങ്ങളെപ്പററി സാമാന്യമായി പറഞ്ഞുകഴിഞ്ഞു. എന്നാൽ സാഹിത്യരീതിയെ സംബന്ധിച്ചുതന്നെയും ഒരു വിശേഷഗതി, ഇപ്പോഴത്തെ കാലസ്ഥിതിക്കു് അനു രൂപമായി, വന്നുചേൎന്നിട്ടുള്ളതിനെപ്പററിയാണു് ഇനി മേൽ അല്പം ചിന്തിക്കാനുള്ളതു്.

ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ഖണ്ഡകാവ്യ ത്തിനുതന്നെയും അടുത്ത പടിയായ "കാവ്യഖണ്ഡ"മെ ന്നൊരു പ്രസ്ഥാനഭേദം വന്നുകൊണ്ടിരിക്കുന്നില്ലയോ എന്നാണു സംശയം. ഖണ്ഡകാവ്യം എന്നുള്ളതിനു ചെറുതരം കാവ്യങ്ങളെന്നാണു് അൎത്ഥമെങ്കിൽ, കാവ്യ ഖണ്ഡം എന്നതിനു കാവ്യങ്ങളെന്നതോടുകൂടിയ അതിലും ചെറിയ പദ്യഭാഗങ്ങൾ എന്നു് അൎത്ഥം കല്പിക്കാം. കവികൾ അപ്പോഴപ്പോൾ ഓരോ സന്ദൎഭങ്ങളിലായി രചിക്കുന്ന ഇത്തരം ലഘുകൃതികളെ ഒരുമിച്ചുചേൎത്തു "സാഹിത്യമഞ്ജരി" "സാഹിത്യമുകുരം" "സാഹിത്യാ രാമം" ഇത്യാദി സംജ്ഞകൾ കൊടുത്തു പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പതിവു് ഇപ്പോൾ ധാരാളമായിരിക്കുന്നു. ഉള്ളൂരിൻെറ "കിരണാവലി", വ ള്ളത്തോളിൻെറ "സാഹിത്യമഞ്ജരി", കുമാരനാശാൻെറ

“മണിമാല” മുതലായ പദ്യസങ്കലനഗ്രന്ഥങ്ങളെല്ലാം ഈ നവീനപ്രസ്ഥാനത്തിൽനിന്നു ലഭിച്ചവയാകുന്നു.

ഈ കാവ്യഖണ്ഡസരണിയിലേയ്ക്കുള്ള പരിഷ്കാരപ്രയാണം എത്രയും സ്വാഭാവികവും പരസ്പരാനുബദ്ധവുമാണെന്നു കാണാം. കവിതയുടെ ബാഹ്യമായും ആഭ്യന്തരമായും ഉള്ള പ്രകൃതികളെ സംബന്ധിച്ചു നോക്കുന്നതായാൽ രണ്ടും തമ്മിലുള്ള വ്യത്യാസം വലുതും ചെറുതുമല്ലാതെ മററു യാതൊന്നും കാണുകയില്ല. എന്നിരുന്നാലും, തുലോം ചുരുങ്ങിയ പരിമിതികളുള്ളിൽ വരുത്തേണ്ട ഗരിമകേന്ദ്രത്തിന്റെ സ്ഥാനനിർണ്ണയചാതുര്യം നിമിത്തം കൂടുതൽ കവിതാസാമർത്ഥ്യം വേണ്ടതു് ഇത്തരം ലഘുകൃതികളിൽ ആണെന്നു് ഇപ്പോഴത്തെ സഹൃദയാഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ടു്.

ഖണ്ഡകാവ്യങ്ങളിലാകട്ടെ, നമുക്കു ഹൃദയസ്തോഭകരങ്ങളായ ഓരോ കഥാരംഗങ്ങളെ കവി യഥാക്രമം കാട്ടിത്തന്നശേഷം, അതതു രംഗവിധാനങ്ങളെ, തൽകഥാപാത്രങ്ങളുടെ സംഭാഷണത്തിലൊ അല്ലാത്തപക്ഷം കവിവാക്യത്തിലൊ വിശദപ്പെടുത്തുകയും, അതോടുകൂടി തന്നെ വിമർശനദ്വാരാ അനേകം ലോകതത്വങ്ങളെപ്പററി ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിരീക്ഷിക്കുന്നതായാൽ ലോകസംഭവങ്ങളുടെ വിമർശനപരമായ ഒരു ചെറുദൃശ്യകാവ്യത്തിന്റെ പരമോദ്ദേശ്യം, ഖണ്ഡകൃതികൾ നമുക്കു സാധിച്ചുതരുന്നുണ്ടെന്നു പറയാം. എന്നാൽ പ്രകൃതിയിൽ കാണുന്ന ഏതെങ്കിലും ഒരു പ്രത്യേകരംഗത്തേയൊ അതിന്റെ

തന്നെ പരിവർത്തനരംഗാന്തരങ്ങളെയൊ സാക്ഷാൽകരിച്ചുകൊണ്ടു കാവ്യകൃത്യം നിർവ്വഹിക്കുകയാണു് ഉത്തമലഘുകൃതികൾ അനുഷ്ഠിക്കുന്നതു്.

ഖണ്ഡകാവ്യങ്ങളിൽ രംഗങ്ങൾക്കു കരുപിടിച്ചുകൊള്ളുവാൻ അതിലെ ഇതിവൃത്തബന്ധം യോജിക്കാതെ വരുന്നതല്ല. നേരേമറിച്ചു്, ഈ ലഘുകൃതികൾക്കു് ഈ ഉപകരണംപോലുമില്ലാതെ പ്രകൃതിയിലെ ചില കാഴ്ചകളെയോ സംഭവങ്ങളെയോ മാത്രം രംഗമാക്കിക്കൊൾവാനെ തരമുള്ളു. ചെറുതരത്തിലുള്ള ഈ രംഗത്തുവെച്ചു്, ഖണ്ഡകാവ്യങ്ങൾക്കു സുലഭമായുള്ള പല ഉപസ്ഥാനങ്ങൾകൊണ്ടു സാധിക്കുന്ന കാര്യം നിർവ്വഹിക്കേണ്ടതായും ഇരിക്കുന്നു. സാമഗ്രികളും, മാർഗ്ഗങ്ങളും ഇതരോപകരണങ്ങളും കുറഞ്ഞിരിക്കെ, വലിയ കാര്യങ്ങൾ നേടുന്നതിലാണെല്ലോ വിലയും നിലയും.

കാവ്യഖണ്ഡങ്ങൾ രചിക്കുന്ന കവിക്കു പ്രകൃതിയിൽനിന്നും ഹൃദയാവർജ്ജകങ്ങളായ ഭാവനാവിശേഷങ്ങൾക്കു സുകരത്വം ഉണ്ടാക്കിക്കൊടുക്കത്തക്ക രംഗങ്ങളെ തെരഞ്ഞെടുക്കുന്നതിലും, ഇവയെ സാക്ഷാൽകരിച്ചു തത്വപ്രഗല്ഭമാംവണ്ണം അനുവാചകരിൽ അനുഭവരസം ഉത്പന്നമാക്കുന്നതിലും സഹായിക്കുന്ന മനോധർമ്മപൌരുഷ്കല്യത്തിനു് ഈദൃശലഘുകൃതികൾ മാറവുനിശ്ചയിക്കുന്നതായി ചില അഭിജ്ഞന്മാർ വാദിക്കുന്നു. ഖണ്ഡകാവ്യത്തെക്കാൾ കാവ്യഖണ്ഡത്തിനുള്ള ഒരു മെച്ചമാണിതു്.

ഇനി മററൊന്നുകൂടി പറയാനുണ്ട്. കവിത സ്വയമേവാഗതയായിരിക്കണമെന്നുള്ള പ്രാചീനമതം, ബഹുകാലങ്ങളിലെ ലോകാനുഭവം പ്രമാണിച്ചു പ്രതിഷ്ഠയിലെത്തിയിരിക്കുന്നതാകയാൽ അതിൻെറ യാഥാൎത്ഥ്യത്തെപ്പററി ആധുനികരുടെ ഇടയിൽ വലിയ തൎക്കമുണ്ടാകുമെന്നു തോന്നുന്നില്ല. ഈ വാസ്തവം തെളിയിക്കുവാൻ ഒരു യുക്തികൂടി കാണുന്നു. പ്രകൃതിയിൽ നാം കാണുന്ന ഓരോ കാഴ്ചകഠം നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ ഓരോതരത്തിലുള്ള വികാരപരമ്പരകളെ ജനിപ്പിക്കാറുണ്ട്. പ്രകൃതിപ്രഭാവത്താൽ ഇവയ്ക്കു പലതിനും തമ്മിൽ സാമ്യവും ചിലതുകഠംക്കു മാത്രം പ്രത്യേകമനസ്ഥിതിക്കനുസരണമായ മാററവും കാണുമെന്നേയുള്ളു.

ഇപ്രകാരം ചില ഹൃദയങ്ങളിൽ അപ്പൊഴപ്പോളുണ്ടാകുന്ന വ്യാപാരങ്ങഠം അവരവരുടെ മനസ്സിൽതന്നെ ലയിക്കുന്നതുകൊണ്ടു തൃപ്തിപ്പെടാതെ മധുരഭാഷണങ്ങളായി സ്വയം നിൎഗ്ഗളിക്കുന്നു. ഈ മധുരഭാഷണങ്ങഠം ഉഠംക്കൊള്ളുന്ന ആശയങ്ങളിലധികവും അപ്രകാരമുള്ള പ്രകൃതിവിലാസം കാണുന്ന മററുള്ളവരിലും ഉണ്ടാകാൻ മാൎഗ്ഗമുള്ളതുകൊണ്ടു സ്വയമേവാഗതമായ ഈ ഭാഷണം അഥവാ കവിത വളരെ അനുഭവരസമുള്ളതാണെന്നു ശ്രോതാക്കഠംക്കു തോന്നുന്നതിൽ അത്ഭുതപ്പെടുവാനില്ല. പ്രകൃതിവിലാസങ്ങളോടു കവിഹൃദയങ്ങഠംക്കുണ്ടാകുന്ന സംബന്ധപ്പെട്ടങ്ങളിൽ താനേ ഉൽഗളിക്കുന്ന കവിതയാണ് ഈ ലഘുകൃതികളെങ്കിൽ ഇവയ്ക്കു തൽകവികളുടെതന്നെ മററു കവനങ്ങളെക്കാഠം മാധുൎയ്യമുണ്ടായിരിക്കുമെന്നുള്ളതിനു വിവാദമില്ല.

എങ്ങനെയായാലും "കവിത"യുടെ "സ്വയമേവ"യായ "ആഗമന"ത്തിനു കൂടുതൽ സാംഗത്യം ഇത്തരത്തിലുള്ള ലഘുകൃതിപ്രസ്ഥാനത്തിലാണെന്നു സമ്മതിക്കുകതന്നെ വേണം. ഇതിനുംപുറമെ കവികൾക്കു് അതിശ്രമംകൂടാതെ സാധിക്കത്തക്കതെന്നും വായനക്കാൎക്കു വേഗം വായിച്ചുതീൎത്തു രസിക്കുവാൻ സൗകൎയ്യമുള്ളതെന്നും മററുമുള്ള പല വൈശിഷ്ട്യങ്ങൾ ഇപ്പോഴത്തെ കവിതാസരണിക്കുണ്ടെന്നും കാണാവുന്നതാണു്.

# IV

## മരണാനന്തരജീവിതം.

നമ്മുടെ ശരീരപ്രകൃതി ശരിയായി സമീക്ഷണം ചെയ്യുന്നപക്ഷം, മനുഷ്യനേപ്പോലെ ബലഹീനവും ദയനീയമാംവണ്ണം അനാഥവുമായ ഒരു സത്വം ലോകരംഗത്തു വേറേയില്ലെന്നു കാണാവുന്നതാണ്. ഇതരജീവജാലങ്ങൾക്കു ജനിക്കുമ്പോഴേതന്നെ തൂവലോ, തന്തുരുഹമോ എന്തെങ്കിലും കാണാതിരിക്കുകയില്ല. മനുഷ്യൻ മാത്രം, നോക്കണേ, നഗ്നനായിട്ടു ഭൂജാതനാകുന്നു! മററുള്ള സത്വങ്ങൾ നഖങ്ങൾ, നീണ്ടുരുണ്ട മോന്തകൾ, ദംഷ്ട്രങ്ങൾ ഇത്യാദി രക്ഷണത്തിനും ശിക്ഷണത്തിനും പര്യാപ്തങ്ങളായ ആയുധങ്ങളോടുകൂടി "അരയും തലയും മുറുക്കി" ജീവസന്ധാരണം ആരംഭിക്കുമ്പോൾ മനുഷ്യൻ മാത്രം കരയിൽ വീണ മീൻപോലെ അരക്ഷിതനായിരിക്കുന്നു.

ഇതു മാത്രമോ? ഇതരജന്തുക്കളുടെ അപത്യങ്ങൾ കണ്ണുതുറക്കുന്ന ക്ഷണത്തിൽതന്നെ യഥേഷ്ടം ഓടുകയോ ചാടുകയോ നീന്തുകയോ പറക്കുകയോ പരസഹായംകൂടാതെ ഭക്ഷിക്കുകയോ ചെയ്യും. മനുഷ്യശിശുക്കളാകട്ടെ പരാശ്രയംകൊണ്ടു മാത്രം ജീവിക്കണം. ആറു മാസം

പ്രായമുള്ള ഒരു ശിശു, ജീവിതമത്സരത്തിൽ അത്രയും പ്രായമുള്ള ഒരു വ്യാഘ്രത്തിൻെറയോ ശ്വാവിൻെറയോ കഴുകൻെറയോ മുമ്പിൽ കാണപ്പെടുന്നതായാൽ അതിൻെറ കഥ എന്തായിരിക്കും? ഏതാദൃശങ്ങളായ ഹിംസ്രജന്തുക്കളില്ലാത്ത ഒരു സ്ഥലത്താണെന്നു വെച്ചു മനുഷ്യശിശു സുരക്ഷിതമാണെന്ന് ആരും വിചാരിക്കേണ്ടതില്ല. മഞ്ഞും, മഞ്ഞുകട്ടിയും, കൊടുങ്കാററും, മഹാമാരിയും സുലഭമായുള്ള പ്രദേശങ്ങളിലും അതിനു ജീവസന്ധാരണംചെയ്യാൻ നിവൃത്തിയില്ല.

മനുഷ്യൻെറ ഇപ്പോഴത്തെ ശരീരപ്രകൃതിക്കു ജീവസന്ധാരണത്തിനുള്ള ഏകമാർഗ്ഗം ബുദ്ധിശക്തിയുടെ പ്രയോഗമാണ്. ഇതരജീവികളെ അപേക്ഷിച്ചു മനുഷ്യനുള്ള ഏകലക്ഷണവും ഇതാണല്ലോ. നഖം, പക്ഷം, ദംഷ്ട്രം, ശൃംഗം ഇത്യാദി സംരക്ഷണായുധങ്ങളേക്കാൾ എത്രയോ ശ്രേഷ്ഠമാണിത്. ഇതരജീവികളേക്കാൾ ഉപരിയായി വസ്ത്രധാരണം ചെയ്യുന്നതിനും, വിജയകരമായവിധം ശത്രുനിരോധം ചെയ്യുന്നതിനും ബുദ്ധിശക്തി പര്യാപ്തമായിട്ടുള്ളതാണ്. മനുഷ്യബോധത്തിൻെറ പ്രയോഗം പ്രകൃതിയുടെ നിഗൂഢശക്തിയെയും നിയന്ത്രണം ചെയ്തു് ഉപയോഗയോഗ്യമാക്കുന്നു.

ഇരുമ്പും ഉരുക്കും നോക്കുക, അവൻെറ ആജ്ഞയ്ക്ക് അധീനപ്പെടുന്നില്ലയോ? തീവണ്ടികളും ആവിക്കപ്പലുകളും മോട്ടർബോട്ടുകളും അവൻെറ ഇഷ്ടാനുസരണം ഓടുന്നു. എത്രമാത്രം സാമാനങ്ങളും എത്രയധികം ജനങ്ങളുമാണ് ഓരോ വാഹനത്തിലുമുള്ളതു്! അതൊന്നും ഒരു

കഥയുമില്ല. എത്രയുണ്ടെങ്കിലും അതെല്ലാം നിഷ്പ്രയാസം വഹിച്ചുകൊണ്ടോടിക്കൊള്ളും. ഏതൊരു മൃഗമാണു് ഇത്രയധികം സാമാനങ്ങളെ ചുമക്കുന്നതു്? ഉരുക്കുകൊണ്ടു പണിചെയ്തിട്ടുള്ള യന്ത്രങ്ങളുടെ സ്ഥിതി നോക്കുക. നെയ്ത്തുശാലകളിൽ നാമെന്തു കാണുന്നു! പോരെങ്കിൽ അമേരിക്കയിലും ആസ്ട്രേലിയായിലും വസിക്കുന്ന സഹോദരവർഗ്ഗവുമായി അവൻ സംഭാഷണം നടത്തുന്ന ആ കമ്പിയില്ലാക്കമ്പിയും, "കമ്പിയുള്ള കമ്പിയും" ഒന്നു പരിശോധിക്കണം. യാതൊരു പരിചയവുമില്ലാത്തതും അഗാധവും അതിവിസ്തീർണ്ണവും ആയ സമുദ്രത്തെ അവൻ നിർഭയം തരണംചെയ്യുന്നതു കണ്ടാൽ ആർക്കാണു് അത്ഭുതം ജനിക്കാത്തതു്? ഒരുവന്റെ പരിശ്രമഫലങ്ങളും പരിചയഗുണങ്ങളും നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനും മാർഗ്ഗമില്ലാതില്ല. മനുഷ്യവർഗ്ഗത്തിനു പലപ്പോഴായി സിദ്ധിച്ചിട്ടുള്ള ശാസ്ത്രസഞ്ചയവും ജ്ഞാനസമുദയവും ഗ്രന്ഥശാലകളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഇതുകൊണ്ടല്ലയോ ഓരോ സമുദായത്തിന്റേതുപോലെ രാജ്യത്തിന്റെയും ചരിത്രം പാരായണം ചെയ്യുന്നതിനു നിഷ്പ്രയാസം നമുക്കു സാധിക്കുന്നതു്? എത്രയോ ശതവർഷങ്ങൾക്കുമുമ്പു് എത്രയോ വിദൂരങ്ങളായ രാജ്യങ്ങളിൽ നടന്നിട്ടുള്ള സംഭവങ്ങളെ ഇന്നു നമ്മുടെ സ്വന്തം കണ്ണുകൊണ്ടു കണ്ടാലെന്നപോലെ ഗ്രന്ഥങ്ങൾ മുഖേന നാം ഗ്രഹിക്കുന്നു.

മനുഷ്യന്റെ ശ്രേഷ്ഠാംശമായ ബുദ്ധിയുടെ വികാസത്തിനു് ഉപയുക്തങ്ങളായ വിഷയങ്ങളെ ഓരോ അബ്ദങ്ങളിലായി, പടിപടിയായി അവൻ കണ്ടുപിടിച്ചു

ഫലവത്താക്കിത്തീർത്തിട്ടുള്ളതുപോലെ അധമാംശമായ ശരീരത്തിന്റെ പോഷണത്തിനുള്ള മാർഗ്ഗങ്ങളും സുലഭങ്ങളും സംസ്കൃതങ്ങളുമാക്കി ചെയ്യാതിരുന്നിട്ടില്ല. ഓരോ രാജ്യത്തിലും ഉണ്ടാകുന്നതും ഉണ്ടാക്കുന്നതും ആയ ഭോജ്യവാഭ്യപേയസാധനങ്ങൾ അവന്റെ മേശയെ അലങ്കരിക്കുന്നു.

സൂര്യനുമായി കൂട്ടായ്മ പിടിച്ചിരിക്കുകയാണോ എന്നു സംശയിക്കുമാറു സൂര്യരശ്മിയുടെ സഹായത്താൽ, പറന്നുപോകുന്ന പക്ഷിയുടേയും കുതിച്ചുചാടുന്ന കുതിരയുടേയും ക്ഷണഭംഗുരമായ മിന്നൽപിണരിന്റെയും ഛായകൾ എത്രയോ എളുപ്പത്തിൽ അവൻ എടുക്കുന്നു! എന്തിന്, ഒരു ഭാഗവതരുടെ മനോഹരമായ സ്വരത്തെയും, ഒരു മഹാവാഗ്മിയുടെ പ്രസംഗത്തെയും പെട്ടിയിലിട്ടു പൂട്ടിക്കൊണ്ടു നടക്കുന്നതിനുകൂടി മനുഷ്യനു സാധിക്കുന്നു. എത്രയും വിദൂരസ്ഥിതങ്ങളായ ഗ്രഹങ്ങളിലേക്ക് അവൻ ദൂതന്മാരെ അയച്ച് അവയുടെ സ്ഥിതിസ്വഭാവങ്ങളെ പ്രയാസംവിനാ ഗ്രഹിക്കുന്നു. ഇപ്പോൾ ജനിക്കുകകൂടി ചെയ്തിട്ടില്ലാത്ത ജനങ്ങളുടെ അറിവിനുവേണ്ടി ഗ്രഹങ്ങളുടെ സഞ്ചാരത്തെയും മററും പററി അവൻ ഇന്നേ എഴുതിവച്ചിരിക്കുന്നു. രണ്ടായിരത്തിനാലാം വർഷത്തിൽ ശുക്രബിംബം സൂര്യബിംബത്തിന്റെ നേരേ സഞ്ചരിക്കുമത്രെ!

കടുങ്കരിങ്കല്ലു വെട്ടിയെടുത്ത് അതുകൊണ്ടു പക്ഷിമൃഗാദികളെ "സൃഷ്ടി"ക്കുന്നതിനോ, ലോഹംകൊണ്ടും മരംകൊണ്ടും കുഴലുകളുണ്ടാക്കി കുയിൽനാദത്തെ വെല്ലുന്ന

സ്വരം പുറപ്പെടുവിക്കുന്നതിനോ അവനു യാതൊരു പ്രയാസവുമില്ല. അത്രയുമോ? അതിലുമധികം വിസ്മയനീയങ്ങളായ പ്രവൃത്തികൾ ചെയ്യുവാൻ മനുഷ്യനു കഴിയും. കാലാന്തരത്തിൽ ഇതിലും വലുതായ ഓരോരോ കണ്ടുപിടിത്തങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. തൂത്താങ്കമൻെറ മൃതശരീരം ഇന്നും അക്ഷയമായിരിക്കുന്നില്ലയോ?

എങ്കിലും മനുഷ്യൻ യഥാൎത്ഥമായ സൃഷ്ടിയോ വിനാശമോ ഒരിക്കലും ചെയ്യുന്നില്ല. നമ്മുടെ ചുററും സ്ഥിതിചെയ്യുന്ന ഏതാനും ശക്തികളെ ഓരോരോ പ്രവൃത്തികൾക്കായി വിനിയോഗിക്കുക മാത്രമേ അവൻ ചെയ്യുന്നുള്ളു. പദാൎത്ഥങ്ങളുടെ ആകൃതിയെ അവൻ മാററുന്നു. ഓരോരോ ശക്തികളുടേയും ഘടകങ്ങളെ അവൻ അപഗ്രഥനം ചെയ്യുകയും, ഉൽഗ്രഥനം ചെയ്യുകയും, വിഭജിക്കുകയും ചെയ്യുന്നു. ഇപ്രകാരമാണ് അവൻ തീവണ്ടിയും ആവിക്കപ്പലും മോട്ടോർവാഹനവും ഉണ്ടാക്കുന്നതു്. ഇതിൽ കൂടുതലായി യാതൊന്നും ചെയ്യാൻ അവനു ശക്യമല്ല. ഇന്നതെല്ലാം പ്രവൎത്തിക്കാമെന്നും, ഇന്നതെല്ലാം പ്രവൎത്തിക്കാൻ പാടില്ലെന്നും ദൈവം ആരംഭത്തിലേ തന്നെ നിൎണ്ണയിച്ചിട്ടുള്ളതാണ്.

പദാൎത്ഥങ്ങളുടെ ബാഹ്യാഭ്യന്തരാകൃതികളും ഘടനയും മാററുന്നതിനു മനുഷ്യനു സുസാധമാണെന്നിരുന്നാലും, നവീനമായിട്ടു് ഏതെങ്കിലും ഒരു പദാൎത്ഥം നിൎമ്മിക്കുന്നതിനോ, ഉള്ള ഏതെങ്കിലും ഒരു പദാൎത്ഥത്തെ ഇല്ലാതാക്കുന്നതിനോ, ഒരു മനുഷ്യനും സാധിക്കുകയില്ല. ശാസ്ത്രജ്ഞന്മാരെല്ലാവരും ഒരുമിച്ചുകൂടിക്കൊ

ള്ളട്ടെ! ടിണ്ടാലും ഹക്സ്ലിലിയും എല്ലാവരും വരട്ടെ! പൗരസ്ത്യപാശ്ചാത്യരാജ്യങ്ങളിൽ നാളതുവരെ ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ട എല്ലാ തത്വജ്ഞന്മാരും ശാസ്ത്രകോവിദന്മാരും ഒന്നിച്ചുകൂടട്ടെ. അപരിമിതമായ ശൂന്യത്തിൽ നിന്നും അതിസൂക്ഷ്മമായ ഒരു അണു, ഒരൊററ തരി, നിർമ്മിക്കട്ടെ. ഹേ, അസാദ്ധ്യം. സൗരയൂഥത്തിനു വ്യതിയാനം വരുത്തുവാനാണു് അതിലും എളുപ്പം.

ദൈവത്തിനു മാത്രം സാദ്ധ്യമാകുന്ന ഒരു ശക്തിയാണിതു്. ഈ ശക്തിവിശേഷം ഒരു സൃഷ്ടിക്കു പ്രദാനം ചെയ്യാവുന്നതല്ല. ശൂന്യത്തിൽനിന്നും ഒരു സാധനം സൃഷ്ടിക്കുന്നതു് എത്രകണ്ടു ദുഷ്കരമാണോ, അത്രകണ്ടു ദുസ്സാധമാണു ഭാവാവസ്ഥയിൽ നിന്നും ഒരു വസ്തുവിനെ ശൂന്യാവസ്ഥയിലേയ്ക്കു മാററുവാൻ. കേവലം അദൃശ്യമായ അണുവിനെ നശിപ്പിക്കുന്നതിലും എളുപ്പം ഭൂമിയെ അതിന്റെ ഭ്രമണമാർഗ്ഗത്തിൽ നിന്നും ഇളക്കുകയാണു്; ഇൻഡ്യാമഹാസമുദ്രത്തിലെ വെള്ളമൊട്ടുക്കു് ഒരൊററ നിമത്തായി കുടിച്ചുവററിക്കുകയാണു്.

പരമാണുക്കൾ സ്വയം അനശ്വരങ്ങളും നിത്യങ്ങളുമാണു്. ഇന്നു് ഒരു രൂപമാണെങ്കിൽ, നാളെ മറെറാരു ആകൃതിയായിരിക്കും. അവയുടെ സംയോജനത്തിന്റെ സമ്പ്രദായമനുസരിച്ചു് അനേകവിധത്തിൽ അവ ദൃശ്യമാകുന്നുവെന്നേയുള്ളു. നമ്മുടെ ഭൗതികജീവിതത്തെ നശിപ്പിക്കുവാൻ അത്ര പ്രയാസമില്ല. മനുഷ്യൻ ആത്മാവും ശരീരവും കൂടിയ ഒരു മിശ്രിതദ്രവ്യമാകയാൽ രണ്ടു ദ്രവ്യങ്ങളെയും വേർതിരിക്കാവുന്നതാണു്.

ഈ വേർപാടിനാണു മരണം എന്നു നാം പറയുന്നതു്. വേർപെട്ടതിൻെറ ശേഷം ശരീരമെടുത്തു രൂപാന്തരപ്പെടുത്തുവാൻ നമുക്കു സാധിക്കും. എന്തെന്നാൽ അനേകം വിഭാഗങ്ങളാൽ ചേക്കപ്പെട്ട ശരീരം ഭാഗങ്ങളുടെ നാശത്തിനുശേഷം ശരീരമായി സ്ഥിതിചെയ്യുന്നില്ല. ഒരു ത്രികോണത്തിൻെറ കോണുകൾ വേർപെടുത്തിക്കഴിഞ്ഞാൽ അതു ത്രികോണമല്ല. ആത്മാവു് അംശങ്ങളാൽ ചേക്കപ്പെടാത്തതുകൊണ്ടും, അസങ്കീൎണ്ണവും അവിഭാജ്യവുമായ വസ്തു ആകയാലും നശിപ്പിക്കപ്പെടുവാൻ പാടുള്ളതല്ല. ഒരു വസ്തു നശിച്ചുവെന്നു നാം സാധാരണ പറയുമ്പോൾ, അതിൻെറ ഇപ്പോഴത്തെ ആകൃതിക്കു ഭംഗം വന്നുവെന്നേ അൎത്ഥമുള്ളു.

ആത്മാവിൻെറ സ്ഥിതിയും ഇതുപോലെ തന്നെയാണു്. ഇതരപദാൎത്ഥങ്ങളെ പൂൎണ്ണമായി നശിപ്പിക്കുവാൻ പാടില്ലാത്തതുപോലെ തന്നെ ആത്മാവിനേയും നശിപ്പിക്കുവാൻ പാടില്ല. അതുമല്ല, മററുള്ള പദാൎത്ഥങ്ങളെ നശിപ്പിക്കുന്നവിധത്തിൽ കൂടിയും ആത്മാവിനെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല. ആത്മാവിനെ പൂൎണ്ണമായി നശിപ്പിക്കുവാൻ പാടില്ലെങ്കിൽ അതു നശ്വരമേ അല്ല. എന്തെന്നാൽ മററുരൂപത്തിലാക്കുവാനോ വിഭജിക്കുവാനോ ഉള്ള അംശങ്ങൾ അതിനു് ഇല്ലതന്നെ. എന്തിനേറെ! ആത്മാവു് അവിഭാജ്യമായ അമൃതവസ്തുവാണെന്നു സമ്മതിക്കുന്നപക്ഷം, ശാസ്ത്രസിദ്ധാന്തപ്രകാരവും അതു അനശ്വരമായിരിക്കണം.

അവനവൻെറ മനസ്സിൻെറ പ്രവൎത്തനവും പ്രകൃതി

യും അപഗ്രഥനം ചെയ്തു പരിശോധിക്കുവാൻ പ്രാപ്തിയുള്ളവൎക്ക് ന്യായപരവും ബുദ്ധിപൂൎവ്വകവുമായ വസ്തു അമൂൎത്തമായിരിക്കുമെന്നു കണ്ടുപിടിക്കുവാൻ വലിയ പ്രയാസമൊന്നുമില്ല. എന്നാൽ ഈദൃശമായ ഒരു പദാൎത്ഥത്തെ നശിപ്പിക്കുവാൻ ജഗദീശ്വരനു സാധിക്കുകയില്ലേ? സൃഷ്ടിക്കുന്നവനു നശിപ്പിക്കുവാനും, നശിപ്പിക്കുന്നവനു സൃഷ്ടിക്കുവാനും ശക്തിയുണ്ടെന്നു സ്വല്പം ആലോചിച്ചാൽ നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. പ്രസ്തുത ശക്തികൾ ഇതരേതരസംബന്ധിനികളാണല്ലോ.

എങ്കിലും ദൈവം സൎവ്വശക്തിത്വം പ്രയോഗിച്ചു മനുഷ്യാത്മാവിനെ വല്ലപ്പോഴും ശൂന്യമാക്കിക്കളയുമോ എന്ന് അറിയുന്നതു രസാവഹമായിരിക്കും. ദൈവത്തിനുമാത്രം സാദ്ധ്യമാകുന്ന ഈ പ്രവൃത്തി മററാരും ചെയ്യുമെന്നു നാം ശങ്കിക്കേണ്ടതില്ല. പക്ഷെ ദൈവം അങ്ങനെ ചെയ്യുമോ? ഒരികലുമില്ല. ദൈവം നീതിമാനാണ്, ഗുണവാനാണ്, ബുദ്ധിമാനാണ്. അതിനാൽ ആത്മാവിനെ അദ്ദേഹം നശിപ്പിച്ചുകളയുകയില്ല. ഈ വാസ്തവം വിശദമാക്കാം.

ഭൂമുഖത്തു നമ്മുടെ ഓൎമ്മയിലും അതിനുമുമ്പും ജീവിച്ചു മരിച്ചിട്ടുള്ള നിരവധി ജനങ്ങളെ നമുക്ക് ഒന്നു സമീക്ഷണം ചെയ്യുകതന്നെ. എല്ലാജാതി ജനങ്ങളുടെയും ഇടയിൽ അപ്പോഴപ്പോൾ നടന്നിട്ടുള്ള പ്രക്ഷോഭജനകങ്ങളായ സംഭവങ്ങളെ രേഖപ്പെടുത്തുന്ന വൃത്താന്തപത്രങ്ങൾ നാം പാരായണം ചെയ്തിട്ടുണ്ടല്ലോ. ഇവ മൂലം നമ്മുടെ സ്മൃതിപഥത്തിൽ എന്തെല്ലാമോ ഉദ്ഭൂത

മാകുന്നു. മനുഷ്യർ ഓരോരോ കാലങ്ങളിലും രാജ്യങ്ങളിലും ചെയ്തിട്ടുള്ള കവച്ച്കളും, അക്രമങ്ങളും, മോഷണങ്ങളും, കൊലപാതകങ്ങളും എത്രയെത്ര!

ഒരുവൻ അപരനോടു ചെയ്തിട്ടുള്ള ചതിപ്രയോഗങ്ങളും, നിഷ്ഠൂരകൃത്യങ്ങളും എത്രയെത്ര! കൗശലങ്ങളും, ജാലവിദ്യകളും, കളവും, നുണയും ജയിക്കുന്നു. സത്യവും, മര്യാദയും, സൽബുദ്ധിയും സന്മാർഗ്ഗവും തോല്ക്കുന്നു. സമർത്ഥന്മാരും, വിദ്യാസമ്പന്നന്മാരും സർവ്വഥാ അർഹന്മാരുമുണ്ടായിരിക്കെ കുടിലബുദ്ധികൾ ഉന്നതസ്ഥാനങ്ങളിൽ പ്രവേശിക്കുന്നതും പൊതുജനദ്രോഹംചെയ്യുന്നതും നാം കാണുന്നു. സത്യസന്ധന്മാരോ നിസ്സഹായന്മാരായി കഷ്ടപ്പെടുന്നു. ധീരന്മാരും സമർത്ഥന്മാരും യുദ്ധത്തിൽ വധിക്കപ്പെടുകയും, ഭീരുക്കൾ ഒളിച്ചോടി രക്ഷപ്പെടുകയും ചെയ്യുന്നു.

ഏതാനും പാപകൃത്തുക്കൾ ശിക്ഷിക്കപ്പെടുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. എങ്കിലും പ്രധാനപ്പെട്ട പല കുററക്കാരും പിടിക്കപ്പെടാതെയാണു പോകുന്നതു്. യാതൊരു ക്ലേശവുംകൂടാതെ എത്രയോ ദുഷ്ടന്മാർ സുഖമായി കാലയാപനം ചെയ്യുന്നു. പ്രത്യുത അദ്ധ്വാനിക്കുന്നവരിൽ എത്രയെത്രപേർ ദാരിദ്ര്യത്തിലും അപകർഷത്തിലും നിപതിക്കുന്നു. എത്രയോ തസ്കരന്മാരും, അക്രമികളും ആയുഷ്കാലപര്യന്തം പരാപഹരണംകൊണ്ടു സസുഖം ഉപജീവനം കഴിക്കുന്നു.

രാജാക്കന്മാർ തമ്മിൽ ശണ്ഠ ഉണ്ടാകുന്നു; യുദ്ധപ്രഖ്യാപനവും നടക്കുന്നു. ഉദ്യോഗസ്ഥന്മാർക്കു ശമ്പളക്കയറ

ററവും രാജാക്കന്മാൎക്ക് ഐശ്വൎയ്യവും സിദ്ധിക്കുന്നു. പാവപ്പെട്ട പടയാളികളോ വാളിനും വെടിയുണ്ടയ്ക്കും ഇരയായിത്തീരുന്നു. ഗൃഹങ്ങൾ നിൎമ്മാനുഷങ്ങളാവുകയും കുടുംബങ്ങൾ നശിക്കുകയും ചെയ്യുന്നു. വിധവയായിത്തീൎന്ന അമ്മ കഴുകന് ഇരയായ പ്രിയശിശുവിനെ ഓൎത്തു കരയുന്നു. ആരു കേൾക്കാനാണ്? ഖഡ്ഗത്തിനിരയായിത്തീൎന്ന ഭൎത്തൃശരീരത്തിൽ ആലിംഗനംചെയ്തുകൊണ്ടു ഭാൎയ്യ വിലപിക്കുന്നു. ആരറിയാനാണ്?

പടനിലത്തിൽ മലൎന്നു കിടക്കുന്ന പ്രതിശ്രുതവരൻെറ ശീതളങ്ങളും സാന്ദ്രസ്നിഗ്ദ്ധങ്ങളുമായ അധരങ്ങളിൽ ചുംബിക്കുന്ന ദയിതയുടെ ഹൃദയം ഭേദിക്കുന്നു. ആരു കാണാനാണ്? കഷ്ടാനുഭവവും ദൗൎഭാഗ്യവും ദുഃഖവുംകൊണ്ടു ഭൂലോകം നിമഗ്നമായിരിക്കുന്നു. ഈ ദുരദൃഷ്ടങ്ങൾ സംഭവിക്കുന്നതു് ഓരോരുത്തൻെറ പ്രവൃത്തികളെ ആശ്രയിച്ചായിരുന്നെങ്കിൽ ആശ്വാസം ഉണ്ടായിരുന്നു. ധനവും ആരോഗ്യവും ദീൎഘായുസ്സും നീതിപൂൎവ്വമായ പ്രമാണത്തെ ആസ്പദമാക്കിക്കൊണ്ടാണ് ഓരോരുത്തൎക്കും പ്രദാനംചെയ്യുന്നതെന്നു പറഞ്ഞുകൂടാ. ദുഃഖവും വേദനയും, സൗഖ്യവും സന്തോഷവും മനുഷ്യൻെറ ദുൎവൃത്തിയേയോ സദ്വൃത്തിയേയോ ആശ്രയിച്ചല്ല സ്ഥിതിചെയ്യുന്നതും.

ഈ ഭൂമുഖത്തിൻെറ ഒരററംമുതൽ മറെറ അററം വരെയുള്ള ജനങ്ങളുടെ ഇടയിൽ വലുതായ അനീതികൾ സംഭവിക്കുന്നുണ്ടെന്നു് ഓരോരുത്തൎക്കും ഓരോരോ അവസരങ്ങളിലായി ബോധ്യപ്പെട്ടിരിക്കണം. നല്ല നല്ല

പ്രതിഫലം ലഭിക്കണമെന്നുള്ള പ്രത്യാശയാൽ പ്രേരിതരായി വനാന്തരങ്ങളിലും ദ്വീപുകളിലും ചെന്നുചേർന്നശേഷം, ദുഷ്ടന്മാരായ കങ്കാണികളുടെ കണികളിലകപ്പെട്ടു വീടും നാടും വീണ്ടും കാണ്മാൻകൂടി കഴിയാതെ കഷ്ടപ്പെടുന്നവരും, സമുദ്രത്തിൻെറ അധോഭാഗത്തു തണുപ്പും വിറയലും സഹിച്ചു ശ്വാസോച്ഛ്വാസത്തിനുകൂടി നിവൃത്തിയില്ലാതെ വേലയെടുക്കുന്നവരും, ഭൂമിയുടെ അന്തർഭാഗങ്ങളിൽ ഇറങ്ങി വിഷവായു ശ്വസിച്ചും വിഷവസ്തു അശിച്ചും വലയുന്നവരും എത്രപേർ?

ഇവരോരോരുത്തരുടെയും കഷ്ടാനുഭവപ്രവൃത്തികളുടെ ഫലമെടുക്കുന്നവരാർ? എങ്ങാനും കിടക്കുന്ന പ്രഭുക്കന്മാർ. ഇവർ മോട്ടോർവാഹനങ്ങളിലും കുതിരസാറട്ടുകളിലും കയറി യാത്ര ചെയ്യുകയും മഹാസൗധങ്ങളിൽ നിവസിച്ചു സുഖിക്കയും ചെയ്യുന്നു. "കാൽക്കലും തലയ്ക്കലും" ദുക്കൂലോപധാനങ്ങൾവച്ചു കിടന്നുറങ്ങുകയും, സുരഭികളായ സുമശ്രേണികളെ തലോടിക്കൊണ്ടു മന്ദം മന്ദം ഗമിക്കുന്ന മാരുതദേവൻെറ സംവാഹനസുഖം അനുഭവിക്കുകയും ചെയ്യുന്നു.

ഈ സ്ഥിതിക്ക് ഓരോരുത്തർക്കും അവനവൻെറ പ്രവൃത്തിക്ക് അനുയോജ്യമായ സമ്മാനമോ ശിക്ഷയോ ലഭിക്കുന്നുണ്ടെന്നു് എങ്ങനെ പറയും? എങ്കിലും ഈശ്വരൻ നീതിമാനാണു്; നീതിതന്നെയാണു്; അപരിമിതവും അസ്പൃഷ്ടവും സംപൂർണ്ണവും ആയ നീതിയാണല്ലോ. ഈ രണ്ടുവസ്തുതകളും തമ്മിൽ എങ്ങനെ യോജിക്കും? ഒന്നുകിൽ ഭോഷനായ നാസ്തികനോടു ചേർന്നുകൊണ്ടു

ദൈവമില്ലെന്നു വാദിക്കണം. അല്ലെങ്കിൽ മരണാനന്തരം ഒരുജീവിതമുണ്ടെന്നും, അവിടെ ദുഷ്ടന്മാരിൽനിന്നുള്ള പീഡനം ഉണ്ടാവുകയില്ലെന്നും, ശിഷ്ടന്മാർ അവിടെ സൗഖ്യം അനുഭവിക്കുമെന്നും അനുമാനിക്കണം.

ഈശ്വരാസ്തിക്യത്തെ യുക്തിപൂർവ്വം നിഷേധിക്കാൻ നമുക്കു യാതൊരു നിവൃത്തിയുമില്ലെന്നു സ്പഷ്ടമാണ്. തന്നിമിത്തം ഭവിഷ്യജ്ജീവിതമുണ്ടെന്നും, തത്സമയം ഓരോരുത്തൎക്കും അവരവരുടെ പ്രവൃത്തിക്കുതക്കവണ്ണം ശിക്ഷയോ രക്ഷയോ ലഭിക്കുമെന്നും നിർവ്വിവാദമാണ്. കുററം കൂടാതെ ശിക്ഷ അനുഭവിച്ചവൎക്കും അനുഭവിപ്പിച്ചവൎക്കും, ധനം അപഹരിച്ചവനും അപഹൃതനും, എന്നുവേണ്ടാ എല്ലാവൎക്കും നീതിപൂർവ്വമായ വിധി ലഭിക്കാതിരിക്കുകയില്ല. ഭവിഷ്യജ്ജീവിതവിഹീനമായ ഒരു മനുഷ്യജീവിതം ഈശ്വരാസ്തിക്യത്തിൽ വിശ്വാസമുള്ളവൎക്കു് അചിന്ത്യമാണെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

റൂസ്സോ പറയുന്നു: "ആത്മാവിന്റെ അനശ്വരതയെ തെളിയിക്കുന്നതിന് ഇതരന്യായങ്ങളില്ലാതിരുന്നാൽകൂടിയും ദുഷ്ടന്മാരുടെ ഐശ്വര്യവും ശിഷ്ടന്മാരുടെ സങ്കടവും ഒന്നുകൊണ്ടുമാത്രം ഞാൻ വിശ്വസിക്കുമായിരുന്നു. മരണത്തോടുകൂടി എല്ലാററിനും അവസാനം ഉണ്ടാകുന്നില്ല. നിൎവ്വാണശേഷം എല്ലാം തത്തൽസ്ഥാനങ്ങളിൽ ക്രമത്തോടും സംയോജനത്തോടും കൂടി സ്ഥിതിചെയ്യും."

പരന്ത്രീസ് മഹാവിപ്ലവകാലത്തു ലയൺസിലെ ഒരു ന്യായാധിപൻ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു ഒരു വൈ

ദികനോട് ഇങ്ങനെ ചോദിക്കുകയുണ്ടായി: "ഭവിഷ്യ ജ്ജീവിതത്തിൽ തനിക്കു വിശ്വാസമുണ്ടോ?"

വൈദികൻ: "ഈ ദുർഭഗരാജ്യത്തിൽ ഇപ്പോൾ നടക്കുന്ന സംഭവങ്ങളെ കണ്ടുകൊണ്ടു ഭവിഷ്യജ്ജീവിതത്തിൽ ആർ അവിശ്വസിക്കും? ഞാൻ ഒരു അവിശ്വാസി ആയിരുന്നെങ്കിൽ തന്നെയും ദിവസം തോറും ഇവിടെ കണ്ടുമുട്ടുന്ന കാഴ്ചകൾ എന്നെ ഒരു വിശ്വാസി ആക്കുമായിരുന്നു."

ദുഷ്ടന്മാരുടെ ദണ്ഡമുക്തിയും അഭിവൃദ്ധിയും പോലെ മററൊന്നും ഭവിഷ്യജ്ജീവിതത്തിൻെറ — മരണാനന്തര ജീവിതത്തിൻെറ—ആസ്തിക്യത്തെ തെളിയിക്കുന്നതിനു പര്യാപ്തമല്ല. എന്ത്, ഒരു ഹെൻറി അഷ്ടമനു ശിക്ഷയില്ലെന്നോ? തോമസ് മൂറിനു പ്രതിക്രിയ ഇല്ലെന്നോ? നിരപരാധികളായ നിരവധിജനങ്ങളുടെ നിണം നിർദ്ദയം ചൊരിഞ്ഞ എലിസബത്തു നിത്യമായി നിഗ്രഹിക്കപ്പെട്ടവരുടെമേൽ വിജയിനി ആയിരിക്കുമെന്നോ? ഒരിക്കലുമില്ല. ദൈവനീതിയിൽ വിശ്വാസമുള്ളവരാരും അങ്ങനെ വിചാരിക്കുകയില്ല. പ്രതികാരത്തിൻെറ ഒരുദിവസം വരും. തിന്മയുടെ ഭരണം പിന്നീട് ഉണ്ടാവുകയില്ല. നീതിയും ശുദ്ധിയും സ്നേഹവും ജയിക്കും.

ഇല്ലെങ്കിൽ, നമ്മുടെ ഹൃദയാന്തർഭാഗങ്ങളിൽ നിന്നും ദൈവത്തെപ്പററിയുള്ള വിചാരംകൂടി നിഷ്കാസനം ചെയ്താൽ മതി. "ജഗത്തു തന്നെ സ്വയംനിർമ്മിതമായതാണ്. നമ്മുടെ ശരീരവും വിസ്മയനീയമായ ആ

ത്മാവും അചേതനവും ആകസ്മികവുമായ അണുക്കളുടേയും അംശങ്ങളുടേയും സങ്കരംമാത്രമാണു്. ആകാശത്തിലും ഭൂമിയിലും കാണുന്ന വാചാമഗോചരങ്ങളായ വിസ്മയനീയവസ്തുക്കളെല്ലാംതന്നെ സ്വയംസൃഷ്ടങ്ങളാണു്." എന്നിങ്ങനെയെല്ലാം വാദിക്കേണ്ടതായിവരും.

പക്ഷെ ഈദൃശം വാദിക്കുന്നവരെക്കാൾ ഭോഷന്മാരായി ജഗത്തിൽ മററാരുണ്ടു്?. നിരീശ്വരന്മാരെന്നു സ്വയം നടിക്കുന്നവർ പോലും കാലവിളംബമെന്യേ വിശ്വാസികളായിത്തീരുന്നുണ്ടു്. ഇവർ അവിശ്വസിക്കുന്നതുതന്നെയും ഓരോ കാൎയ്യലാഭേച്ഛയാലും ദുരദൃഷ്ടങ്ങൾ സംഭവിക്കുമ്പോൾ ഭഗ്നാശന്മാരാകുന്നതിനാലും മാത്രമാണു്. ഏതാദൃശഭോഷന്മാരുടെ വിനാശകരമായ സാന്നിദ്ധ്യത്തിൽനിന്നും ലോകം സുരക്ഷിതമാകട്ടെ.

ഭവിഷ്യൽകാലത്തു ഞാൻ ഉണ്ടായിരിക്കുകയില്ലെന്നു പറയുന്നതും, ഇപ്പോൾ "ഞാൻ" എന്നൊരാൾ ഇല്ലെന്നു പറയുന്നതും തമ്മിൽ വലിയ അന്തരമൊന്നും കാണുന്നില്ല. റോബർട്ടു് ബേൺസ് പറയുന്നു: "നമ്മിൽ ഏതോ ഒരംശം ഒരിക്കലും മരിക്കുകയില്ലെന്നുള്ള പ്രകൃതിയുടെ ഒരു സ്വരം മുഴങ്ങുകയും, ആകാശത്തിലെ ഗ്രഹങ്ങൾ അതിനു ദൌത്യം വഹിക്കുകയും ചെയ്യുന്നു."

ഭവിഷ്യജ്ജീവിതമുണ്ടെന്നുള്ളതു സാരഭൂതമായ ഒരു സത്യമാണെന്നുമാത്രമല്ല അതു് അവൎണ്ണനീയമായ ആശ്വാസത്തിന്റെയും സൗഭാഗ്യത്തിന്റെയും ആസ്ഥാനവുമാണു്. പണ്ഡിതസാൎവ്വഭൌമനും പുണ്യശ്ലോകനും ആയ

ഫ്രാൻസിസ് ഡിസെയിൽസ് ഇങ്ങനെ എഴുതിയിരിക്കുന്നു. "ഈശ്വരകാരുണ്യത്തിന്റെ ആധിക്യത്താൽ ലഭിക്കുവാനിരിക്കുന്ന സമ്മാനത്തെപ്പററിയുള്ള ഓൎമ്മ സാരവത്തായ ആശ്വാസത്തെ നമുക്കു പ്രദാനം ചെയ്യുന്നു. നിത്യത്വത്തിലേയ്ക്കു പ്രവേശിക്കുന്നതിനു നമ്മുടെ ആത്മാവു സൎവ്വദാ ആഗ്രഹിക്കുന്നു. നിത്യത്വത്തെപ്പററി സ്വാരസ്യത്തോടുകൂടിമാത്രമേ ഞാൻ ചിന്തിച്ചിട്ടുള്ളു.

"അപരിമിതമായ ഒരു അവസ്ഥയെ പ്രാപിപ്പാനുള്ള തൃഷ്ണയുടെ ഉത്പത്തി അപരിമിതമായ സത്തയോടുള്ള സാദൃശ്യത്തിലാണു സ്ഥിതിചെയ്യുന്നതു്. ഒരു വസ്തു മററൊന്നിനെ ആഗ്രഹിക്കണമെങ്കിൽ അവ തമ്മിൽ ഏതെങ്കിലും ഒരു സാമ്യം കൂടിയേ തീരൂ. എന്റെ വിചാരം നിത്യത്വത്തിന്മേലുള്ള ആഗ്രഹത്തെ അനുഗമിക്കുന്നതായി ഞാൻ കാണുമ്പോൾ, എന്റെ സന്തോഷം നിസ്തുലമായ അഭിവൃദ്ധിയെ പ്രാപിക്കുന്നു. ദുസ്സാധമായ യാതൊന്നും നാം ആഗ്രഹിക്കുന്നില്ലല്ലോ.

"നിത്യത്വത്തെ പ്രാപിക്കണമെന്നുള്ള ആഗ്രഹം തന്നെ അതിന്റെ വസ്തുതയെ ഏതാണ്ടു തെളിയിക്കുന്നില്ലയോ? എന്നാൽ പിന്നെ അതു് എനിക്കു ലഭിക്കുമെന്നുതന്നെ വിശ്വസിക്കരുതോ? നിത്യത്വത്തെ ആഗ്രഹിക്കുകയും അതേപ്പററി ചിന്തിക്കുകയും ചെയ്യാവുന്ന ഒരു ആത്മാവിനെ സൃഷ്ടിച്ച ഈശ്വരൻ അതിന്റെ ആഗ്രഹപൂൎത്തി വരുത്താതിരിക്കുകയില്ലെന്നു ദൈവത്തിന്റെ നിസ്സീമമായ നന്മ എന്നോടു് ഉപദേശിക്കുന്നു."

# V

## പരിശ്രമംകൊണ്ടു ശ്രീമാനാകാം

പരിശ്രമമാണോ ബുദ്ധിവൈശിഷ്ട്യമാണോ മാഹാത്മ്യത്തിന്റെ അസ്ഥിവാരം എന്നുള്ള തക്കം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. വിശ്വവിശ്രുതകവിയായ ഹോറെസ് പറയുന്നു: "കവിതാസൗകുമാര്യത്തിന്റെ അധിഷ്ഠാനം ബുദ്ധിവൈശിഷ്ട്യമാണോ; അല്ല. പരിശ്രമമാണോ; അതുമല്ല. പിന്നെയോ രണ്ടുംകൂടിയാണ്. കലകൾ പ്രകാശിക്കണമെങ്കിൽ ബുദ്ധിയോടുകൂടിയ പരിശ്രമവും, പരിശ്രമത്തോടുകൂടിയ ബുദ്ധിയും ആവശ്യമായിട്ടുള്ളതാകുന്നു. ഒന്നിന്റെ ന്യൂനത മററതു പരിഹരിക്കും. രണ്ടു സഖാക്കളെപ്പോലെ അവ ഏകയോഗമായി വത്തിക്കുന്നു."

എങ്കിലും സാഹിത്യത്തിലും സംഗീതത്തിലും ശാസ്ത്രത്തിലും പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള മഹാന്മാരിൽ ഭൂരിപക്ഷവും പരിശ്രമത്തിനാണു പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. പരിശ്രമംകൊണ്ടു സാധിക്കാൻ പാടില്ലാത്തതായി യാതൊന്നുമില്ലെന്നുകൂടി പറയുന്നതിന് അവർ മടിച്ചിട്ടില്ല. ബുദ്ധിവൈശിഷ്ട്യമെന്നുവെച്ചാൽ തന്നെ "വിഷമതകളെ പരിഹരിക്കാനുള്ള ശക്തി"യാണെന്നാണ് അവരുടെ അഭിപ്രായം. സാഹിത്യത്തി

ലോ, ശാസ്ത്രത്തിലോ, മീമാംസകളിലോ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ളവരൊക്കെയും നിസ്തന്ദ്രപരിശ്രമികളായിരുന്നു.

സുപ്രസിദ്ധ പ്രകൃതിശാസ്ത്രജ്ഞനായ ബഫണിന്റെ അഭിപ്രായത്തിൽ ക്ഷമയാണു ബുദ്ധിവൈശിഷ്ട്യം. നിസ്തന്ദ്രമായ പ്രവൃത്തിയിലും പ്രതീക്ഷയിലുമാണത്രേ മഹാന്മാരുടെ വിജയം അന്തർഭവിച്ചിരിക്കുന്നതു്. അദ്ദേഹം പറയുന്നു: "കണ്ടുപിടിത്തം ക്ഷമയെയാണു് ആശ്രയിച്ചിരിക്കുന്നതു്. ഏതെങ്കിലും വിഷയത്തെപ്പററി ദീർഘമായി ചിന്തിക്കുക. അപ്പോൾ അതു ക്രമേണ വികസിച്ചു വിദ്യുൽസ്ഫുലിംഗത്താലെന്നപോലെ മജ്ജയെ തട്ടിയുണർത്തി ഒരു ഉത്തേജനാതപത്തെ ഹൃദയാന്തർഭാഗത്തിൽ പ്രവേശിപ്പിക്കും. തദനന്തരമാണു ബുദ്ധിവൈശിഷ്ട്യത്തിന്റെ സുഖാനുഭൂതി ആവിർഭൂതമാകുന്നതു്. നിർമ്മാണത്തിന്റെയും, രചനയുടേയും വിനാഴികകളാണു് അവ. പന്ത്രണ്ടും പതിന്നാലും മണിക്കൂറുകൾ തുടർച്ചയായി എഴുത്തുമേശയുടെ അടുക്കൽ ഇരുന്നാലും യാതൊരു വിഷമതയും എനിക്കു തോന്നീട്ടില്ലെന്നു മാത്രമല്ല, സന്തോഷം അനുഭവിച്ചിട്ടുകൂടിയുമുണ്ടു്."

ആൽസെസ്റ്റീസ് എന്ന എഴുത്തുകാരൻ യൂറിപ്പിഡീസിനോടു 'വീരവാദ'മായി പറഞ്ഞു: "താങ്കൾ മൂന്നു ദിവസംകൊണ്ടല്ലയോ മൂന്നു ശ്ലോകമെഴുതിയതു്. ആ നേരംകൊണ്ടു ഞാൻ ഒരു നൂറെണ്ണം എഴുതിത്തീർത്തല്ലോ."

യൂറിപ്പിഡീസ് പറഞ്ഞു:– "ശരിയാണു്; പക്ഷേ, നിങ്ങളുടെ നൂറു നാലുനാലികളും മൂന്നു ദിവസംമുമ്പേ

ചത്തുമലയ്ക്കും. എൻെറ മൂന്നാകട്ടെ എന്നെന്നേക്കും ജീവിക്കും."

വാഗ്മിപ്രവരനായ ഡെമോസ്തനീസ് എന്തു ഭഗീരഥപ്രയത്നം ചെയ്തതിനുശേഷമാണ് ആതൻസ് നഗരത്തിലെ കണ്ണിലുണ്ണിയായിത്തീൎന്നതെന്ന് ഏറക്കുറെ പ്രസിദ്ധമാണ്. ഭൂമിക്കടിയിൽ ഒരു ഗുഹ പണിചെയ്തുണ്ടാക്കി രണ്ടും മൂന്നും മാസം ഏകാകിയായിരുന്നുകൊണ്ടു ഗ്രന്ഥപാരായണം ചെയ്യും. പഠനം പൂൎത്തിയാകുന്നതിനുമുമ്പു പുറമെ സഞ്ചരിപ്പാതിരിപ്പാൻ വേണ്ടി ആ അതിമാനുഷൻ തലയുടെ ഒരു ഭാഗം മുണ്ഡനം ചെയ്യുമായിരുന്നു. അവിടെവെച്ചാണ് ഇപ്പോൾ സുപ്രസിദ്ധങ്ങളായിത്തീൎന്നിരിക്കുന്ന അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ വിരചിതങ്ങളായിട്ടുള്ളതു്. അസൂയാകുക്ഷികളായ മത്സരബുദ്ധികൾ ഇവയെ പുഛിച്ച് ഇങ്ങനെ പറഞ്ഞു: "ഈ പ്രസംഗങ്ങൾക്കു വിളക്കെണ്ണയുടെ ഗന്ധമുണ്ടല്ലോ." "നിങ്ങളുടെ പ്രസംഗരചനയ്ക്കു് അത്രയും പ്രയാസം ഉണ്ടായില്ലായിരിക്കാം" എന്നായിരുന്നു ഡെമോസ്തനീസിൻെറ മറുപടി. ചരിത്രകാരനായ തുസിഡ്ഡിസിൻെറ ഭാഷാരീതി കരസ്ഥമാക്കാൻവേണ്ടി ഡെമോസ്തനീസ് അദ്ദേഹത്തിൻെറ കൃതികളെ എട്ടുപ്രാവശ്യം പകൎത്തിയത്രേ.

സിസറോയുടെ ബുദ്ധി അദ്വിതീയമായ ഒന്നല്ലായിരുന്നു. പ്രജ്ഞാശക്തിയുടെ പ്രാധാന്യത്തെക്കാൾ നാനാഗുണങ്ങളുടെ സങ്കലനമാണ് അദ്ദേഹത്തെ പ്രസിദ്ധനാക്കിത്തീൎത്തതു്. റോമാ സാഹിത്യസാമ്രാജ്യത്തിൽ അദ്ദേ

ഹത്തിനു സിദ്ധിച്ച അദ്വിതീയമായ സ്ഥാനത്തിന്റെ ഹേതു നിരന്തരമായ പരിശ്രമമാണ്. വാഗ്വിലാസവികാസത്തിനായി അദ്ദേഹം പ്രത്യേകം ശ്രദ്ധപതിക്കാറുണ്ടായിരുന്നു. തലസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ പ്രാസംഗികന്മാരുടേയും പ്രസംഗങ്ങൾ കേൾക്കാൻ അദ്ദേഹം പോകും. മടങ്ങിവന്നശേഷം, കേട്ട പ്രസംഗങ്ങളെ രാത്രിയിൽ വളരെ പണിപ്പെട്ടു വീണ്ടുംവീണ്ടും ഉച്ചത്തിൽ പ്രസംഗിക്കും. അദ്ദേഹം ഒരു സമയവും വൃഥാ കളഞ്ഞിട്ടില്ല. സ്വസഖാക്കൾ നാടകങ്ങൾക്കും കളികൾക്കും വിനോദങ്ങൾക്കും മററുമായി വ്യയംചെയ്യുന്ന സമയത്തെ സിസറോ ഗ്രന്ഥപാരായണത്തിന്നായി ഉപയോഗിച്ചിരുന്നു. എന്തിനേറെ? ശയനാശനപാനാദികൾക്കുകൂടി സമയവ്യയം ചെയ്യാൻ അദ്ദേഹത്തിനു തൃപ്തിയില്ലായിരുന്നത്രേ. വിശ്രമത്തിന്നായി സ്വല്പനേരം നടക്കുക പതിവായിരുന്നെങ്കിലും ആ നേരത്തും തത്വചിന്തകളിലും ധ്യാനത്തിലും സിസറോ നിരതനായിരുന്നുപോൽ!

ഫെനലൻ എന്ന സുപ്രസിദ്ധ ഗ്രന്ഥകാരനാൽ വിരചിതമായ ടെലമാർക്കസ് എന്ന ഗ്രന്ഥം പതിനെട്ടു പ്രാവശ്യം മാററിയെഴുതിയശേഷമാണു തൽപ്രണേതാവു മുദ്രാലയത്തിൽ ഏല്പിച്ചതു്.

പ്രശസ്തപ്രാസംഗികനായ ഹെൻട്രി ക്ലേ എന്ന മഹാൻ എഴുതുന്നു: "എന്റെ വിജയഹേതു വെറും നിസ്സാരമായ ഒന്നാണ്. എനിക്കു് ഇരുപത്തിയേഴ വയസ്സായിരുന്നപ്പോൾ, ശാസ്ത്രീയമോ ചരിത്രപരമോ ആയ

ഏതെങ്കിലും ഒരു പുസ്തകത്തിൽനിന്നു കുറേനേരം ദിവസംതോറും ഉച്ചത്തിൽ ഞാൻ വായിക്കുകയും അതുതന്നെ പിന്നീടു പ്രസംഗിക്കുകയും ചെയ്തുവന്നു. ചിലപ്പോൾ വയലിൽവച്ചു കുസുമങ്ങളോടും തൊഴുത്തുകളിൽ വെച്ചു കാളകളോടും കഴുതകളോടും ആണു ഞാൻ ഇങ്ങനെ പ്രസംഗിച്ചുവന്നതു്. ചെറുപ്പത്തിലേയുള്ള ഈ പരിശീലനമാണു പില്ക്കാലത്തെ എന്റെ വിജയത്തിനു് അസ്ഥിവാരമായിത്തീർന്നതു്."

ഡാനിയൽ വെബ്സ്റ്റർ നല്ലൊരു വാഗ്മിയായിത്തീർന്നതിന്റെ പ്രധാനകാരണം അദ്ദേഹത്തിന്റെ നിസ്തന്ദ്രയത്നമല്ലാതെ മറ്റൊന്നുമല്ല. പ്രസംഗം പറയുന്നതിനു മുമ്പായി അദ്ദേഹം എഴുതി പലപ്രാവശ്യം തിരുത്തിയശേഷം ഹൃദിസ്ഥമാക്കിക്കൊണ്ടാണത്രെ രംഗപ്രവേശം ചെയ്തതു്. ഇംഗ്ലീഷ് ഭാഷയിലെ അത്യുത്തമ പ്രസംഗപ്രബന്ധമായ "പ്ളിമത്ത് പ്രസംഗം" ഒരു വർഷത്തേ പരിശോധനയുടെയും തിരുത്തലിന്റെയും ശേഷമേ അച്ചടിപ്പിച്ചുള്ളു. "തൃപ്തികരമായ ഒരുക്കം കൂടാതെ പ്രസംഗിക്കാൻ പോകുന്നതും അർദ്ധനഗ്നനായി സദസ്സിൽ പ്രത്യക്ഷനാകുന്നതും തമ്മിൽ യാതൊരു ഭേദവുമില്ലെ"ന്നു് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി.

മഹാകവി വെർജിലിന്റെ "പാസ്റ്ററൽ കവിതകൾ" എന്ന ചെറിയ കൃതി മൂന്നു വർഷത്തെ പരിശ്രമത്തിന്റെ ഫലമാണത്രെ. "ജോർജ്ജിക്സ്" ഏഴുവർഷം കൊണ്ടും, "ഏനെയിഡ്" പത്തുവർഷം കൊണ്ടുമാണത്രെ അദ്ദേഹം എഴുതിത്തീർത്തതു്. പത്തുവർഷം തിരുത്തിയിട്ടും "ഏനെയിഡി"ന്റെ ന്യൂനതകൾ മുഴുവനും പരി

ഹരിക്കപ്പെട്ടിട്ടില്ലെന്നുള്ള ബോദ്ധ്യത്താലും ആ സനാമരണനായിത്തീന്നതിനാലും വീണ്ടും തിരുത്താൻ സാധിക്കയില്ലയെന്നു വെച്ച് ആ ഗ്രന്ഥം ചുട്ടുകളയുന്നതിനായി തൻെറ ആപ്തമിത്രങ്ങളായ വേറിയസിനോടും ടുക്കാ യോടും അദ്ദേഹം ആജ്ഞാപിക്കുകയുണ്ടായി. പക്ഷെ ദൈവഗത്യാ കൈസർ വിവരമറിഞ്ഞു തടസ്സം ചെയ്തതിനാൽ ആ നിത്യകവിതാമൃതത്തെ ആസ്വദിക്കുന്നതിന്നു നമുക്കു ഭാഗ്യം സിദ്ധിച്ചു എന്നേയുള്ളു.

ഹാസ്യകവനത്തിനു പ്രസിദ്ധനായ ഹോറസ് പതിനഞ്ചു വഷംകൊണ്ടാണു "കവിതാരഹസ്യം" എന്ന കാവ്യം എഴുതിത്തീത്തതെന്നു ബൻറിലി സാക്ഷ്യം വഹിക്കുന്നു.

പ്രസിദ്ധകവിയായ അലക്സാണ്ഡർ പോപ്പിൻെറ പരിശ്രമശീലത്വത്തപ്പററി ഡാക്ടർ ജോൺസൺ ഇങ്ങനെ പറയുന്നു: "അദ്ദേഹത്തിന് (പോപ്പിന്) ഏററവും ഹഷജനകമായ സമയം പരിശ്രമവേളയാണ്. അദ്ദേഹം പദങ്ങളും പാദങ്ങളും അതിസൂക്ഷ്മമായി പരിശോധിക്കുകയും, ഓരോ ഭാഗവും അസാമാന്യശ്രദ്ധയോടെ മാററിയും മറിച്ചും ചേക്കുകയും ചെയ്ക സാധാരണമായിരുന്നു. അദ്ദേഹം കൈയെഴുത്തുപ്രതികാം നാലുപ്രാവശ്യം തിരുത്തിയും മാററിയും എഴുതിയ ശേഷമേ മുദ്രാലയത്തിലേയ്ക്കു അയയ്ക്കുമായിരുന്നുള്ളു."

ആംഗ്ലേയഭാഷാസാഹിത്യത്തിലെ ഒരുത്തമഗ്രന്ഥസമുച്ചയമാണല്ലോ 'സ്പെക്റേററർ.' ഓരോ ലക്കത്തിലും കാണിച്ചിരുന്ന തീയതികളിലാണ് അവ രചിക്കപ്പെട്ടതെന്നു വായനക്കാക്ക് ഒരുപക്ഷെ തോന്നിയിരുന്നിരി

ക്കാം: എങ്കിലും സ്പെക്ടേററർ ആരംഭിക്കുന്നതിന്ന മുമ്പായി മൂന്നു വർഷത്തേയ്ക്കുള്ള സകല പ്രതികളും അഡിസൻ എഴുതിത്തീർത്തിട്ടുണ്ടായിരുന്നു.

'പറുദീസാനഷ്ടം' എന്ന കീർത്തിപ്പെട്ട കാവ്യം രചിക്കുന്നതിന്ന മുമ്പായി അഞ്ചുവർഷക്കാലം തൽകർത്താവായ മിൽട്ടൻ ഏകാന്തമായിരുന്നു പുരാതനഗ്രന്ഥകാരന്മാരുടെ കൃതികളെ പാരായണം ചെയ്തുവത്രെ.

മൂർ എന്ന കവി ഒരു ദിവസത്തിൽ പത്തുപാദം എഴുതിയാൽ അതൊരു ദിനകൃത്യമായിട്ടു പരിഗണിച്ചു കൃതാൎത്ഥത അടയാറുണ്ടായിരുന്നു. ഒരൊററ പദത്തിന്ന വേണ്ടി ചിലപ്പോൾ അദ്ദേഹം അനേകം ആഴ്ച്ചവട്ടങ്ങൾ കാത്തിരിക്കാറുണ്ടായിരുന്നത്രെ.

"ബൈറൺപ്രഭുവിൻെറ പദ്യകൃതികൾ" എന്ന ഗ്രന്ഥശേഖരത്തിൽ "ചൈൽഡ് ഹാരോൾഡ്" എന്ന കൃതിയുടെ ഒരു പക്ഷത്തിൻെറ ശരിഫോട്ടോ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതിൽ കാണുന്ന തിരുത്തലുകളും വെട്ടുകളും അസംഖ്യങ്ങളാകുന്നു. പലേടങ്ങളിലും ഒരേ പദത്തേതന്നെ അനേകം പ്രാവശ്യം മാററി എഴുതിക്കാണുന്നു. പ്രസിദ്ധപ്പെടുത്തപ്പെട്ട പേജ് കൈയെഴുത്തുപ്രതിയുടെ ആകെയുള്ള പക്ഷങ്ങളുടെ ഒരു സാധാരണമാതൃകയാണുതാനും. അതിലെ ആദ്യത്തെ രണ്ടു ഖണ്ഡങ്ങൾക്കായിട്ടുതന്നെ പ്രഭു നാലുവർഷങ്ങൾ ചെലവാക്കീട്ടുണ്ടുപോൽ.

താൻ എഴുതിയ ഒരു പാദം ടെനിസൻ മനഃപാഠ

മായി ചൊല്ലിക്കേൾപ്പിച്ചപ്പോൾ ഒരു സ്നേഹിതൻ ഇങ്ങനെ പറഞ്ഞു.- "ഹേ! മിസ്റ്റർ ടെനിസൻ, ഈ പാദം രചിക്കുന്നതിനു നിങ്ങൾക്കു വലിയ ശ്രമമൊന്നും വേണ്ടിവന്നില്ലായിരിക്കണം. ഇതിലെ പദങ്ങൾ അത്ര നിരർഗ്ഗളമായി ഒഴുകുകയും, അത്ര സ്വാഭാവികമായി യോജിക്കുകയും ചെയ്യുന്നല്ലോ. ഇവ തീർച്ചയായും നിങ്ങളുടെ മനസ്സിൽ അയത്നസുലഭമായി ഉദിച്ചതാണ്." കവി ശാന്തമായി മറുപടി പറഞ്ഞു. "നല്ല ശിക്ഷയായി. ആ നാലു പാദങ്ങൾ എഴുതിയ സമയത്തിനുള്ളിൽ ഒരു പെട്ടി സിഗാർ ഞാൻ വലിച്ചിട്ടുണ്ട്." ടെനിസൻെറ ഒന്നാമത്തെ കൃതി പ്രസിദ്ധപ്പെടുത്തിയതിനുശേഷം പത്തുവർഷത്തേയ്ക്കു അദ്ദേഹത്തെപ്പററി ലോകം ഒന്നുംതന്നെ കേട്ടിരുന്നില്ല. ആ ദീർഘകാലം മുഴുവനും അദ്ദേഹം രണ്ടാമത്തെ ഗ്രന്ഥനിർമ്മാണത്തിൽ ബദ്ധശ്രദ്ധനായിരിക്കുകയായിരുന്നു.

ആംഗ്ലേയഭാഷാസാഹിത്യലോകത്തിൽ അഡിസനോടൊപ്പം സ്ഥിരപ്രതിഷ്ഠ സിദ്ധിച്ചിട്ടുള്ള കാർഡിനൽ ന്യൂമാൻ 1869-ൽ ജോൺ ഹെയിസ് എന്ന പണ്ഡിതന് ഇപ്രകാരം എഴുതുകയുണ്ടായി. "എൻെറ കൃതികളെല്ലാംതന്നെ വളരെ പണിപ്പെട്ടു രചിക്കപ്പെട്ടവയാണ്. ചില അദ്ധ്യായങ്ങൾ പലപ്രാവശ്യം മാറി എഴുതേണ്ടതായും വന്നിട്ടുണ്ട്. എൻെറ ഈ ദീർഘപരിശീലനത്തിനുശേഷവും യാതൊരഭിവൃദ്ധിയും ഞാൻ കാണുന്നില്ല. മുപ്പതുവർഷത്തിനു മുമ്പു മാറിയും തിരുത്തിയും എഴുതാറുണ്ടായിരുന്നതുപോലെതന്നെ ഇന്നും ചെയ്യുന്നതിനു ഞാൻ നിർബ്ബന്ധിതനായിരിക്കുന്നു."

വിശുദ്ധ പുസ്തകത്തിലെ "ഈശ്വരപ്രേരണ" എന്ന ചെറുപ്രബന്ധം ഒരു വർഷത്തിൽപരം സമയം കൊണ്ടാണത്രേ ന്യൂമാൻ എഴുതിത്തീർത്തതു്. പക്ഷെ അദ്ദേഹത്തിൻെറ കൃതികൾ വായിച്ചിട്ടുള്ളവരിലാരും തന്നെ ഈ വാസ്തവത്തെപ്പററി ഊഹിക്കകപോലും ചെയ്കയില്ല. എന്തെന്നാൽ അദ്ദേഹത്തിൻെറ ഭാഷാരീതി അത്ര സുഗമമാണു്. പ്രത്യക്ഷത്തിൽ ആ രീതി ശ്രമരഹിതമെന്നു തോന്നും. സുവ്യക്തവും സരളവും ആയ പ്രവാഹംപോലെയാണു് അദ്ദേഹത്തിൻെറ ഭാഷാരീതി. പദദാരിദ്ര്യം അദ്ദേഹം എപ്പോഴെങ്കിലും അനുഭവിച്ചിട്ടുണ്ടോ എന്നു തോന്നുന്നില്ല. "ഉചിതപദം ഉചിതസ്ഥാനത്തു്" എന്നുള്ളതു് അദ്ദേഹത്തിൻെറ ഭാഷാരീതിയുടെ ഒരു പ്രത്യേകതയാണു്. ഈ സ്ഥിതിക്കു വളരെ പണിപ്പെട്ടാണു ന്യൂമാൻ പ്രബന്ധം രചിച്ചിട്ടുള്ളതെന്നു് അദ്ദേഹം തന്നെ പറഞ്ഞില്ലെങ്കിൽ, പലരും തെററിദ്ധരിക്കുമായിരുന്നുവെന്നു തീർച്ചയാണു്.

പ്രസിദ്ധ നോവലെഴുത്തുകാരനായ ചാറൽസ് ഡിക്കൻസ് ഒരു നിമിഷഗ്രന്ഥകാരനെന്നാണു പൊതുവേ അറിയപ്പെട്ടിട്ടുള്ളതു്. പക്ഷെ അദ്ദേഹത്തിൻെറ കൃതികൾ വളരെക്കാലത്തെ ശ്രമത്തിൻെറയും ശ്രദ്ധയുടേയും ഫലമാണെന്നു് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടു്.

"ഡിവിനാ കൊമേഡിയാ" എന്ന ഗ്രന്ഥം മുപ്പതു വർഷം കൊണ്ടാണുപോലും ഡാൻെറ എഴുതിത്തീർത്തതു്.

"എലിജി" എന്ന ലഘുകാവ്യം ഏഴു വർഷം കൊണ്ടാണു മഹാനായ ഗ്രേ പൂർത്തിയാക്കിയതെങ്കിലും അതിൻെറ

പാരായണത്തിൽ ജനതതി പ്രദർശിപ്പിക്കുന്ന പക്ഷപാതം കവിയുടെ കീർത്തിയെ സുസ്ഥിരമാക്കുന്നു. ക്ഷിപ്രനിർമ്മാണം ക്ഷുദ്രപാരായണമാണെന്നുള്ള തത്വം അനാപ്തമാണെങ്കിൽ തദ്വിപരീതാശയവും യഥാർത്ഥമാണ്. എന്തെന്നാൽ ഗ്രന്ഥകാരൻ പുസ്തകനിർമ്മാണത്തിൽ എത്രമാത്രം ക്ലേശം സഹിക്കുന്നുവോ അത്രമാത്രം എളുപ്പം വായനക്കാർക്ക് ഉണ്ടാകും. ഈ തത്വം എല്ലാ സാഹിത്യത്തിലും ഒന്നുപോലെ പററുന്നതാണ്.

മലയാളഭാഷാസാഹിത്യത്തിലെ അദ്വിതീയജ്യോതിസ്സായ "ഉമാകേരളം" മഹാകാവ്യത്തിൻെറ സൃഷ്ടി വെറും നേരംപോക്കല്ലെന്നു തൽകർത്താവു മുഖവുരയിൽ പറഞ്ഞിട്ടുണ്ട്. "എൻെറ കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങളിലെ സാഹിത്യപരിശ്രമത്തിൻെറ പ്രധാനഫലമായ ഉമാകേരളമഹാകാവ്യത്തെ ഏററവും വിനയത്തോടും ഭയത്തോടുംകൂടി ഇതാ വായനക്കാരുടെ മുമ്പാകെ കാഴ്ചവെച്ചുകൊള്ളുന്നു. എൻെറ മാന്യസുഹൃത്തും വിശിഷ്ടകവിയുമായ പന്തളത്തു കേരളവർമ്മത്തമ്പുരാൻ അവർകളും അദ്ദേഹത്തിൻെറ രുഗ്മാംഗദചരിതവും ഞാൻ എൻെറ ഉമാകേരളവും ഒരേകാലത്താണ് ആരംഭിച്ചതു്. പക്ഷേ വശ്യവാക്കും കുശാഗ്രബുദ്ധിയുമായ അവിടത്തെ കാവ്യം ഒരു കൊല്ലംകൊണ്ടവസാനിച്ചു. മന്ദനും അസ്വതന്ത്രനുമായ എൻേറതിന് ഒരററമെത്തുവാൻ നാലഞ്ചുകൊല്ലവും വേണ്ടിവന്നു. കൂട്ടുകാരനെ ഉദ്ദേശിച്ചു വാസ്തവത്തിൽ അദ്ദേഹം വളരെക്കാലം കെട്ടിക്കിടക്കുകയായിരുന്നു. അതാണു രുഗ്മാംഗദചരിതത്തിൻെറ പ്രസിദ്ധീകരണത്തിന് ഇത്രമേൽ കാലതാമസം നേരിട്ടതു്. അ

വിട്ടത്തെ പിററകേയായി ഒരുവിധത്തിൽ ഉന്തിയും തള്ളിയും തുഴഞ്ഞും ഇതാ ഞാൻ എൻെറ ഗ്രന്ഥവുംകൊണ്ടു വന്നു കടവിൽ അടുപ്പിച്ചിരിക്കുന്നു."

തമ്പുരാൻ രുഗ്മാംഗദചരിതവഞ്ചിയെ മുമ്പേ കടവിൽ അടുപ്പിച്ചുവെങ്കിൽ അതു മുമ്പേ യാത്രാരംഭമായെക്കാം. പരമേശ്വരയ്യരുടെ ഉമാകേരളവഞ്ചിയാകട്ടേ വഞ്ചിഭൂമിയോടൊപ്പം നിലനിന്നേക്കാം.

പരേതനായ കുമാരനാശാൻെറ "നളിനി" ഒരു ഖണ്ഡകാവ്യമാണെങ്കിലും മൂന്നുവഷത്തിനുമേൽ പരിശ്രമിച്ചിട്ടേ അതു പൂത്തിയായുള്ളു എന്നു കാണുന്നു. അദ്ദേഹം പറയുന്നു. "ഞാൻ നളിനി എഴുതാൻ ആരംഭിച്ചിട്ടു മൂന്നുകൊല്ലത്തിനുമേലാകും. മിതവാദിയിൽ നിന്നു് എൻെറ "വീണപൂവു്" പകത്തിയെഴുതിയതു സുബ്രഹ്മണ്യൻപോററി ബി. എ. അവർകൾ ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയകാലത്താണു് ഇതു തുടങ്ങിയതു്. പിന്നെ പല അസൌകയ്യങ്ങളാലും പൂത്തിയാകാതെ കിടക്കുന്ന ഏതാനും ഖണ്ഡകൃതികൾ അടങ്ങിയ എൻെറ നോട്ടുപുസ്തകവനത്തിൽ വളരെക്കാലം തപസ്സുചെയ്തശേഷം ഈ കൃതിയിൽ പ്രത്യേകമുള്ള എൻെറ ഒരു സ്നേഹംകൊണ്ടും ബി. വി. ബുക്കുഡിപ്പോക്കാരുടെ ഉത്സാഹംകൊണ്ടുമാണു കഴിഞ്ഞ ഇംഗ്ലീഷ്‌വർഷാവസാനത്തോടുകൂടിയെങ്കിലും നളിനിക്കു ദിവാകരസ്സമ്മുണ്ടാവാൻ ഇടയായതു്."

"പരന്ത്രീസ് വിപ്ലവത്തെപ്പററിയുള്ള വിമർശനങ്ങൾ" എന്ന പ്രസിദ്ധകൃതിയുടെ പ്രൊഫ്‌ഷീററുകളെ

പന്ത്രണ്ടുപ്രാവശ്യം തിരുത്തിയശേഷമാണു തൽകത്താവായ എഡ്മണ്ടു് ബക്ക് അതു് ഒടുവിൽ പ്രസിദ്ധപ്പെടുത്തിയതെന്നു കാണുന്നു.

"റോമൻസാമ്രാജ്യത്തിൻെറ അധോഗതിയും അധഃപതനവും" എന്ന കൃതിയുടെ രചനയെപ്പററി 1764 ൽ ആണു തൽപ്രണേതാവായ ഗിബ്ബൺ ഇദംപ്രഥമമായി തീരുമാനിച്ചതു്. അതു പൂത്തിയാക്കിയതു് ഇരുപത്തിമൂന്നുവർഷംകൊണ്ടാണെന്നു് അദ്ദേഹംതന്നെ എഴുതിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ "സ്മരണകൾ" എന്ന കൃതി ഒമ്പതുപ്രാവശ്യം തിരുത്തി എഴുതിയശേഷമാണത്രെ അച്ചടിപ്പിച്ചതു്.

പ്രസിദ്ധതത്വശാസ്ത്രജ്ഞനായ ഹ്യൂം പ്രതിദിനം പതിമൂന്നു മണിക്കൂറുനേരം പതിനഞ്ചുവർഷത്തേയ്ക്കു പ്രയത്നിച്ചാണ് ഇംഗ്ലണ്ടിൻെറ ചരിത്രം എഴുതി പൂത്തിയാക്കിയതെന്നു കാണുന്നു. അതേ വിഷയത്തെപ്പററി തന്നെ പന്ത്രണ്ടുവർഷംകൊണ്ടാണു ഡാക്ടറർ ലിങ്കാർഡ് ഒരുകൃതി എഴുതി അച്ചടിപ്പിച്ചതു്.

അല്ലീസൺ എന്ന ഗ്രന്ഥകാരൻ എഴുതിയ 'യൂറോപ്യചരിത്രം' ഇരുപത്തിനാലുവഷം കൊണ്ടാണത്രെ പൂത്തിയാക്കിയതു്, മെക്കാളെ എഴുതിയ 'ഇംഗ്ലണ്ടിൻെറ ചരിത്രം മുഴുവനാക്കിയതു് എട്ടുവർഷം കൊണ്ടാണു്.

പ്രസിദ്ധ പരന്ത്രീസ് പണ്ഡിതനായ മോണ്ടെസ്ക്യൂ ഒരു സ്നേഹിതന്നു് ഇങ്ങനെ എഴുതി. "ഈ കൃതി

നിങ്ങൾ ഏതാനും മണിക്കൂറിനുള്ളിൽ വായിച്ചുതീക്കും. പക്ഷെ അതു പൂത്തിയാക്കുന്നതിൽ ഞാൻ ചെയ്ത ശ്രമത്തിൻെറയും സഹിച്ച കഷ്ടതയുടേയും ആധിക്യത്താൽ എൻെറ തല നരച്ചുപോയിരിക്കുന്നു."

മലയാളി ടാഗോർ എന്ന ധന്യനാമത്താൽ പ്രസിദ്ധനായിത്തീന്നിരിക്കുന്ന വള്ളത്തോൾ ചെറുപ്പത്തിൽ ഇത്ര പദ്യം വീതം എല്ലാദിവസവും രചിക്കും എന്നൊരു നിർബന്ധം വെച്ചിട്ടുണ്ടായിരുന്നു. ഇപ്പോഴത്തെ അദ്ദേഹത്തിൻെറ അസൂയാജനകമായ ശ്രേയസ്സിൻെറ അടിസ്ഥാനം അതാണു്.

വലിയ പ്ലിനി എന്ന പ്രകൃതിശാസ്ത്രജ്ഞൻ സമയവിനിയോഗത്തിൽ വലിയ ശ്രദ്ധാലുവും മിതവ്യയശീലനുമായിരുന്നു. അദ്ദേഹം സെനററു ഹൗസിലേയ്ക്കു പോകുന്ന സമയത്തു കൂടി എഴുതുകയോ വായിക്കുകയോ ചെയ്യാൻ വേണ്ടി പല്ലക്കിൽ ആയിരുന്നു യാത്ര ചെയ്തിരുന്നതു്. ഭക്ഷണസമയത്തു പോലും അദ്ദേഹം അന്യരെക്കൊണ്ടു വായിപ്പിച്ചു കേൾക്കുക പതിവായിരുന്നു.

പരേതനായ വന്ദ്യദിവ്യശ്രീ നിധീരിക്കൽ മാണിക്കത്തനാർ ഒരേ സമയത്തുതന്നെ പല ജോലികളും ചെയ്യുക പതിവായിരുന്നു. മൂന്നുനോയമ്പു തിരുനാളിൻെറ തലേരാത്രിയിൽ കുറവിലങ്ങാട്ടേ തിക്കും തിരക്കും എത്ര അധികമാണെന്നു് അനുഭവസ്ഥ [illegible] 03
ലേ മൂന്നു നോയമ്പിൻെറ തലേ [illegible] ാരു
ടെ മുറിയിൽ ഈ ലേഖകനമു [illegible] യം

MUL
165534
165534
38462
032:6y3

അദ്ദേഹം സ്വശിഷ്യന്മാരെക്കൊണ്ട് ഏതോ വായിപ്പിച്ചു കേൾക്കുകയും, അത്താഴം ഉണ്ണുകയും, ഒരു കേസ് വിസ്തരിക്കുകയും ഗുമസ്തന് ഒരു ഹർജ്ജിയുടെ വാചകം പറഞ്ഞുകൊടുക്കുകയും ചെയ്യുന്ന വിസ്മയാവഹമായ കാഴ്ച കാണ്മാൻ എനിക്ക് ഇടയായിട്ടുണ്ട്.

മാണിക്കത്തനാരുടെ അസാമാന്യമായ വിജയത്തിൻെറ ഹേതുക്കളിൽ പ്രധാനം അദ്ദേഹത്തിൻെറ പരിശ്രമാധിക്യത്തിനായിരുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നുണ്ടല്ലോ. മഹാനായ അക്ബറും ഒരേസമത്തു പല ജോലികളും ചെയ്യുന്നതിനു വിരുതനായിരുന്നുവെന്നു കാണുന്നു.

'ക്രോണോളജി' എന്ന ഗ്രന്ഥം പതിനഞ്ചു പ്രാവശ്യം ആവർത്തിച്ചും തിരുത്തിയും എഴുതിയശേഷമാണ് സർ ഐസക്ക് ന്യൂട്ടൺ പ്രസിദ്ധപ്പെടുത്തിയത്. അദ്ദേഹം ഡാക്കടർ ബെൻറിലിയോട് ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി. 'ഞാൻ പൊതുജനങ്ങൾക്കു വല്ല നന്മയും ചെയ്തിട്ടുണ്ടെങ്കിൽ അതു പരിശ്രമത്തിൻെറയും ക്ഷമാസമ്മുഖമായ ചിന്തനത്തിൻെറയും ഫലം കൊണ്ടല്ലാതെ മററൊന്നുകൊണ്ടും അല്ല."

"പുതിയ നിയമത്തിൻെറ വ്യാഖ്യാനം" എന്ന കൃതിയുടെ മുഖവുരയിൽ തൽകർത്താവായ ആഡംക്ലാക്ക് എന്ന മഹാൻ ഇപ്രകാരം പറയുന്നു. "ഈ കൃതി അച്ചടിക്കാൻ കൊടുക്കുന്നതിനു മുമ്പായി ഇരുപത്തഞ്ചു വർഷത്തോളം ഇതിൻെറ രചനയ്ക്കായി ഞാൻ ചെലവാ

ക്കിട്ടുണ്ട്. പ്രസ്സിൽ കൊടുത്തതിന്റെ ശേഷവും പതിനഞ്ചുവർഷം കൊണ്ടെ അതു പ്രസിദ്ധപ്പെടുത്തുവാൻ എനിക്കു സാധിച്ചുള്ളു. ഇങ്ങനെ എന്റെ ജീവിതകാലത്തിന്റെ നാല്പതുവർഷം ഈ കൃതി അപഹരിച്ചുകളഞ്ഞു."

"ശബ്ദതാരാവലി"യുടെ നിർമ്മാണത്തിനു് ഇരുപതുകൊല്ലം വേണ്ടിവന്നുവെന്നു തൽകർത്താവു പറഞ്ഞുകാണുന്നു. എന്നുവെച്ചാൽ "1072മുതൽ 1092 വരെ നിസ്തന്ദ്രമായി പരിശ്രമിച്ചപ്പോഴേയ്ക്കു പുസ്തകം ഒരുവിധം പുറപ്പെടുവിക്കാമെന്നുള്ള നിലയിൽ എത്തി"യെന്നു ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകൾ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നു. ശബ്ദതാരാവലി രചനയിൽ മി: പത്മനാഭപിള്ള പ്രദർശിപ്പിച്ച പരിശ്രമാധിക്യം എത്രമാത്രമെന്നു മഹാകവി വള്ളത്തോൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

അദ്ദേഹം പറയുന്നു. "കേരളത്തിന്റെ മൂന്നു സംസ്ഥാനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഏതാനും പണ്ഡിതന്മാർ ഒത്തൊരുമിച്ചു വേലചെയ്യാതെ സമഗ്രമായ ഒരു മലയാളനിഘണ്ടു ഉണ്ടായി വരാ. ആ ശോഭനമായ കാലം ഏതു ഗുഹയിലാണാവോ കിടക്കുന്നതു്? എന്നാൽ ഒരൊററ പണ്ഡിതനിൽ നിന്നു തന്നെ ഇതാ ഏതാണ്ടു പൂർണ്ണവും പ്രശസ്തവുമായ ഒരു നിഘണ്ടു നമുക്കു ലഭിപ്പാൻ പോകുന്നു. ശുഷ്കവും ദുർഗ്ഗമവുമായ ഈ പരന്നഭൂമിയെ ഏകാകിയായി പിന്നിടുന്നതിനു് ഒരുങ്ങി പുറപ്പെട്ടിരിക്കുന്ന പത്മനാഭപിള്ള അവർകളുടെ ഭാഷാഭിമാനഭൂമാവിൽ നിന്നു സംഭൃതമായ മനോധൈര്യത്തെ ഒന്നാമതായി നാം അഭിനന്ദിക്കുക.

"പതിനൊന്നു ലക്കങ്ങളിൽ കൂടി 792 ഭാഗങ്ങളുള്ളതിൽ പല ഭാഗങ്ങളും ഞങ്ങൾ സശ്രദ്ധം വായിച്ചുനോക്കി. എടുത്തു പറയത്തക്ക യാതൊരപഭ്രംശവും ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടുക ഉണ്ടായില്ലെന്നു സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. പദങ്ങളുടെ അർത്ഥം വിവരിക്കുക മാത്രമല്ല പ്രസാധകൻ ചെയ്തിട്ടുള്ളതു്. വ്യുൽപത്തി, ചരിത്രം, പ്രയോഗം മുതലായവയേയും വേണ്ടതിന്മണ്ണം കാണിച്ചിട്ടുണ്ടു്. ഇത്തരത്തിൽ സവിസ്തരമായ ഒരഭിധാനഗ്രന്ഥം രചിക്കണമെങ്കിൽ, എത്രയെത്ര അന്വേഷണങ്ങൾ നടത്തണം; എത്ര എത്ര ഗ്രന്ഥങ്ങൾ വായിക്കണം; എന്നൊക്കെ ആലോചിക്കുമ്പോഴേ, ഈ പരിശ്രമത്തിന്റെ മാഹാത്മ്യം കുറച്ചെങ്കിലും നമുക്കു മനസ്സിലാകുകയുള്ളു."

സാഹിത്യത്തിലെന്നപോലെ തന്നെ ചിത്രകലയിലും സരസ്വതീപ്രസാദം ആവശ്യമാണല്ലോ. സാഹിത്യവും ചിത്രവും സഹോദരകലകളാകയാൽ രണ്ടിന്റേയും പ്രാപ്തിക്കും തദ്വാരാ കീർത്തിക്കും പരിശ്രമം അത്യന്താപേക്ഷിതമാണു്. സർ ജോഷ്വാ റെയ്നോൾഡ്സ് ബററിക്ക് ഇങ്ങനെ എഴുതി. "ചിത്രലേഖനത്തിലെന്നപോലെതന്നെ ഏതൊരു കലയിലും വൈദഗ്ദ്ധ്യം പ്രാപിക്കണമെങ്കിൽ ആ വിഷയത്തിൽ പ്രത്യേകം ശ്രദ്ധയായിരിക്കണം. എന്തിന്, എഴുന്നേൽക്കുമ്പോൾ തുടങ്ങി കിടക്കാൻ പോകുന്നതുവരെ അതായിരിക്കണം ഒരുവന്റെ ചിന്ത".

മൈക്കൽ ആഞ്ജലോവിന്റെ അത്യഗാധമായ സങ്കല്പനങ്ങളെല്ലാംതന്നെ അദ്ദേഹത്തിന്റെ പരിശ്രമ

ശീലത്താൽ ചിത്രഫലകത്തിൽ പ്രതിബിംബിതങ്ങളാ യിരുന്നില്ലെങ്കിൽ വ്യത്ഥങ്ങളാവുകയില്ലായിരുന്നോ? അ ദ്ദേഹം നിസ്തന്ദ്രനായ ഒരു പരിശ്രമശീലനായിരുന്നു. സ്വല്പം വീഞ്ഞും കുറെ അപ്പവും മാത്രമെ പകൽസമ യം അദ്ദേഹം ഭക്ഷിച്ചിരുന്നുള്ളു. രാത്രിയിൽ പലപ്രാവ ശ്യവും ജോലിചെയ്യാൻ ഉണരുമായിരുന്നു. ഒരിക്കൽ ഒരു സന്ദശ്കന്റെ ചോദ്യങ്ങൾക്ക് ഇങ്ങനെ മറുപടിപ റഞ്ഞു:

"നിങ്ങൾ കഴിഞ്ഞ പ്രാവശ്യം വന്നതിൽ പി ന്നീട് ഇതാ ഈ ഭാഗം ഒന്നു നന്നാക്കി. മററത്ത് ഒന്നു കൂടി മിനുസപ്പെടുത്തി. ആ മാംസപേശി ഒന്നുകൂടി പ്ര ബലമാക്കി. ഇതാ, അധരപുടത്തിനു സ്വല്പം ജീവൻ വരുത്തി. ആ അവയവത്തിന് ഈഷദൗർജ്ജിത്യം നൽകി."

സന്ദശ്കൻ: "പക്ഷെ അതെല്ലാം വെറും നിസ്സാര ങ്ങളാണല്ലോ."

മൈക്കൽ ആഞ്ജലോ പറഞ്ഞു: "ആയിരിക്കാം. പക്ഷെ അല്പവിഷയങ്ങളാണു പരിപൂണ്ണതയെ ഉൽ പ്പാദിപ്പിക്കുന്നത്. പരിപൂണ്ണത ഒരു നിസ്സാരകാര്യ്യ മല്ലല്ലോ."

ടീഷാൻ "ക്രിസ്തുവിന്റെ അവസാന അത്താഴം" എന്ന സുപ്രസിദ്ധമായ ചിത്രം വരച്ചു ചാററസ് പഞ്ച മനു കാഴ്ചവെച്ചുകൊണ്ട് ഉണത്തിച്ചു: "മഹാരാജാവേ, ഏഴുവർഷത്തേയ്ക്കു പ്രതിദിനം വേല ചെയ്തതിന്റെ ഫ

ലമായ ഈ ചിത്രം അവിടുത്തെ സമക്ഷം അടിയൻ അടിയറവെച്ചുകൊള്ളുന്നു."

ടർണർ എന്ന ആംഗ്ലേയചിത്രകാരനോട് ഒരിക്കൽ ഒരു വനിത ഇങ്ങനെ ചോദിച്ചു: "ശ്രീമാൻ, അവിടുത്തെ മാഹാത്മ്യത്തിൻെറ രഹസ്യം എന്താണ്?"

"ശ്രീമതി! പരിശ്രമം, നിസ്തന്ദ്രമായ പരിശ്രമം, അല്ലാതെ മററൊന്നുമല്ല" എന്നായിരുന്നു അദ്ദേഹത്തിൻെറ പ്രത്യുക്തി.

ചിത്രലേഖനത്തെ അധികരിച്ചു താനെഴുതിയ ഉപന്യാസങ്ങളെപ്പററി റസ്കിൻ പറയുന്നു: "ഈ നിരൂപണങ്ങൾ ക്ഷിപ്രരചിതങ്ങളാണെന്ന് ഒരു പക്ഷേ നിങ്ങൾക്കു തോന്നിയേക്കാം. എന്നാൽ അവയുടെ നിർമ്മാണം എത്രമാത്രം എന്നെ ക്ലേശിപ്പിച്ചിട്ടുണ്ടെന്നുള്ളതു വാചാമഗോചരമാണ്."

അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ഒരു കൃതിയുടെ കയ്യെഴുത്തുപ്രതി ഒരു സ്നേഹിതൻെറ പക്കൽ കൊടുത്തുംവെച്ച് അദ്ദേഹം പറഞ്ഞു: "ഇതാ നോക്കൂ. ഇതിൽ ആദ്യം എഴുതിയിരുന്ന ഒരു വാചകമെങ്കിലും കാണ്മാനുണ്ടോ? എല്ലാം തന്നെ മാറിയെഴുതിയിട്ടുള്ളതായി കാണുന്നില്ലയോ?"

സാഹിത്യസാമ്രാജ്യത്തിലെന്നപോലെതന്നെ സമുദായസാമ്രാജ്യത്തിലും കീർത്തി നേടിയിട്ടുള്ള മഹാന്മാരും പരിശ്രമപഥത്തിലൂടെയാണു വിജയലക്ഷ്മിയെ പാണിഗ്രഹണം ചെയ്തിട്ടുള്ളതു്. ധനസമൃദ്ധിയുടെയും സമാ

ധാനപരമായ ഭരണചക്രത്തിൻെറയും ആസ്ഥാനമെന്നു പറയപ്പെടാവുന്ന അമേരിക്കൻ ഐക്യരാജ്യങ്ങളിലെ ഭരണധുരന്ധരന്മാരിൽ പലരുടേയും ജീവചരിത്രപാരായണത്തിൽ നിന്നു് ഈ തത്വം വിശദമായി ഗ്രഹിക്കാവുന്നതാണു്.

ജഗൽപ്രസിദ്ധനായ ജയിംസ് ഗാർഫീൽഡ് ആദ്യം ദാസ്യവൃത്തി സ്വീകരിച്ചിരുന്ന ഒരാളായിരുന്നു. ഇതുകൊണ്ടു തികയാഞ്ഞു വിറകുവെട്ടി വിററുകിട്ടിയ പണംകൊണ്ടാണു സ്വമാതാവിനെ രക്ഷിച്ചുവന്നതു്. പിന്നീടു പതിനെട്ടാമത്തെ വയസ്സിൽ അക്ഷരമാല വശമാക്കുകയും, സ്ഥിരമായ യത്നംകൊണ്ടും അക്ഷീണമായ ഉത്സാഹം കൊണ്ടും വക്കീൽ പരീക്ഷ ജയിക്കുകയും, പടിപടിയായി ഉയന്നു് ഒടുവിൽ അമേരിക്കയിലെ എട്ടാമത്തെ പ്രസിഡണ്ടായിത്തീരുകയും ചെയ്തു.

പ്രസിഡണ്ടു് എബ്രഹാം ലിങ്കൺ പത്തൊൻപതാമത്തെ വയസ്സുവരെ കൂലിവേലചെയ്താണു കാലയാപനം ചെയ്തുവന്നതു്. അനന്തരം ഗുമസ്തൻ, തപാൽമാസ്റ്റർ ഇത്യാദി നിസ്സാര ഉദ്യോഗങ്ങൾ വഹിക്കുകയും, തൻെറ അസാധാരണമായ പരിശ്രമത്തിൻെറ ഫലമായി പിന്നീടു് അമേരിക്കൻ പ്രസിഡണ്ടു് എന്ന എത്രയും മഹനീയമായ സ്ഥാനത്തെ അലങ്കരിക്കുകയും ഉണ്ടായല്ലോ.

മേൽ ചേത്തിരിക്കുന്ന ഉദാഹരണങ്ങളിൽ നിന്നും ഒരു സംഗതി വ്യക്തമാകുന്നുണ്ടു്. സാഹിത്യത്തിലോ, വാഗ്മിത്വത്തിലോ, ശാസ്ത്രത്തിലോ, രാജ്യതന്ത്രത്തിലോ, ചിത്രനിമ്മാണത്തിലോ കീത്തി സമ്പാദിച്ചിട്ടുള്ളവരെ

ല്ലാംതന്നെ അസാമാന്യപരിശ്രമികളായിരുന്നു. ജ്ഞാന സമ്പാദനമായ പ്രാകാരത്തിലേയ്ക്കുള്ള മാൎഗ്ഗം ക്ലേശരഹിതമായ ഒന്നല്ല. അതിലേയ്ക്കുള്ള ഏകമാൎഗ്ഗം ക്രൂരതരമായ പരിശ്രമമാണ്. ധിഷണാശക്തി വേണ്ടെന്നല്ല, വിവക്ഷിക്കുന്നതു്. അതും വേണം. പക്ഷേ, അതു കൊണ്ടുതന്നേ മതിയാകയില്ല. ബുദ്ധിയുടെ കുറവിനെ പരിശ്രമം കൊണ്ടു പരിഹരിക്കാം. എന്നാൽ പരിശ്രമത്തിൻെറ അഭാവം ധിഷണയാൽ പരിഹരണീയമല്ല.

ഒരു പിതാവു വിചാരിച്ചാൽ ധാരാളം ധനം സപുത്രനു പ്രദാനം ചെയ്യാൻ കഴിയും. ലക്ഷ്മിയെ ദാനം ചെയ്യാവുന്ന പിതാവിനു സരസ്വതിയെ നൽകാൻ നിവൃത്തിയില്ല. ആ വധൂമണിയെ അയാൾ സ്വയം വരിക്കതന്നെ വേണം. പക്ഷേ, പണം കൊണ്ടും മററും അവളെ വശീകരിക്കാമെന്നും കരുതേണ്ടാ.

സാഹിത്യത്തിലോ, ചിത്രത്തിലോ, സംഗീതത്തിലോ, ശാസ്ത്രത്തിലോ എന്നുവേണ്ട ഏതു കലയിലെങ്കിലും കീൎത്തി സമ്പാദിക്കണമെങ്കിൽ ഓരോരുത്തനും സ്വയം പരിശ്രമിച്ചേ മതിയാവൂ. ഓരോരുത്തനും അവനവൻെറ കലപ്പ പിടിച്ചു് ഉഴുകയും, അവനവൻ തന്നെ വിതയ്ക്കുകയും ചെയ്യണം. ഇതിനു മഴയും വെയിലും കൊള്ളുകയും, ചിലപ്പോഴെല്ലാം ചെളിയിൽ ചവിട്ടുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇങ്ങനെ ചെയ്യുന്ന പക്ഷം നല്ല നല്ല ധാന്യം കൊയ്യെട്ടുക്കാവുന്നതും, തടപാരാ അക്ഷയമായ കീൎത്തിയുടെ അസ്ഥിവാരം ഇടാവുന്നതുമാണ്.

# VI

## ആദർശവിമർശം.

"ആത്മൌപമ്യേന പരസ്മിൻ ദയാം കുര്യാൽ" എന്നുള്ളതു് ഒരു വലിയ പ്രമാണമാണു്. തന്നെപ്പോലെ ഇതരന്മാരെ സ്നേഹിക്കുന്നവൻ അവരുടെ അപരാധങ്ങളേയും ക്ഷമിക്കാതിരിക്കുകയില്ല. എങ്കിലും കന്മഷകലുഷിതമായ മനുഷ്യപ്രകൃതിക്കു് അനുയോജ്യമായ ഒരു സ്വഭാവമല്ല അതു്. ഇങ്ങോട്ടു് ഉപദ്രവിക്കുന്നവരെ അങ്ങോട്ടും ഉപദ്രവിക്കാനാണു നമ്മുടെ അഭിവാഞ്ഛ. ഉന്തിനു് ഉന്തും, തല്ലിനു തല്ലുമാണു നമുക്കു് അധികം ഇഷ്ടമായിട്ടുള്ളതു്. നമ്മുടെ സ്വഭാവം തന്നേ പ്രതികാരപരമായിട്ടുള്ളതാണെന്നതിനു് ഓരോരുത്തരുടേയും അനുഭവം സാക്ഷ്യം വഹിക്കാതിരിക്കുകയില്ല.

നമ്മുടെ ഈ സ്വഭാവം ഇന്നും ഇന്നലേയും ആരംഭിച്ചതല്ല. മുമ്പിലെ ഇങ്ങനെ ആയിരുന്നു എന്നു് ഓരോ രാജ്യക്കാരുടേയും ചരിത്രത്തിൽ നിന്നും വിശദമാകും. സുപ്രസിദ്ധയോദ്ധാവായ ഹാനിബാൾ റോമായോടും റോമാക്കാരോടും നിത്യവിരോധം പ്രതിജ്ഞ ചെയ്യുകയും തദനുസരണം പ്രവൎത്തിക്കുകയും ചെയ്തിട്ടുണ്ടു്. കൊറിയൊലാന്തുസിന്റെ പ്രതീകാരേച്ഛ ചരിത്രപ്രസിദ്ധമാണു്. പുരാതനറോമാക്കാരുടെ ഇടയിൽ പ്രതീകാരേച്ഛ

ഒരു സൽഗുണമായി ഗണിക്കപ്പെട്ടിരുന്നു എന്നു തോന്നുമാറു പ്രചുരപ്രചാരമായിരുന്നു.

പൂർവ്വയഹൂദന്മാരുടെ മനഃസ്ഥിതിയും ഇതിൽനിന്നും ഒട്ടും വ്യത്യസ്തമല്ലായിരുന്നു. നീതിയെപ്പററിയുള്ള നിയമസംഹിതയിൽ ഇങ്ങനെ കാണുന്നു. "കണ്ണിനു കണ്ണും, പല്ലിനു പല്ലും, കൈയ്ക്കു കൈയും, പാദത്തിനു പാദവും, മുറിവിനു മുറിവും, അടിക്കു് അടിയും." (പുറപ്പാടു്) "ചവിട്ടിനു ചവിട്ടും അടിക്കു് അടിയും എന്നുള്ളതുതന്നെയാണു പ്രതീകാരപ്രവൃത്തി. കൂട്ടുകാരനെ സ്നേഹിക്കുക, ശത്രുവിനെ പകയ്ക്കുക." (ലേവി)

പൂർവ്വികയവനന്മാരുടെയും ഈജിപ്ത്യന്മാരുടെയും മനോഗതിയും ഇതുപോലെതന്നെ ആയിരുന്നു. നമ്മുടെ സ്വന്തം ഭാരതീയപുരാതനന്മാരുടെ മനഃസ്ഥിതിയും ഇങ്ങനെ തന്നേ ആയിരുന്നു എന്നുള്ളതിനു സംശയമില്ല. പുരാണങ്ങളിലെ മിക്കകഥകളും പ്രതീകാരേച്ഛാപകല്പിതങ്ങളാണു്. രണ്ടുമൂന്നുദാഹരണങ്ങൾ പറയാം. ഹേഹയരാജാവായ കാർത്തവീര്യൻ ഒരിക്കൽ ജമദഗ്നിമഹർഷിയുടെ ആശ്രമത്തിൽ ചെല്ലുകയുണ്ടായി. മഹർഷി രാജകീയസന്ദർശകനെ യഥായോഗ്യം സൽക്കരിച്ചയച്ചു. എന്നാൽ രാജാവു തിരിച്ചു പോകുംമദ്ധ്യേ ആശ്രമത്തിനു ചുററുമുള്ള വൃക്ഷങ്ങളെ നശിപ്പിക്കുകയും സുരഭി എന്ന പശുക്കുട്ടിയെ അപഹരിക്കുകയും ചെയ്തു.

ഈ കാരണത്താൽ ജാമദഗ്ന്യനായ പരശുരാമൻ കാർത്തവീര്യമഹാരാജാവിനെ വധിച്ചുകളഞ്ഞു. സ്വപിതാവിന്റെ നിര്യാണത്തിനു കാരണക്കാരനായ മഹർഷി

യെ കാർത്തവീര്യപുത്രന്മാരും കൊന്നു. ഈ പുതിയ വിരോധം വെച്ചുകൊണ്ടു പരശുരാമൻ കാർത്തവീര്യപുത്രന്മാരോടു മാത്രമല്ല ക്ഷത്രിയരാജാക്കന്മാരോടു പൊതുവെ യുദ്ധം ഇരുപത്തൊന്നുതവണ ചെയ്തു. ക്ഷത്രിയരാജാക്കന്മാരുടെ ചോരകൊണ്ടു "സ്യമന്തപഞ്ചകം" എന്ന തടാകം നിറച്ചു എന്നും പറയപ്പെടുന്നു.

കൗരവപാണ്ഡവന്മാരുടെ കുലഗുരുവായ ദ്രോണാചാര്യനും പാഞ്ചാലരാജാവായ ദ്രുപദനും ഒന്നിച്ചാണു ധനുർവ്വിദ്യ അഭ്യസിച്ചതു്. ദ്രവ്യക്കുറവുനിമിത്തം ബുദ്ധിമുട്ടിക്കൊണ്ടിരുന്ന ദ്രോണർ പണ്ടത്തെ സ്നേഹം ആസ്പദമാക്കി ദ്രുപദനെ കാണാൻചെന്നു. എന്നാൽ അയാളെ ദ്രുപദൻ ബഹുമാനിക്കാതെ തിരസ്കരിച്ചുകളഞ്ഞു. ഈ വിരോധം ഹേതുവാൽ സ്വശിഷ്യനായ അർജ്ജുനനെക്കൊണ്ടു ദ്രുപദനെ പിടിച്ചുകെട്ടിച്ചു.

"പിടിച്ചുകെട്ടിയവൻതന്നെയെൻ കാൽക്കൽ വെക്കിൻ
പട്ടത്വം നിങ്ങൾക്കിന്നും മേൽക്കുമേലുണ്ടാമെന്നാൽ.
ക്രുദ്ധനാം ധനഞ്ജയനസ്ത്രങ്ങൾ കൊണ്ടുകെട്ടി
ദ്രോണരാമാചാര്യൻതൻ കാൽക്കൽ വെച്ചുഴകോടേ
വീണുടൻ നമസ്കരിച്ചീടിനാൻ സഹോദരൻ
നാണവും പൂണ്ടുനിൽക്കും ദ്രുപദൻതന്നെ നോക്കി
ദ്രോണരുമുരചെയ്താനെന്നെ നീ മറന്നിതോ?
നീ സമനല്ലെന്നൊന്നോടല്ലയോ ചൊല്ലി മുന്നം
നീ സമനല്ലെന്നതോ നിർണ്ണയമായിതിപ്പോൾ."

(ഭാരതം)

എന്നിട്ടും വിരോധം തീരാതെ അവൻെറ പകുതി രാജ്യവും അപഹരിച്ചുകളഞ്ഞു. പരാജിതനായ പാഞ്ചാലരാജാവുണ്ടോ ഇതു ക്ഷമിക്കുവാൻ പോകുന്നു! ദ്രോണരോട്ട പകരംവീട്ടുന്നതിന്ന തനിക്ക് ഒരു പുത്രനുണ്ടാകുവാനായി അദ്ദേഹം യാഗംതുടങ്ങി. ഹോമാഗ്നിയിൽനിന്നും പുത്രൻ മാത്രമല്ല, ഒരു പുത്രിയും ജനിച്ചു.

"കുണ്ഡത്തിൽനിന്ന നേരേ പൊങ്ങിനാനൊരു പുമാൻ
ചണ്ഡഭാനുവിന്നു നേരാകിയ കാന്തിയോടും
രണ്ടാമതൊരു പെണ്ണുമുണ്ടായിതവൾ കണ്ടാൽ
തണ്ടാർമാനിനിയെന്നു കൊണ്ടാടിപറഞ്ഞിടാം."

ശത്രുശിഷ്യനെങ്കിലും അർജ്ജുനൻ ഈ ദ്രൌപദിയെ വിവാഹം ചെയ്തയാൽ പാഞ്ചാലൻ പാണ്ഡവക്ക സഖാവായിത്തീൻ. ദ്രോണരുടെ പ്രതീകാരേച്ഛയാവട്ടെ പിന്നെയും വദ്ധിച്ചുകൊണ്ടുതന്നെയാണു് ഇരുന്നതു്. ഭാരതയുദ്ധത്തിൻെറ പതിന്നാലാം ദിവസം ദ്രുപദനെ ദ്രോണർ വധിച്ചു. അപ്പോഴേ ആചാര്യന് അടക്കം വന്നുള്ളു. പക്ഷെ വൈരനിര്യ്യാതനത്തിനായിട്ടുതന്നെ ജനിച്ച ധൃഷ്ടദ്യുമ്നനും സ്വകൃത്യം ശരിയായി നിർവ്വഹിച്ചു. എന്തെന്നാൽ അടുത്തദിവസം അദ്ദേഹം ദ്രോണരേയും യമപുരിയിലേയ്ക്കു പറഞ്ഞയച്ചു.

"നില്ലുനില്ലൊല്ലായിതെന്നാതെല്ലാവരും
ചൊല്ലിവാവിട്ടു കൂടുന്നതിൻമുന്നമേ
കണ്ണുമടച്ചിരുന്നീടുമാചാര്യനെ-
ത്തിണ്ണമണഞ്ഞു തലയറുത്തീടിനാൻ

മേൽപ്പോട്ടുമിന്നൽ പോലെ പൊങ്ങി ദേഹിയും
കീഴ്പ്പോട്ടു ദാരുപോലെ വീണു ദേഹവും."

ഇതാ വേറൊന്ന്. സിന്ധുരാജാവായ ജയദ്രഥൻ വനത്തിൽവച്ച പാഞ്ചാലിയോടു നീചമായി പ്രവൎത്തിക്കുകയുണ്ടായി. ഈ നന്ദികേടിനു വായുപുത്രൻെറ അടിയും ചവിട്ടുംകൊണ്ടു് "അടിയൻ പാണ്ഡവരുടെ അടിമയാണേ" എന്നു കൌരവരുടെ അ് സ്യാലൻ ഏററു പറഞ്ഞു. ഇവൻെറ പശ്ചാത്താപത്തിൻെറ വാസ്തവികത്വം പാഞ്ചാലിക്കും ധൎമ്മപുത്രൎക്കും ഏറെക്കുറെ ബോദ്ധ്യമാവുകയും ചെയ്തു. എന്നിട്ടും അൎജ്ജുനൻെറ കോപത്തിനു ശാന്തിയുണ്ടായില്ല. അദ്ദേഹത്തിൻെറ രൌദ്രപ്രകൃതിയെ ഭാരതത്തിൽ ഇങ്ങനെ വൎണ്ണിച്ചിരിക്കുന്നു.

"ചാരുനയനം കലങ്ങിമറിഞ്ഞിതു
ഘോരപുരികം ഞെരിഞ്ഞു വളഞ്ഞിതു
പാരം വിറച്ചു ചമഞ്ഞു തിരുവുടൽ
ശൂരനായുള്ള കിരീടീകിരീടവും
സൂൎയ്യപ്രഭമായെരിഞ്ഞിളകീ തുലോം
കാൎയ്യം വിഷമത്തിലായി സമസ്തവും
നിൎജ്ജരനായകനന്ദനനാകിയോ-
രൎജ്ജുനൻ തന്നുടെ കോപഭാവങ്ങളാൽ
ഉജ്ജ്വലിച്ചുള്ളൊരു തേജസ്സു കാൺകയാൽ
സജ്ജ്വരന്മാരായ് ചമഞ്ഞിതു ലോകരും."

ഇതുകൊണ്ടായില്ല. "പാവപ്പെട്ട ജയദ്രഥനെ നിഗ്രഹിക്കല്ലേ, അയാളുടെ അപരാധത്തിനു പൎയ്യാപ്തമായ

ശിക്ഷ അയാൾക്കു ലഭിച്ചുകഴിഞ്ഞതല്ലോ" എന്നു വല്ലവരും മാദ്ധ്യസ്ഥ്യം പറഞ്ഞെങ്കിലോയെന്നു ഭയപ്പെട്ടിട്ടെന്ന വണ്ണം ഫൽഗുനൻ ഇങ്ങനെ ആണയിടുവാൻ തുടങ്ങി.

"സത്യമിതെല്ലാവരും കേൾപ്പിനെങ്കിലോ
ചിത്തത്തിൽ മേവുന്ന കൃഷ്ണൻതിരുവടി
പൊൽത്താരടിയിണയാണേ പൊളിയല്ല
സത്യവ്രതനാകുമഗ്രജൻ തന്നാണ
നിത്യനാം കേശവൻ തന്നാണ നിർണ്ണയം
നിത്യം ധരിക്കുന്ന ഗാണ്ഡീവം തന്നാണ
... ... ... ... ...
അസ്തമിക്കുന്നതിൻ മുമ്പേയവൻ തല
പത്രികൊണ്ടെയ്തു മുറിച്ചു വീഴ്ത്തീടുവാൻ
ഇത്തരം ചെയ്യും പ്രതിജ്ഞ തന്നാക്കരെ
ഗാഢമായുള്ളൊരു വില്ലുമായഗ്നിയിൽ
ചാടിമരിക്കുന്നതുണ്ടെന്നു നിർണ്ണയം."

ഈ ശപഥം തെററാതെ, അസ്തമയത്തിനു മുമ്പുതന്നെ "മുകുന്ദൻതിരുവടി"യുടെ സാഹായ്യത്താൽ, ജയദ്രഥനെ അർജ്ജുനൻ നിഗ്രഹിക്കുകയുണ്ടായി.

പക്ഷെ ഭീമൻെറ പ്രതികാരേച്ഛയാണ് ഇതിലും വലുതു്. കുഞ്ചൻനമ്പ്യാരുടെ വർണ്ണനക്കൂടി ചേൎന്നപ്പോൾ അതു പൂൎത്തിയാവുകയും ചെയ്തു. സുയോധനൻ ഭൂമിയിൽ വീണശേഷമുള്ള ഭീമൻെറ പുറപ്പാടിനേപ്പററി നമ്പ്യാർ ഇങ്ങനെ വിവരിക്കുന്നു,

"ഭീമൻ ഗദയുമെടുത്തുടൻ മാർവ്വത്തു
ഭീമരോഷേണ ചവിട്ടി നിന്നുംകൊണ്ടു്
മുന്നമവൻചെയ്തപരാധമോർത്തി-
നൊന്നിനൊന്നങ്ങടിക്കേണമെന്നോർത്തവൻ
ഓരോന്നു ചൊല്ലിയോരോന്നങ്ങടിക്കയും
ഘോരഘോരം സിംഹനാദം പൊഴിക്കയും
നീയല്ലയോ അരക്കില്ലത്തിലിട്ടട-
ച്ചാരുമറിയാതെ തീ കൊളുത്തിച്ചതും
നീയല്ലയോ ഗംഗയിൽ കെട്ടിയിട്ടതും
നീയല്ലയോ പാമ്പിനാൽ കടിപ്പിച്ചതും
നീയല്ലയോ വിഷച്ചോറശിപ്പിച്ചതും
നീയല്ലയോ ഭഗവാനെ നിന്ദിച്ചതും
... ... ... ... ...
ഓരോന്നിവണ്ണം പറകയും തച്ചയും
ചോരപ്രവാഹം തടഞ്ഞുകുടിക്കയും"

മററും ചെയ്ത കഥ പ്രസിദ്ധമാണു്. രാമായണവും ഇതു പോലെതന്നെ. എന്തിനു വിശ്വാമിത്രാദിമാമുനികൾ പോലും മഹാപ്രതീകാരേച്ഛുക്കളാണു്.

"ദുസ്സഹകോപസ്വരൂപനായീടുന്ന
ദുർവ്വാസസ്സെന്ന മഹാമുനി ശ്രേഷ്ഠ"
ൻെറ കഥ പറയണമെന്നോ ഇല്ല.

"ദുർവ്വാസാവു ശപിച്ചാൽ പിന്നൊരു നിർവ്വാഹവു മില്ലെന്നുടെ കാന്താ!" എന്നുള്ള പാഞ്ചാലിയുടെ വാക്യം ഈ ആശയത്തെ ഏതാണ്ടു വെളിവാക്കുന്നുണ്ടു്. വൈ രനിര്യാതനത്തിനു കുപ്രസിദ്ധി നേടീട്ടുള്ള ഈ മുനി,

ദേവേന്ദ്രനെ മാത്രമല്ല ശ്രീകൃഷ്ണനേക്കൂടി തൻെറ ക്ഷാത്രത്തിന്ന പാത്രമാക്കിക്കളഞ്ഞു!

ഹരിശ്ചന്ദ്രൻെറ സത്യവ്രതവും, ധർമ്മപുത്രരുടെ നീതിനിഷ്ഠയും, സീതാദേവിയുടെ പാതിവ്രത്യവും, മുദ്ഗലൻെറ ക്ഷമാശീലവും ഞാൻ വിസ്മരിക്കുന്നില്ല. അതുപോലെതന്നെ യഹൂദന്മാരുടെ ഇടയിൽ അന്യാദൃശമായ സഹനശീലം പ്രദർശിപ്പിച്ച യോബിൻെറ സംഗതിയും വക്തവ്യമാണ്. എങ്കിലും പൂർവ്വകാലത്തു പകവീട്ടുന്ന സമ്പ്രദായം എല്ലാ ജാതിക്കാരുടെ ഇടയിലും സർവ്വസാധാരണമായിരുന്നു എന്നുള്ളതിന്ന പ്രതിപക്ഷമില്ല.

പൂർവ്വാദർശം എങ്ങനെയുമായിരുന്നുകൊള്ളട്ടെ. ആധുനികാദർശം അതിൽനിന്നും വളരെ വളരെ വിദൂരമായിട്ടുള്ള ഒന്നാണ്. "ദുഷ്ടനോട് എതിർക്കരുത്. നിൻെറ വലതു ചെകിട്ടിൽ അടിക്കുന്നവന് ഇടത്തേതും കാണിച്ചുകൊടുക്കുക. നിന്നോടു തർക്കിച്ചു നിൻെറ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന്ന നിൻെറ പുതപ്പും കൊടുക്കണം. ഒരു നാഴികവഴി പോകുവാൻ ഒരുത്തൻ നിന്നെ നിർബന്ധിച്ചാൽ വേറെ രണ്ടു നാഴിക കൂടി അവനോടൊന്നിച്ചു പോവുക.

"നിൻെറ അയൽവാസിയെ സ്നേഹിക്കണമെന്നും ശത്രുവിനെ വെറുക്കണമെന്നും നീ കേട്ടിട്ടുണ്ട്. ഞാനോ നിന്നോടു പറയുന്നു. നിൻെറ ശത്രുക്കളെ സ്നേഹിക്കുക. നിന്നെ ഉപദ്രവിക്കുന്നവർക്ക നന്മ ചെയ്യുക. നിന്നെ പീഡിപ്പിക്കുകയും ദൂഷണം പറയുകയും ചെയ്യുന്നവർക്കവേ

ണ്ടി പ്രാർത്ഥിക്കുക. സദ്വൃത്തന്മാരും ദുർവൃത്തന്മാരും ഒന്നുപോലെയാണല്ലോ സൂര്യഗോളത്തിന്റെ കിരണ കന്ദളങ്ങളേൽക്കുന്നത്. അതുപോലെതന്നെ മഴയും സജ്ജനങ്ങൾക്കും ദുർജ്ജനങ്ങൾക്കും വ്യത്യാസംകൂടാതെ ലഭിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ അനുഗ്രഹാതിരേകത്താലാണല്ലോ ഇപ്രകാരം പക്ഷപാതരഹിതമായി സംഭവിക്കുന്നത്."

തന്നിമിത്തം നാമും, നന്മ ചെയ്യുന്നവരേയും തിന്മ ചെയ്യുന്നവരേയും ഒന്നുപോലെ സ്നേഹിക്കണം. സ്വർഗ്ഗീയപിതാവു സൽഗുണസമ്പൂർണ്ണനായിരിക്കുന്നതുപോലെ നാമും സൽഗുണസമ്പൂർണ്ണരാകണം. ഇങ്ങനെയെല്ലാമാണ് ആധുനികലോകത്തിലെ ആദർശം. ജാതിസ്പർദ്ധയ്ക്കും വർഗ്ഗീയമത്സരത്തിനും ഇതിൽ സ്ഥാനമേ ഇല്ല. ആത്മസ്നേഹാധിക്യത്താൽ പരഗുണാന്ധന്മാരാവാൻ ആധുനികാദർശം അനുവദിക്കുന്നില്ല. ശത്രുതയ്ക്കോ പ്രതീകാരത്തിനോ വൈരനിര്യാതനത്തിനോ ഒരിക്കലും ഒരുങ്ങിക്കൂടാത്തതാണ്.

വൈരനിര്യാതനം ഒരു പരിശുദ്ധമായ പ്രവൃത്തിയാണെന്നു പ്രാചീനകാലത്തു ജനങ്ങൾ വിശ്വസിച്ചുപോന്നിരുന്നെങ്കിൽ, സ്നേഹം, ദീനാനുകമ്പ, സഹനബുദ്ധി, സമഭാവന ഇത്യാദിയാണ് ഇപ്പോഴത്തെ മനസ്സിന്റെ മാനദണ്ഡം.

ഈ ആദർശം അസാദ്ധ്യമായ ഒന്നാണെന്നും തദനുസരണം ഒരുത്തരും പ്രവർത്തിച്ചിട്ടില്ലെന്നും ആരും വാദിക്കുകയില്ല. ഈ നവീനാദർശത്തെ ഇദംപ്രഥമമായി

ഭൂലോകത്തു പ്രസംഗിച്ച ആ സാക്ഷാൽ ജഗൽഗുരുതന്നെ ആദ്യം വാഗ്രൂപേണ പ്രസംഗിച്ചതിനെ പിന്നീടു പ്രവൃത്തിമാർഗ്ഗമായി ദൃഢപ്പെടുത്തി. അദ്ദേഹത്തെ അസംഖ്യം ശിഷ്യന്മാർ അനുകരിച്ചിട്ടുള്ളതുമാണു്.

"അനന്തരം നാടുവാഴിയുടെ പടയാളികൾ യേശുവിനെ ആസ്ഥാനത്തിങ്കലേയ്ക്കു് ആനയിച്ചു. പട്ടാളത്തെ എല്ലാം അവൻെറ മുമ്പാകെ വരുത്തി. അവൻെറ വസ്ത്രം അവർ അഴിച്ചു് ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു മുള്ളുകൊണ്ടു് ഒരു കിരീടം മെടഞ്ഞു് അവൻെറ തലയിൽവെച്ചു. വലങ്കൈയിൽ ഒരു കോലും കൊടുത്തു. അവൻെറ മുമ്പാകെ മുട്ടുകുത്തി "യഹൂദന്മാരുടെ രാജാവേ, ജയ! ജയ!" എന്നു് അവർ അപഹസിച്ചു പറഞ്ഞു. പിന്നെ അവൻെറ മേൽ തുപ്പി. ഒരു കോലെടുത്തു അവൻെറ തലയിൽ അടിച്ചു.

"അവനെ പരിഹസിച്ചു തീർന്നപ്പോൾ മേലങ്കി നീക്കി അവൻെറ സ്വന്തവസ്ത്രം ധരിപ്പിച്ചു ക്രൂശിപ്പാൻ കൊണ്ടുപോയി. ഗോൽഗൊഥാ എന്ന സ്ഥലത്തു് എത്തിയപ്പോൾ അവനു "കൈപ്പുകലക്കിയ" വീഞ്ഞു കുടിപ്പാൻ കൊടുത്തു. കടന്നുപോകുന്നവർ തലകുലുക്കി അവനെ ദുഷിച്ചു. "ദൈവപുത്രനെങ്കിൽ ഇറങ്ങിവാ" എന്നു പറഞ്ഞു. അങ്ങനെതന്നെ മഹാപുരോഹിതന്മാരും ശാസ്ത്രജ്ഞന്മാരും പരിഹസിച്ചു. "ഇവൻ മററുള്ളവരെ രക്ഷിച്ചു തന്നത്താൻ രക്ഷിപ്പാൻ ശക്തിയില്ല." അങ്ങനെതന്നെ അവനോടുകൂടി ക്രൂശിയ്ക്കപ്പെട്ട കള്ളന്മാരും അവനെ നിന്ദിച്ചു."

ഇതിലധികം അപരാധങ്ങൾ ഒരു മനുഷ്യനോടു

ചെയ്യാനുണ്ടോ? ജനിച്ച ദിവസംമുതൽ മരിച്ച ദിവസംവരെയും യാതൊരുത്തരേയും യേശു ഉപദ്രവിച്ചിട്ടില്ല. എല്ലാവർക്കും സദുപദേശം നൽകിയും എല്ലാവർക്കും നന്മചെയ്തും വന്ന ഒരാളാണു ക്രിസ്തു. ഇങ്ങനെ എല്ലാമിരുന്നിട്ടും യേശുവിൻെറ നേരെ ജനങ്ങൾ എണ്ണമില്ലാത്ത അപകൃതികൾ ചെയ്തു. അദ്ദേഹം അങ്ങോട്ട് എന്തു ചെയ്തു? എങ്ങനെയാണു ക്രിസ്തുവിൻെറ വൈരനിര്യ്യാതനം? കേട്ടാലും: "പിതാവെ! ഇവർ ചെയ്യുന്നതു് ഇന്നതെന്നു് അറിയായ്കകൊണ്ടു് ഇവരോടു ക്ഷമിക്കേണമേ!"

ഇതാണു പഴയതും പുതിയതും ആയ ആദർശങ്ങൾ തമ്മിലുള്ള അന്തരം. ആദ്യത്തേതിൻപ്രകാരം നരൻ നരനേപ്പോലെ പ്രവർത്തിച്ചു. രണ്ടാമത്തേതിൻ പ്രകാരം സുരനേപ്പോലെ പ്രവർത്തിക്കുന്നു. ഇദാനീന്തനാദർശം പുരാതനാദർശത്തേക്കാൾ എത്രയോ ഉൽകൃഷ്ടമായ ഒന്നാണു്. അന്യരുടെ അപരാധം എത്ര ഘനപ്പെട്ടതായിരുന്നുകൊള്ളട്ടെ! അങ്ങോട്ടു ക്ഷമിക്കയേ പാടുള്ളു.

കേവലം ദിവ്യമാണെങ്കിലും ഈ ആദർശം അനുകരണീയമാണെന്നു് അനേകം പേർ തെളിയിച്ചിട്ടുള്ള സ്ഥിതിക്കു് അതു വെറും അസാദ്ധ്യമെന്നു ശങ്കിക്കുന്നതിനു നിവൃത്തിയില്ല. തന്നിമിത്തം ഏതാദൃശാദർശത്തെ ശിരസാവഹിച്ചു തദനുസരണം പ്രവർത്തിക്കുവാൻ ഓരോരുത്തരും ശ്രമിക്കണമെന്നു സിദ്ധിക്കുന്നു.

# VII

# അദ്ധ്യയനജീവിതത്തിലെ ആനന്ദങ്ങൾ

അദ്ധ്യയനം ജ്ഞാനസമ്പാദനമാൎഗ്ഗമാണെന്നു മാത്രമല്ല, മാനസികാനന്ദത്തിൻെറ ഉൽപത്തിയുമാകുന്നു. പഠിത്തം പൂൎത്തിയായതിൻെറ ശേഷം ഉത്തമമായ ഒരു ഗ്രന്ഥശേഖരത്താൽ അലംകൃതരാവാനാഗ്രഹിക്കാത്തവരാരും കാണുകയില്ല. ആഗ്രഹാനുസരണം പ്രവൎത്തിക്കുന്നവർ ജ്ഞാനസഞ്ചയത്തിൽ ആവൃതരായിരിക്കും. അവർ ഒരിക്കലും തനിയേ ആയിരിക്കുകയില്ല. "ശ്രേഷ്ഠവിചാരങ്ങളുള്ള ഒരാൾ ഒരിക്കലും ഏകാന്തതയിൽ ആയിരിക്കുകയില്ല" എന്നു സർ ഫിലിപ്പ് സിഡ്നി എഴുതിയിരിക്കുന്നു. യോദ്ധാക്കളുടെയും ബുദ്ധാന്മാരുടെയും കഥകളെ വായിക്കുവാനാഗ്രഹമില്ലാത്തവർ കാണുകയില്ല.

മഹാന്മാരുടെ ചിത്രങ്ങളെ കാണ്മാൻ നമുക്കു വലിയ മോഹമാണ്. അവരുടെ വിചാരങ്ങളെ പാരായണം ചെയ്വാനുള്ള ആഗ്രഹം അതിനേക്കാൾ എത്രയോ ശ്രേഷ്ഠമായുള്ളതാണ്. ചിത്രങ്ങൾ ഇതരഹസ്തങ്ങളാൽ നിൎമ്മിതങ്ങളാകുന്നു. വിചാരങ്ങളാവട്ടെ അവരുടെ സ്വന്തം മനസ്സിലെ ഛായകളാണ്. ചിത്രങ്ങൾ കാലപ്പഴ

ക്കംകൊണ്ടു മാഞ്ഞുപോകും. ഗ്രന്ഥകാരന്മാരുടെ വചനങ്ങൾക്ക് ഒരുകാലത്തും ന്യൂനത തട്ടുകയില്ല. അവരുടെ വചനങ്ങൾ മാത്രമല്ല, അവരുടെ കുടുംബങ്ങൾപോലും അക്ഷയങ്ങളായി പരിലസിക്കുന്നു.

സാക്ഷാൽ കിള്ളിക്കുറിശ്ശിമംഗലത്ത് ഇപ്പോൾ വിശേഷവിധിയായി വല്ലതുമുണ്ടോയെന്ന് അറിയുന്നില്ല. കലക്കത്തു ഭവനത്തിൽതന്നെ കുഞ്ചനു മുമ്പും പിമ്പും പല നമ്പ്യാരന്മാരും കാണുമല്ലൊ. കുഞ്ചനാകട്ടെ, മലയാളഭാഷാസാമ്രാജ്യത്തിൽ, മീതെ കമനീയമായ പതാകയോടുകൂടിയ ഒരു അനശ്വരകീർത്തിസ്തംഭം നാട്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ സുഗൃഹീതനാമത്തെ മലനാട്ടിലെ ജനത വിദ്വൽപാമരാന്തം ആദരിക്കുകയും ചെയ്യുന്നു. "എത്തുംപിടിയു"മില്ലാത്ത വേദാന്തവിഷയങ്ങളെപ്പോലും സരസകോമളമായ വിധത്തിൽ പ്രതിപാദിച്ച ആ മഹാൻെറ വാഗ്വിലാസമാണു വാഗ്വിലാസം. ക്ഷേത്രം കണ്ടിട്ടില്ലാത്തവർക്കുപോലും ചാക്യാരും നമ്പ്യാരും സുപരിചിതന്മാരാണ്.

ഭാഷാഭിമാനികൾക്കു തിരൂർ സ്റ്റേഷനേക്കാൾ എത്രയോ ഇഷ്ടമുള്ളതാണ് തൃക്കണ്ടിയൂർ! മലയാളഭാഷയുടെ പിതാവായ തുഞ്ചത്തു രാമാനുജൻെറ ജന്മദേശത്തു പല മഹാന്മാരും ഉണ്ടായിരുന്നിരിക്കണം. പക്ഷേ എഴുത്തച്ഛനേ ചിരഞ്ജീവിയായിത്തീർന്നിട്ടുള്ളു.

കൊട്ടാരക്കരയും സ്മർത്തവ്യമാണ്. കഥകളി ഒരു കാലത്തും കണ്ടിട്ടില്ലാത്തവർക്കുപോലും കേരളവർമ്മതമ്പുരാൻെറ നാമം വിസ്മരിച്ചുകളയാവുന്നതല്ല.

കൃഷ്ണപ്പാട്ടിൻെറ കഥയും അങ്ങനെതന്നെ. ചെറുശ്ശേരിയെ എല്ലാവരും ബഹുമാനിക്കുകതന്നെ ചെയ്യുന്നുണ്ട്. സംസ്കൃതഭാഷാപ്രണയികൾക്കു കാളിദാസനും, കുമാരദാസനും, മാഘനും മംഖനും, ഭട്ടിയും ബാണനും വിഷ്ണുശർമ്മാവും കൃഷ്ണമിശ്രനും, ദണ്ഡിയും മുരാരിയും, ഭാസനും ഹർഷനും, ഭവഭൂതിയും ഭർത്തൃഹരിയും, ബിൽഹണനും കൽഹണനും, ഹേമചന്ദ്രനും രാമചന്ദ്രനും, സോമേശ്വരനും സോമദേവനും, വാഗ്ഭടനും മമ്മടനും ഒക്കെ സുപരിചിതന്മാരായിരിക്കും. അവരുടെ ഹൃദയക്ഷേത്രങ്ങളിൽ പ്രസ്തുതപണ്ഡിതന്മാൎക്കു ശാശ്വതപ്രതിഷ്ഠയും സിദ്ധിച്ചിട്ടുണ്ട്.

അവരോടുകൂടി സംഭാഷണം ചെയ്യുന്നതിനും അവരോടൊന്നിച്ചു വസിക്കുന്നതിനും യാതൊരു പ്രയാസവുമില്ല. അവർ നമ്മുടെ ഏകാന്തത്തിൽ നമുക്കു കൂട്ടായിരിക്കുകയും അനൎത്ഥങ്ങളിൽ ആശ്വാസമരുളുകയും ചെയ്യുന്നു. വിക്രമാദിത്യമഹാരാജാവിനെ നാമാരും കണ്ടിട്ടില്ല. എങ്കിലും അദ്ദേഹത്തിൻെറ വീൎയ്യപരാക്രമങ്ങളെ നാം അറിയുന്നു. അദ്ദേഹത്തിൻെറ സദസ്സിലെ നവരത്നങ്ങൾപോലും നമുക്കു സുപരിചിതങ്ങളാകുന്നു.

ധന്വന്തരീക്ഷപണകാമരസിംഹ ശങ്കു
വേതാളഭട്ട ഘടകർപ്പര കാളിദാസ:
ഖ്യാതോ വരാഹമിഹിരോ നൃപതേസ്സഭായാം
രത്നാനിവൈവരരുചിൎന്നവ വിക്രമസ്യ"

വിദ്വൽകല്പവൃക്ഷമായ ഭോജരാജാവും അജ്ഞാതനല്ല.

നമ്മുടെ സഹാവു ബൈബിളാണെന്നു സങ്കല്പിക്കുക. അതിൽ സീനൈമലമുകളിൽവെച്ചു ജഗദീശ്വരൻ മോസസിനു പത്തു പ്രമാണങ്ങളെഴുതിയ പലക കൊടുക്കുന്നതു നാം കാണുന്നു. അവർ തമ്മിൽ സംഭാഷണം ചെയ്യുന്നതു നാമും കേൾക്കുന്നു.

യഹൂദജനത്തിൻെറ പാപകൃത്യങ്ങളെപ്പററി ധൈര്യപൂർവ്വം ശാസിക്കുന്ന ദീർഘദർശകന്മാർ വസിക്കുന്ന ജൂഡിയായിലെ മലകളിൽ നമുക്കും നിഷ്പ്രയാസം കയറാം. വാഗ്ദാനംചെയ്യപ്പെട്ട രാജ്യത്തു യഹൂദജനം പ്രവേശിക്കുന്നതിനു മുമ്പു് അവർചെയ്ത പ്രയാണങ്ങളിലും സഹിച്ച വിഷമതകളിലും അവരോടുകൂടി യാത്രചെയ്യുന്നതിനും ദുഃഖിക്കുന്നതിനും നമുക്കു യാതൊരു പ്രയാസവുമില്ല.

മലയിൽവെച്ചു യേശുനാഥൻ പ്രസംഗിച്ച സമയത്തു പുൽത്തകടിപ്പുറത്തു് ഇരുന്നു വചനശ്രവണം ചെയ്ത അനുഗൃഹീതജനങ്ങളുടെ കൂട്ടത്തിൽ ചേൎന്നു നമുക്കും ആ തിരുവചനങ്ങളെ കേൾക്കരുതോ?

യാക്കോബിൻെറ കിണററിൻകരെ ഇരുന്നു ക്രിസ്തുനാഥൻ സമ്രായക്കാരിയോടു സംസാരിക്കുമ്പോൾ അദ്ദേഹത്തിൻെറ സമീപം നിന്നുകൊണ്ടു് ആ വത്തമാനം അക്ഷരംപ്രതി നമുക്കു കേൾക്കാമല്ലോ!

ലാസറിൻെറ കുഴിമാടത്തുങ്കൽവെച്ചു മറിയത്തെയും മാത്താായേയും അനുഗ്രഹിക്കുന്നതും സക്കേവൂസിൻെറ ഗൃഹത്തിൽവെച്ചു് അയാളുടെ വിരുന്നു സ്വീകരിക്കുന്നതും നമുക്കു കണ്ടുകൊണ്ടിരിക്കാം.

പാപകൃത്യത്തിന പ്രേരിതരാകുന്ന അവസരങ്ങളിൽ യേശുനാഥൻെറ പ്രാൎത്ഥനകളും വാക്യങ്ങളും രക്ഷാമാൎഗ്ഗമായിരിക്കുന്നതാണ്. ദുഷ്കൃത്യത്തിലേക്ക് ആനയിക്കപ്പെടുന്നവർ എപ്രകാരമാണു പ്രവർത്തിക്കേണ്ടതെന്നു ക്രിസ്തുനാഥൻ ദൃഷ്ടാന്തരൂപേണ കാണിച്ചിട്ടുണ്ട്.

അതിഭക്ഷണത്തിനായിട്ടു പരീക്ഷിക്കപ്പെട്ടപ്പോൾ യേശു അരുളിച്ചെയ്തു — "അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിൻെറ വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടും മനുഷ്യർ ജീവിക്കുന്നു."

നല്ല നല്ല പ്രസംഗങ്ങൾ കേൾക്കാനാണു നമ്മുടെ ആഗ്രഹമെങ്കിൽ പ്രാസംഗികന്മാരുടെ രാജാവായ ഡെമോസ്തനേസ് മാസിഡോണിയായിലെ രാജാവിന് എതിരായി ചെയ്ത പ്രസംഗം ശ്രവിക്കരുതോ?

റോമാ സെനററുസംഘത്തിലും ഫോറത്തിലുംവച്ചു കററലീനായുടെ രാജദ്രോഹത്തെപ്പററി ധീരധീരം ചെയ്ത പ്രസംഗപരമ്പരയെ റോമൻപൗരാവലിയുടെ കൂടെ നിന്നുകൊണ്ടു നമുക്കും കേൾക്കാമല്ലൊ.

അരയോപ്പഗസ്സിൽവെച്ച് അഥീനിയന്മാരോട് ഏകസത്യദൈവത്തെപ്പററി സെൻറ് പോൾ ധൈൎയ്യസമേതം പറയുന്ന പ്രസംഗവും നമുക്കു കേൾക്കാൻ വിഷമമില്ല.

കൊൺസ്റ്റാൻറിനോപ്പിൾ അരമനയിലെ രത്യാസ

കതിയെപ്പററി ക്രിസ്തസാമ്രാജ്യം ശാസിക്കുന്നതും മാനസികമായവിധത്തിൽ നമുക്കു ദശിക്കാവുന്നതാണു്.

വാറൻ ഹേയിസ്റ്റിങ്ങ്സിൻെറ മേൽ എഡ്മണ്ടു് ബക്ക് ചെയ്ത കുററാരോപണപ്രസംഗം വായിക്കുന്ന നമ്മുടെ ഹൃദയത്തിൽക്കൂടി ആ വാങ്മാരിയുടെ ബാധ തട്ടുന്നതായി നമുക്കു തോന്നിപ്പോകുന്നു.

ഇവ നാം വായിക്കുമ്പോൾ സജീവഭാഷയുടെ മഞ്ജുളസ്വനം നമുക്കു ശ്രവണഗോചരമാവുന്നില്ലെന്നുള്ളതു വാസ്തവംതന്നെ. സദസ്യരുടെ ഹസ്തഘോഷങ്ങളും അവരുടെ വികാരചാപല്യങ്ങളും നാം അറിയുന്നില്ല. എങ്കിലും അവിടെവെച്ചു കേട്ട ആ വാക്കുകൾ തന്നെ നമുക്കും കേൾക്കാം. ആ പ്രമേയങ്ങളുടെ പാരായണം മൂലം പ്രാസംഗികന്മാരുടെ വചോവൈഭവവും വാങ്മാധുരിയും വായനക്കാരായ നാമും സമഗ്രമായി ആസ്വദിക്കുന്നതുപോലെ നമുക്കു തോന്നുന്നു. ഏതാദൃശമായ ആനന്ദാനുഭൂതി സാക്ഷാൽ നിസ്തുലം തന്നെയാണു്.

ജീവൽപ്രാസംഗികന്മാരുടെ നികടത്തിൽ നിന്നും വളരെ ദൂരെയാണു നാം സ്ഥിതിചെയ്യുന്നതു്. അവരുടെ മുഖദശ്നസൗഖ്യം നാം അനുഭവിക്കുന്നില്ല. അവരുടെ നാട്യങ്ങളും ആംഗ്യങ്ങളും നാം ദശിക്കുന്നില്ല. എങ്കിലും അവരുടെ അധരപുടങ്ങളിൽ നിന്നും പൊഴിയുന്ന ഓരോ ചിന്താരത്നവും യഥാസൌകര്യം നമുക്കു ഗ്രഹിക്കുവാൻ കഴിയും. പ്രസംഗം കേൾക്കുന്ന അവസരത്തിൽ നമുക്കു ലഭിക്കാത്ത ഒരു ഗുണമാണല്ലോ അതു്.

ഇനി ചരിത്രം നമ്മുടെ സഖാവാണെന്നു സങ്കല്പിക്കുക. ഓരോ രാജ്യത്തിന്റെയും സാമ്രാജ്യത്തിന്റെയും ഉൽക്കർഷവും ഭ്രംശവും എല്ലാം ഒരു കണ്ണാടിയിലെന്ന പോലെ ചരിത്രംമുഖേന നമുക്കു ദൃഷ്ടിഗോചരമാകുന്നു.

എങ്കിലും ഇതിനേക്കാൾ ഒന്നുകൂടി രസജനകമാണു ജീവചരിത്രപാരായണം. "ഉത്തമന്മാരുടെ ജീവചരിത്രത്തെ പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുന്നതിൽപരം ലോകോപകാരപരമായ ഒരു കൃത്യം മനുഷ്യനുള്ളതായി ഞാൻ വിചാരിക്കുന്നില്ല" എന്നു മഹാകവി ഉള്ളൂർ "പപ്പുമഹേശചരിതം" എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു വളരെ അത്ഥവത്താണു്.

ജീവചരിത്രഗ്രന്ഥശേഖരത്തിൽ പ്ലൂട്ടാർക്കിന്റെ കൃതി പ്രാഥമ്യം വഹിക്കുന്നു. സ്വഭാവവിഷയത്തിനു പ്രാധാന്യം നൽകിക്കൊണ്ടാണു പ്ലൂട്ടാർക്ക് സ്വഗ്രന്ഥം രചിച്ചതു്. തന്നിമിത്തമാണു് ഈ കൃതിക്കു എല്ലാ ജനങ്ങളുടെ ഇടയിലും ഇത്ര വലുതായ പ്രതിഷ്ഠ ലഭിച്ചതു്. ബോസ്വലിന്റെ "ജോൺസനും," മോർലിയുടെ "ഗ്ലാഡ്സ്റ്റനും," വാർഡിന്റെ "ന്യൂമാനും" സുപ്രസിദ്ധങ്ങളാണു്, ഇവ മാതൃകാജീവചരിത്രങ്ങൾതന്നെ.

സിദ്ധന്മാരും പണ്ഡിതന്മാരുമായ മഹാന്മാരുടെ ജീവചരിത്രപാരായണം, അവരെ അനുകരിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്നു. അലക്സാണ്ടറിയായിലെ അത്തനേഷ്യസ്, സർ തോമസ് മൂർ പ്രഭൃതികൾ സത്യസംസ്ഥാപനാത്ഥം സഹിച്ച കഷ്ടതകളുടെ സ്മരണ, കന്മഷ

കലുഷിതങ്ങളായ പ്രലോഭനങ്ങൾക്കു വശംവദരാവാതിരിപ്പാൻ നമ്മെ സഹായിക്കും. അതുപോലെതന്നെ ആത്മവിശ്വാസാധിക്യത്താൽ ഒരു കാലത്തു് അധമ്മചാരികളായിത്തീന്ന സാംസോൺ, ഡേവിഡ്, സോളമൺ തുടങ്ങിയുള്ള മഹാന്മാരുടെ ചരിത്രം ഈശ്വരൻെറ നേരെ പ്രദർശിപ്പിക്കേണ്ട ആശ്രിതഭാവത്തെപ്പററി നമ്മെ ഉദ്ബോധിപ്പിക്കുന്നു.

എന്നാൽ പരേതന്മാരും ജീവിച്ചിരിക്കുന്നവരുമായ മഹാന്മാർ തമ്മിൽ വലുതായ ഒരു അന്തരമുണ്ടു്. മഹാന്മാർ ജീവിച്ചിരിക്കുമ്പോൾ അവരെ കാണുന്നതിനും അവരുമായി അഭിമുഖസംഭാഷണം ചെയ്യുന്നതിനും എത്രയോ ചുരുക്കംപേക്കമാത്രമാണു സാധിക്കുന്നതു്. ഗ്രീസിലോ, റോമിലോ, വാഷിംഗ്ടനിലോ ജീവിക്കുന്ന പുരുഷകേസരികളെ ദർശിക്കുന്നതിനും അവരുടെ സ്വരമധുരിമയെ ആസ്വദിക്കുന്നതിനും എത്രയെത്ര ധനം വേണം; എന്തുമാത്രം കഷ്ടതയനുഭവിക്കണം. മലകളും കുന്നുകളും കടക്കേണ്ടതായിവരും.

അല്ല, അവർ നമ്മുടെ ഇടയിൽത്തന്നെ ജീവിച്ചിരുന്നാൽപോലും അവരെ കാണുന്നതിന് എല്ലാവക്കും സാധിച്ചെന്നു വരികയില്ല. ഗ്രന്ഥംമുഖേന മഹാന്മാരുമായി അഭിമുഖസംഭാഷണം ചെയ്യുന്നതിനു നമുക്കു യാതൊരു പ്രയാസവുമില്ല. ആരുടേയും ശുപാർശക്കത്തും വേണമെന്നില്ല. അവക്കു കൃത്യാന്തരബാഹുല്യവുമില്ല. നമുക്കു് ആവശ്യമുള്ളപ്പോഴൊക്കെ അവർ സ്വാധരങ്ങ

ളെ തുറന്ന് അനർഘാശയകുസുമങ്ങളെ വർഷിച്ചുകൊണ്ടിരിക്കും.

നമ്മുടെ ഏകാന്തത്തിലെ ഈ ബധിരസന്മിത്രങ്ങൾക്കു വേറൊരു വൈശിഷ്ട്യംകൂടിയുണ്ട്. അവർ നിർഭയപ്രാസംഗികന്മാരാണ്. ജീവൽപ്രാസംഗികന്മാർ നമ്മുടെ അപരാധങ്ങളെപ്പററി നേരെ പറവാൻ ശങ്കിക്കും. കുററാരോപണം ഒരുത്തൎക്കും രോചകമല്ലല്ലോ. ആത്മമിത്രമായ പ്ലേറേറാ സ്നേഹപൂൎവ്വം ഉപദേശിച്ചിട്ടും സിസറോയിയ്ക്കു പരിഭവമുണ്ടായ കഥ പ്രസിദ്ധമാണ്.

നമ്മുടെ അന്തഃകരണത്തിൻെറ ശാസനയെ നാം സഹിക്കുകയേയുള്ളൂ. എന്നാൽ ഒരു സജീവമിത്രം, ഇതരബന്ധുക്കളുടെ സാന്നിദ്ധ്യത്തിൽവച്ചു നമ്മെ ശാസിക്കുന്നതു നമുക്കു രുചികരമാകുകയില്ല. ആക്കാബ് രാജാവിൻെറ അധൎമ്മചൎയ്യയെ ശാസിച്ച മിക്കയാസിനെപ്പററി അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി. "മിക്കയാസ് ദീർഘദർശിയെ ഞാൻ വെറുക്കുന്നു."

സൽഗ്രന്ഥങ്ങളുടെ സ്ഥിതി ഇങ്ങനെയല്ല. അവ ഏകാന്തത്തിൽ മാത്രം ഉത്തമനായ ഉപദേഷ്ടാവിനെപ്പോലെ ധൎമ്മാധൎമ്മങ്ങളെ ഉപദേശിച്ചുകൊണ്ടിരിക്കുന്നു. നമുക്കു വേണ്ടുവോളം ഉപദേശങ്ങളും ശാസനകളും ലഭിച്ചു എന്നു കാണുമ്പോൾ പുസ്തകം അങ്ങു മടക്കിവച്ചേക്കണം. അവ പിന്നെ സംസാരിക്കുകയില്ല. അവയുടെ അധരപുടങ്ങളടഞ്ഞുപോയി.

ഇനി ആനന്ദത്തെ മുൻനിറുത്തി രചിക്കപ്പെട്ടിട്ടുള്ള

വേറൊരു ഗ്രന്ഥത്തെ ഇങ്ങെടുക്കണം. സാത്വികാദർശങ്ങളെ പരാമർശിച്ചു വിരചിതമായ ഒരു കഥാപുസ്തകം തന്നെ ആകട്ടെ. ക്ഷീണിച്ചിരിക്കുന്ന നമ്മുടെ മനസ്സിന്ന് അതു് ഉന്മേഷവും വിശ്രമവും നൽകാതിരിക്കുകയില്ല.

സൽഗ്രന്ഥപാരായണം വിശ്രമത്തെ മാത്രമല്ല പ്രദാനം ചെയ്യുന്നതു്. അതു അനേകരെ പാപഗർത്തത്തിൽനിന്നും വിമോചിപ്പിക്കുകയും ചെയ്യും. സെൻറ് അഗസ്റ്റിൻതന്നെ ആദ്യകാലത്തു് അനിത്യങ്ങളായ ആനന്ദങ്ങളിൽ ആണ്ടുപോയിരുന്നു. അദ്ദേഹത്തെ സച്ചിന്തയിലേയ്ക്കു് ഇദംപ്രഥമമായി ആകർഷിച്ചതു സിസറോയുടെ ഒരു ഗ്രന്ഥമാണു്. അഗസ്റ്റിൻ വായിച്ചു: "മരണാനന്തരജീവിതമുള്ളപക്ഷം സത്യാന്വേഷണത്തിനായി ചെയ്യുന്ന സ്ഥിരപരിശ്രമം ഭവിഷ്യജ്ജീവിതത്തിനു നമ്മെ തയ്യാറാക്കും."

ഇതേക്കുറിച്ചു ചിന്തിക്കുന്ന ആത്മാവു ഭൗമികബന്ധങ്ങളിൽനിന്നും വിമുക്തമായി സ്വർഗ്ഗമാർഗ്ഗത്തിലേയ്ക്കു ഉയരുകയില്ലയോ? ഈ വാക്യം അദ്ദേഹത്തെ വല്ലാതെ വിഷമിപ്പിച്ചു. സംശയനിവാരണത്തിനുള്ള മാർഗ്ഗം ആരാഞ്ഞുതുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം സ്വമിത്രങ്ങളായ അലിഫിയസ്സും പോണ്ടിഷ്യനും ഒന്നിച്ചു് അഗസ്റ്റിൻ ഒരു യാത്ര പുറപ്പെട്ടു. മദ്ധ്യേമാർഗ്ഗം പോണ്ടിഷ്യൻ, സിദ്ധനായ അന്തോണിയുടെ വിസ്മയനീയമായ ജീവചരിത്രം വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു.

ഉടനെ അഗസ്റ്റിൻ പറഞ്ഞു: "ഈ നിരക്ഷരകുക്ഷികൾ സ്വർഗ്ഗരാജ്യത്തെ തട്ടിപ്പറിച്ചുകൊണ്ടുപോകു

ന്നല്ലോ; നമ്മുടെ പാണ്ഡിത്യമെല്ലാം അടക്കിവെച്ചു കൊണ്ടു നാം ഇനിയും പങ്കിലജലധിയിൽ ആണ്ടുകിടക്കുന്നു." തദനന്തരം കൂട്ടുകാരോടു യാത്രപറഞ്ഞിട്ട്. അദ്ദേഹം ഒരു അത്തിമൂലത്തിൽ ഇരുന്നു ചിന്തിക്കാൻതുടങ്ങി കുറേ കഴിഞ്ഞപ്പോൾ, "എടുത്തു വായിക്കുക" എന്നൊരു അശരീരിവാക്യം കേൾക്കുകയുണ്ടായി. മടങ്ങി വീട്ടിൽ ച്ചെന്നു വേദഗ്രന്ഥമെടുത്തു ഇങ്ങനെ വായിച്ചു:

"......വിപ്ലവത്തിലും മദ്യപാനത്തിലുമല്ല, ശയന മോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, കലഹത്തിലും അസൂയയിലുമല്ല,......കർത്താവായ യേശുക്രിസ്തുവിനെ ധരിച്ചുകൊൾക; നിങ്ങളുടെ ശരീരത്തിൻെറ ദുരിച്ഛകൾക്കു നിവൃത്തിമാർഗ്ഗം അന്വേഷിക്കേണ്ടാ." ഇത്രയും വായിച്ച ശേഷം അഗസ്റ്റിൻ പറയുന്നു: "പിന്നെ ഞാൻ വായിച്ചില്ല. കൂടുതൽ വേണമെന്നുമില്ലായിരുന്നു. എന്തെന്നാൽ ഈ വാചകം വായിച്ചുകഴിഞ്ഞ ഉടനെ സമാധാനത്തിൻെറ പ്രകാശം എൻെറ ഹൃദയാന്തർഭാഗത്തു് ഉദിക്കുകയും സംശയാന്ധകാരം എന്നിൽനിന്നു നിശ്ശേഷം നീങ്ങിപ്പോകുകയും ചെയ്തു.

ഇപ്പോൾ ലോകത്തിലെങ്ങും പ്രചരിച്ചിട്ടുള്ള ജസ്യൂറട് സഭയുടെ സ്ഥാപകനായ ഇഗ്നേഷ്യസ്, പാമ്പലോനാ യുദ്ധത്തിൽ മുറിവേററു് ആസ്പത്രിയിൽ കിടക്കുകയായിരുന്നു. യുദ്ധത്തിൽ ശൌര്യത്തോടെ ആയുധപ്രയോഗംചെയ്ത ആ വീരയോധനു നേരിട്ട അംഗഭംഗം വാസ്തവത്തിൽ അത്ര ഗൌരവമുള്ളതല്ലായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ കാമിനിയുടെ മുമ്പാകെ ചട്ടു

കാലനായി കാണപ്പെടണമല്ലോ എന്നുള്ള വിചാരം അയാളുടെ താപാഗ്നിയെ ശതഗുണം വർദ്ധിപ്പിച്ചു.

എന്തുതന്നെ വന്നാലും വേണ്ടില്ല, ഈ ന്യൂനതയെ പരിഹരിക്കുക തന്നെ ചെയ്യണമെന്നു കരുതിയാണ് ആസ്പത്രിയിൽ പോയതും, ശസ്ത്രപ്രയോഗം ചെയ്യാനാവശ്യപ്പെട്ടതും. ശസ്ത്രപ്രയോഗാനന്തരം വേദന സഹിക്കവയ്യാതായി. ഹരാദാകർഷകങ്ങളും പ്രണയപ്രതിപാദകങ്ങളും ആയ വല്ല പുതിയ നോവലുകളുമുണ്ടെങ്കിൽ വായിപ്പാൻ കിട്ടണമെന്ന് അധികാരികളോടാവശ്യപ്പെട്ടു. പക്ഷേ അവിടെ നോവലുകളേ ഇല്ലായിരുന്നു. എന്നാൽ ഏതെങ്കിലും ഒരു പുസ്തകം കിട്ടിയാൽ മതിയെന്നായി.

കിട്ടിയ പുസ്തകം—സിദ്ധന്മാരുടെ ജീവചരിത്രം—രോഗിക്ക് അത്ര പിടിച്ചില്ലെങ്കിലും എടുത്തു വായിച്ചു തുടങ്ങി. വായിച്ചുതീർന്നതിനോടേ .സിദ്ധന്മാരേപ്പോലെ തനിക്കും പ്രവർത്തിക്കണമെന്നും, ഈശ്വരാരാധനത്തിനും പരപരിചരണത്തിനും വേണ്ടി ആയുഷ്കാലത്തിന്റെ ശിഷ്ടാംശത്തെ വിനിയോഗിക്കണമെന്നും തീരുമാനിച്ചു. ഏതന്നിർണ്ണയത്തിന്റെ അനന്തരഫലം—ജസ്യൂട്ട് സഭമൂലം ലോകത്തിന് ഉണ്ടായിട്ടുള്ള ഗുണങ്ങൾ—ഇപ്പോൾ എല്ലാവരും തന്നെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നുണ്ടല്ലോ.

സ്വപാദപാംസുക്കളാൽ ഭാരതമെന്നല്ല നമ്മുടെ സ്വന്തം മലനാടിനേത്തന്നേ പരിപാവനമാക്കി മലയാളത്തുവെച്ച് ഇദംപ്രഥമമായി ഒരു കൃതി രചിക്കുകയും അച്ചടിപ്പിക്കുകയും ചെയ്തതിനുപുറമേ അക്ഷയമായ

യശശ്ശരീരസാന്നിദ്ധ്യത്താൽ ഇന്നും നമ്മുടെ ഇടയിൽ ജീവിക്കുന്ന പൂജ്യപാദരായ സേവിയർ പുണ്യവാൻെറ ജീവചരിത്രപാരായണം എത്രയെത്രപേരേ സുകൃതികളാക്കിയിരിക്കുന്നു. അമേരിക്കയിലെ സുപ്രസിദ്ധ മിഷനറിയായ ഡാക്ടർ വൂൾഫ് എന്ന ദേഹത്തെ അധഃകൃതവർഗ്ഗത്തിൻെറ ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കുന്നതിനു പ്രേരിപ്പിച്ചതു സേവിയർ പുണ്യവാൻെറ ജീവചരിത്രപാരായണമാണെന്ന് അദ്ദേഹം എഴുതിയിരിക്കുന്നു.

ഇങ്ങനെ ഗ്രന്ഥങ്ങളുടെ ഗുണത്തെയും തൽപാരായണത്തിൽ നിന്നും സിദ്ധിക്കാവുന്ന ആനന്ദത്തെയും വിസ്തരിച്ചാൽ അവസാനിക്കുകയില്ല. ഗ്രന്ഥപാരായണപരായണന്ന് അനുഭവിച്ചുകൂടാത്ത ആനന്ദവുമില്ല. തന്നിമിത്തം അദ്ധ്യയനജീവിതത്തിലെ ആനന്ദം അപരിമിതമാണെന്നുകൂടി പറയാം. പണ്ഡിതനാഥനായ ജഗന്നാഥൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു.

"ശ്രുതിയും സ്മൃതിയും ശാസ്ത്രം
പുരാണനിവഹങ്ങളും
പ്രഭുവും മിത്രവും പോലെ
ശാസിക്കും ധർമ്മമാകവെ
സരസാ പ്രിയയാം കാന്ത-
യെന്നപോലതിഹൃദ്യമായ്
ഹിതം പോലുപദേശിച്ചു
തരുന്നു കാവ്യമൊക്കെയും."

(സാഹിതീസർവ്വസ്വം)

# VIII

## വിമർശനം

സാഹിത്യം ഹൃദയദ്രവീകരണമായിരിക്കുന്നതുപോലെതന്നെ വിമൎശനവും സഹൃദയന്മാരുടെ ഹൃദയാഹ്ലാദത്തെ പ്രസ്പഷ്ടമാക്കുന്നതാണു്. സാഹിത്യത്തിൻെറ സാരാംശം ആർദ്രതയാണെങ്കിൽ സാഹിത്യത്തെപ്പററി ഹാൎദ്ദമായിച്ചെയ്യുന്ന ആസ്വാദനോൽഗരണം സാഹിത്യസാത്മ്യത്തിൽപ്പെടാതിരിപ്പാൻ ഇടയില്ലല്ലോ. സൂക്ഷ്മം ആലോചിച്ചാൽ വിമൎശനം യഥാൎത്ഥസാഹിത്യത്തിൻെറ ജീവജീവനായ സാഹിത്യമെന്നാണു ഗണിപ്പാനുള്ളതു്.

സാഹിത്യവും വിമൎശനവും തമ്മിലുള്ള സ്വാഭാവികബന്ധം ഇങ്ങനെ വ്യക്തമാക്കിയതിനോടുകൂടി അവയുടെ സമകാലീനമായ ലൗകികോപപത്തിയും അനുമന്തവ്യമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. സാക്ഷാത്തായ സാഹിത്യം ആവിർഭൂതമായ കാലംമുതൽക്കു നിരൂപണവും തദാസ്വാദനവും ജനങ്ങളുടെ ഇടയിൽ ഉണ്ടായിത്തുടങ്ങിയിരിക്കണം. ലോകനിരീക്ഷണത്തിൽ നല്ലതെന്നു വിമൎശിക്കപ്പെട്ടിട്ടുള്ള കൃതികൾക്കേ മുൻകാലങ്ങളിൽ ചിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ളു. ഇപ്പോഴത്തെപ്പോലെ മററുകാരണങ്ങളൊന്നും പുസ്തകപ്രചരണത്തെ വൎദ്ധിപ്പിച്ചതായി കേട്ടിട്ടില്ല.

ലോകത്തിൻെറ നിരീക്ഷണശക്തി; ബഹുസൂക്ഷ്മവും നിഷ്പാക്ഷിണ്യവും ആയിട്ടുള്ളതത്രെ. സാഹിത്യഗ്രന്ഥങ്ങൾ മാത്രമല്ല, നമ്മുടെ ഓരോരുത്തരുടെയും പ്രവൃത്തികൾപോലും സദാപി ലോകനിരൂപണത്തിനു പാത്രമായിക്കൊണ്ടാണിരിക്കുന്നതു്. ലോകത്തിലെ ചില അത്യുഗ്രവ്യക്തികളെപ്പോലും നമുക്കു യേനഃകനപ്രകാരേണ സ്വാധീനപ്പെടുത്തി ആനുകൂല്യത്തിൽ വരുത്താം. പക്ഷേ ഈ വിദ്യകൾ ഒന്നും ലോകനിരൂപണദൃഷ്ടിയുടെ വ്യഗ്രതയെ ഇമ്മിക്കുപോലും കുറയ്ക്കാൻ പര്യാപ്തമാകുന്നില്ല.

ലോകം വ്യക്തികളെക്കൊണ്ടു നിറഞ്ഞിട്ടുള്ളതാണെങ്കിലും വ്യക്തിപരമായ ശക്തികളുടെ കേവലസംഘടിതഫലമല്ല, ലോകത്തിൻെറ സമുച്ചയശക്തിയായി പരിണമിച്ചുകാണുന്നതു്. ഏതായാലും യാഥാർത്ഥ്യം കണ്ടുപിടിക്കുവാനും പ്രചരിപ്പിക്കുവാനും അതിസൂക്ഷ്മവും സമർത്ഥവുമായ ശക്തിവിശേഷം നിരാക്ഷേപമായി ലോകനിരൂപണദൃഷ്ടിക്കുണ്ടെന്നുള്ളതു് ഒരു വസ്തുതയത്രേ. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു് "ഉത്തമന്മാർക്കും ലോകാപവാദാൽഭയം" എന്ന ആപ്തവാക്യത്തിനു പ്രാമാണ്യം സിദ്ധിച്ചിട്ടുള്ളതു്.

എൻെറ ഒരു ആപ്തമിത്രവും യഥാർത്ഥവിമർശനപ്രസ്ഥാനകാരനെന്നു സുപ്രസിദ്ധി നേടിയ വശ്യവാക്കുമായിരുന്ന കെ. രാമകൃഷ്ണപിള്ള അവർകൾ ലോകനിരൂപണമഹിമയെപ്പററി ഇങ്ങനെ പറയുന്നു. "പദ്യത്തിലും ഗദ്യത്തിലും നിരവധി കൃതികൾ ഇപ്പോൾ ഉണ്ടായി

ക്കൊണ്ടിരിക്കുന്നു. അവയിൽ തീയതു തടഞ്ഞുനിറുത്തുന്നതിനോ, നല്ലതിനെ പ്രോത്സാഹിപ്പിക്കുന്നതിനോ ഭാഷാപ്രണയികളെന്നു പേരുംപറഞ്ഞു് ആരും ഉദ്യമിക്കേണ്ട ആവശ്യമില്ല. ഈ ഭാഷാപ്രണയമൂത്തികൾക്കു സ്വന്തമായി വല്ലതും ചെയ്യാമെങ്കിൽ ചെയ്തു സ്വസന്താനപരിലാളനസുഖം അനുഭവിക്കട്ടേ.

"ഈ ലോകത്തിലെ വ്യക്തികൾ മിക്കവാറും സ്വാത്ഥപരന്മാരാണു്. പത്രാധിപന്മാരും ഭാഷാപ്രണയികളും ഇതിനു വ്യത്യസ്തമായി വരാൻ തരമില്ല. ആളും തരവുംനോക്കി ഗ്രന്ഥനിരൂപണം ചെയ്തില്ലെങ്കിൽ ചിലപ്പോൾ ആൾനാശംതന്നെ ഉണ്ടായെന്നു വരാം...... . പുസ്തകാഭിപ്രായങ്ങളായി വികൃതപ്പെട്ടു് അവതരിച്ചു പോയി എന്നുംവരാം. എന്നാൽ വ്യക്തികളുടെ സ്വാത്ഥതയും വിരുദ്ധതയും കാലമഹാഗ്നിയിൽ ദഹിക്കുന്നു. സൽഗ്രന്ഥങ്ങൾ കാലപ്പഴക്കത്തിനു തനിയെ തെളിഞ്ഞുകൊള്ളും. ക്ഷുദ്രകൃതികൾ നേരെമറിച്ചു് എത്ര പിൻതാങ്ങുണ്ടായാലും കാലാന്തരത്തിൽ നശിക്കുകതന്നെ ചെയ്യും."

മലയാളികളുടെ ഇടയിൽ ഇപ്പോൾ ധാരാളം പ്രചാരത്തിലിരിക്കുന്ന ഭാഷാകൃതികളെക്കൊണ്ടുതന്നെ ഈ യാഥാത്ഥ്യം തെളിയിക്കാം. പ്രത്യേകമാരുടേയും ആനുകൂല്യം കൂടാതെതന്നെ എഴുത്തച്ഛന്റെ കിളിപ്പാട്ടുകളും, കുഞ്ചൻനമ്പ്യാരുടെ തുള്ളൽപാട്ടുകളും, ചെറുശ്ശേരി ഗാഥകളും, വഞ്ചിപ്പാട്ടു്, കൃഷ്ണപ്പാട്ടു്, മാഗ്ഗംകളിപ്പാട്ടു് എന്നിവയും ഇപ്പോഴും പ്രചരിച്ചുകൊണ്ടിരിക്കുന്നു

ണ്ടു്. പരിതഃസ്ഥിതികൾ നിമിത്തം താല്ക്കാലികമായു ണ്ടായേക്കാവുന്ന പ്രതിബന്ധങ്ങളെ ജയിച്ചുപോലും ശ രിയായ സാഹിത്യകൃതികൾക്കു യഥായോഗ്യം പ്രചാരം സിദ്ധിച്ചുകൊള്ളുമെന്നു് ഇങ്ങനെ നമുക്കു സമാശ്വസി ക്കാം.

സാഹിത്യം ഉണ്ടായ കാലംമുതൽ തൽപ്രതിമർശനവും എത്രതന്നെ അപൂർണ്ണരീതിയിലായിരുന്നാലും ഉണ്ടായി എന്നു് ഊഹിക്കാൻ കഴിയും. "എഴുത്തച്ഛന്റെ ചക്കിൽ നാലും ആറും ആട്ടും", "ചെറുശ്ശേരിയുടെ എ രിശ്ശേരിയിൽ ഇളക്കിനോക്കിയാൽ കഷണങ്ങൾ കാ ണും", "ഭട്ടതിരിപ്പാടുപോയി മീൻ കൂട്ടിത്തുടങ്ങട്ടെ" എ ന്നിങ്ങനെ ഓരോവിധം നമ്മുടെ പൂർവ്വികമഹാകവിക ളെപ്പററി ഐതിഹ്യംവഴി പ്രചരിച്ചിട്ടുള്ള അഭിപ്രായ വാക്യങ്ങൾ അതാതുകവികളുടെ കാവ്യരീതികളെപ്പ ററിയുള്ള വിമർശനങ്ങൾ തന്നെയല്ലയോ?

കോട്ടയത്തു തമ്പുരാൻ ഒരു കഥകളിയുണ്ടാക്കി ആ ടിച്ചപ്പോൾ അതുകണ്ടു് അദ്ദേഹത്തിന്റെ ഗുരുനാഥൻ "ഇതു സ്ത്രീകൾക്കു കൈകൊട്ടിക്കളിപ്പാൻ കൊള്ളാം" മെന്നും മററും പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ അക്കാല ത്തെ വിമർശനലക്ഷ്യങ്ങളായി പരിഗണിക്കരുതോ? ഇതു പോലെതന്നെ ചെമ്പകശ്ശേരി, തിരുവനന്തപുരം മുത ലായ പൂർവ്വരാജധാനികളിൽ അതതുനാടുവാഴികളുടെ സംരക്ഷണത്തിൽ പുഷ്ടിപ്പെട്ടിരുന്ന കവിസദസ്സുകളും അക്കാലത്തെ സാഹിത്യപരിഷത്തുകളായി ഗണിക്ക ണം. പ്രസ്തുത പരിഷത്തുകളിലെ വിമർശനദൃഷ്ടിയിൽ

കാവ്യഗുണോപേതമെന്നു ഗണിക്കപ്പെട്ട കൃതികളുടെ കർത്താക്കൾക്കു രാജാക്കന്മാർ പാരിതോഷികങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയുമുണ്ടായിട്ടുണ്ട്.

ഈ വിധമുള്ള സൂക്ഷ്മവും പാവനതരവുമായ വിമർശനങ്ങൾ ഈയിടെ കുറഞ്ഞുവരുവാൻ പല കാരണങ്ങളുമുണ്ട്. ഇപ്പോഴത്തെ കവിതകളിൽ പലതും ഒന്നുപോലെ "സ്വയമേവാഗത"ങ്ങളല്ലെന്നുള്ളതാണ് ഒരു പ്രധാനകാരണം. സ്വാർത്ഥപരമായ ഓരോ ഉദ്ദേശ്യസിദ്ധിക്കു വേണ്ടി പലരും ഓരോ കൃതികൾ രചിച്ചുതുടങ്ങി. ഇപ്പോഴത്തെ വിദ്യാഭ്യാസപ്രവർത്തകമണ്ഡലത്തിൽ നിന്നും അപ്പോഴപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബാഹ്യ നിയന്ത്രണങ്ങളുടെ ബഹുലത കാവ്യങ്ങളുടെ സ്വാഭാവികമായ ഉല്പത്തിയെ ഹനിക്കുന്നു. എന്നുമാത്രമല്ലാ, ഈദൃശ നിയന്ത്രണസ്ഥാപനങ്ങളിൽക്കൂടി മാത്രമേ കൃതികൾക്കു പ്രചാരമുണ്ടാകുവാൻ തരമുള്ളു എന്നും വന്നുകൂടിയിരിക്കുന്നു.

കൃതികൾക്കു പ്രചാരം സിദ്ധിക്കുന്നതിനുള്ള ഏകമാർഗ്ഗം പാഠ്യപുസ്തകക്കമ്മററിയുടെ അംഗീകരണം മാത്രമായി ഇപ്പോൾ പരിണമിച്ചിരിക്കുന്നു. തൻമൂലം യഥാർത്ഥമായ സാഹിത്യാഭിരുചി— നല്ല നല്ല സാഹിത്യത്തെ തിരിച്ചറിയാനുള്ള സഹൃദയഗുണം—നാൾക്കുനാൾ കുറഞ്ഞുവരുന്നില്ലയോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. പാവനമായ വിമർശനരീതിയുടെ അഭാവോൻമുഖതയും വേറൊരു കാരണമായിപറയാം. നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസരീതി ജീവിതമത്സരത്തിനുള്ള

വിഷമതകളെ ഒന്നിനൊന്നു വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്.

ഇതുവരെ ഏകയോഗക്ഷേമമായി കേരളത്തിൽ കൂടിക്കഴിഞ്ഞു വന്നിരുന്ന പല വർഗ്ഗക്കാരും ഇപ്പോൾ പരസ്പരം വിരുദ്ധരായി പക്ഷംപററി പോരാടി വരുന്നതും ഏതൽപരിണാമം കൊണ്ടത്രെ. ചുററുമുള്ള സംഗതികളുടെ നിലകൊണ്ടു സ്വപക്ഷം പിടിച്ചു പ്രവർത്തിക്കാതെ തരമില്ലെന്നുവരുമ്പോൾ സാഹിത്യവിമർശനത്തിലും ഈ പാർശ്വവർത്തിത്വം സങ്കലിതമായിത്തീരുന്നു. ഇങ്ങനെ വരുമ്പോഴും ഹൃദയസാക്ഷ്യമായ ഉത്തമവിശ്വാസപ്രകടനങ്ങളല്ലാ സാഹിത്യവിമർശനങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു്.

സാഹിത്യത്തിന്റെ ഉല്പത്തിസ്ഥാനം മനുഷ്യഹൃദയമാകയാൽ ആ ഹൃദയത്തിന്റെ ചെയ്തികളായ സാഹിത്യകൃതികളെപ്പററി ഹാർദ്ദമായിത്തന്നെയാണു പരിചിന്തിക്കേണ്ടതു്. അതിന്റെ പരിതഃസ്ഥിതികളോടു് അനുയോജിച്ച സൗഹാർദ്ദപ്രകൃതി, വിമർശകനു് ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. അപ്പോൾമാത്രമേ കവിഹൃദയം ശരിക്കറിവാൻ സാധിക്കയുള്ളൂ. "ഊടറിഞ്ഞേ ഓല വായിക്കാവൂ" എന്നുള്ള പഴമൊഴിയിൽ ഇതുസംബന്ധിച്ച തത്വങ്ങളാണു് ഉപബൃംഹണം ചെയ്തു കാണുന്നതു്.

ചുററുമുള്ള സംഗതികൾക്കിടയിൽ നിഴലിക്കുന്ന ആർദ്രത്തുളുമ്പൽ ഏതുതരത്തിലാണെന്നു മനസ്സിലാകാതെ അതിനെ മററുള്ളവർക്കു വിളമ്പിക്കൊടുക്കുവാൻ

സാധിക്കുന്നതല്ലല്ലോ. കൃതികൾ രചിക്കപ്പെട്ടവാനുള്ള കാലസ്ഥിതികളെ അറിയുന്നതിൽ പാശ്ചാത്യനിരൂപകന്മാർ പ്രദർശിപ്പിക്കുന്ന നിഷ്കർഷ അനുകരണീയമാണ്. തൻനിമിത്തം ഒരു വിമർശകൻ ആദ്യമായി കവിയുടെ മാനസികനിലയെ പൂർണ്ണമായി ഗ്രഹിച്ചുകൊണ്ടു കവിയുടെ നിരീക്ഷണപഥത്തിൽക്കൂടി വർണ്ണ്യമായുള്ള പരിതസ്ഥിതികളെ അതേനിലയ്ക്കുതന്നെനോക്കി അവിടെ കാണുന്ന മനോധർമ്മത്തെ വ്യക്തമാക്കുകയാണു വേണ്ടതു്. മനോധർമ്മമെന്നുവെച്ചാൽ എന്തെന്ന് അപഗ്രഥനദൃഷ്ട്യാ അല്പം വിവേചിക്കേണ്ടിയിരിക്കുന്നു.

ഒരേ ജാതിയിൽ ഉൾപ്പെട്ടതായി കാണുന്ന വ്യക്തികൾ ഓരോന്നിനും ആകൃതിയിൽ പ്രത്യേകതയുണ്ടായിരിക്കുന്നതുപോലെ മനസ്സിനും ചില പ്രത്യേകപ്രകൃതിവിശേഷങ്ങൾ ഉള്ളതായി സൂക്ഷ്മനിരീക്ഷണത്തിൽ പ്രത്യക്ഷപ്പെടുന്നു. കവിയുടെ മാനസികമായ ഈ പ്രത്യേകത വിമർശകൻ ആദ്യമായി അറിയണം. ഈ മനസ്സു പരിതഃസ്ഥിതികളോടും വർണ്ണ്യസന്ദർഭങ്ങളോടും എപ്രകാരം വ്യാപിച്ചിട്ടാണോ കവിത ആവിഷ്കൃതമായതു്, ആ വ്യാപാരത്തെയാണു മനോധർമ്മം എന്നു പറയാറുള്ളതു്. ഈ മനോധർമ്മചാതുര്യത്തെ വ്യക്തമാക്കുവാനാണു വിമർശകൻ ചുമതലപ്പെട്ടു നില്ക്കുന്നതു്.

ആംഗ്ലേയകൃതികളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള നിരൂപണങ്ങൾ പലതും ആവിർഭവിച്ചു കഴിഞ്ഞിട്ടുണ്ടു്. "ഇംഗ്ലീഷു സാഹിത്യകാരാവലി" (English Men of Letters Series) യിലെ മിക്ക സംപു

ടങ്ങളും, ബ്രാഡ്‌ലി (Bradley), ഡൌഡൺ (Dowden) മുതലായവരുടെ ഷേക്‌സ്പീയർ നാടകവിമർശങ്ങളും, എമിലി ലെഗൂി (Emile Legouis) ഇപ്പോൾ ചെയ്തുവരുന്ന വേർഡ്‌സ്‌വർത്ത് (Wordsworth) കൃതിനിരൂപണങ്ങളും ഉത്തമോദാഹരണങ്ങളത്രെ.

ഒരു കവിയുടെ പ്രത്യേകമനോവ്യാപാരം കവിതയായി വികസിച്ചതെങ്ങനെയെന്നു വിമർശകൻ തന്റെ മനോമുകുരത്തിൽക്കൂടി പ്രകാശിപ്പിക്കയാണു ചെയ്യേണ്ടതു്. കവിക്കുള്ളതുപോലെ വിമർശകനും പ്രത്യേകമായ ഈ മനോഗുണം എത്രയും നിർമ്മലവും സ്വച്ഛവുമായിരുന്നെങ്കിലേ കവിഹൃദയം അതിൽക്കൂടി സുതരാം ശോഭിക്കുകയുള്ളു. അശുദ്ധമായ കണ്ണാടിയിൽക്കൂടി കടക്കുന്ന വെളിച്ചം വികലമായോ വിവർണ്ണമായോ കാണപ്പെടുന്നതുപോലെ വിമർശകമനസ്സിന്റെ സ്ഥിതിഭേദം കവിയുടെ മനോധർമ്മത്തിനു കോട്ടം വരുത്തി പ്രത്യക്ഷപ്പെടുത്തിയേക്കാം.

അതുകൊണ്ടാണു വ്യക്തിപരമായ പക്ഷപാതബുദ്ധിയോടുകൂടി ചെയ്യപ്പെടുന്ന വിമർശനങ്ങൾ സഹൃദയാവഹേളനത്തിനു ന്യായപൂർവ്വം പാത്രമാകുന്നതു്. ദേഹത്തിനല്ലാതെ ദേഹികൾക്കു് ഒരിക്കലും ആരും ജാതിവ്യത്യാസം കല്പിക്കാറില്ല. "ജാതിനാമാദികൾക്കല്ലാ ഗുണഗണ"മെന്നു് എഴുത്തച്ഛനും, "ജാതിവ്യത്യാസമെന്നുള്ളതു് ഒരിക്കലും ഏശാൻ തരമില്ല" എന്നു ശങ്കരാചാര്യരും വിധിച്ചിട്ടുണ്ടല്ലോ. ഹൃദയവൃത്തിയായ കവിതയുടെ വിമർശനത്തിൽ, ആ കവിയുടെ ജാതി നോക്കി

അഭിപ്രായം രൂപവല്ക്കരിക്കുന്നുവെങ്കിൽ ആയതു ക ഷ്ടാൽകഷ്ടതരമല്ലയോ?

"മാണിക്കക്കല്ലു കുപ്പയിൽകിടന്നാലും സ്വീകാര്യ്യ"മെന്നും, "കാര്യ്യമാരു പറഞ്ഞാലുമായതപ്പോൾ എടുക്കണം" എന്നുംമററും നീതിസാരം ഉൽഘോഷിക്കുന്ന ചിലർ ഈ തത്വത്തിനു നേരേ വിപരീതമായി വിമർശനങ്ങൾ പുറപ്പെടുവിച്ചുകാണുമ്പോൾ നമ്മുടെ നാട്ടിലെ വർഗ്ഗീയവിദ്വേഷത്തിൻെറ ശക്തിപ്രവാഹത്തെപ്പററി പരിതപിക്കാത്തവരുണ്ടാകുമോ? സാഹിത്യസാമ്രാജ്യത്തിൽ ജാതിമതാദിഭേദങ്ങളില്ല. സരസ്വതീദേവിയുടെ പരിപാവനമായ ക്ഷേത്രത്തിൽ ഏതു ജാതിമതസമുദായക്കാൎക്കും സ്വച്ഛന്ദം പ്രവേശിക്കാവുന്നതാണ്. "സരസ്വതീപവിത്രാണാം ജാതിസ്തത്ര നാദിഹിനാം" എന്നു രാജശേഖരകവിരാജൻ പറഞ്ഞിട്ടുമുണ്ടു്.

വിമൎശകന്മാരിൽ വർഗ്ഗീയപക്ഷപാതമുണ്ടാവുക എന്നുള്ളതു് ഒരു മഹാപാതകംതന്നെയാകുന്നു. അതിൽനിന്നും അതീതമായിത്തീരാൻതക്ക സ്ഥിതിയിലല്ലാത്ത സാഹചര്യ്യങ്ങളിലിരിക്കുന്ന പണ്ഡിതൻ, വിമർശനത്തിനൊരുങ്ങാതിരിക്കുകയാണു നല്ലതു്. നിരൂപണം ഖണ്ഡനമായാലും മണ്ഡനമായാലും സ്വീകാര്യ്യമാകണമെങ്കിൽ തൽക്കൎത്താവു ഗുണദോഷഗ്രഹണധുരീണനും, രസാലങ്കാരാദികാവ്യധൎമ്മമൎമ്മജ്ഞനും, നിഷ്പക്ഷപാതിയും, സ്വാഭിപ്രായപ്രകടനധീരനും, സർവ്വോപരി പരിപാവനവാസനാവിശിഷ്ടനുമായിരിക്കണം. "കവികളുള്ളിടത്തോളം കാലം നിരൂപകന്മാരുമുണ്ടാകണ"മെന്നു വള്ളത്തോൾ ഏ

കത്ര പ്രസ്താവിച്ചുകാണുന്നു. കൂടുതൽ ഗുണം ഉണ്ടായിരിക്കേണ്ടതല്ലേ എന്നാണ് എനിക്കു തോന്നുന്നതു്.

സാക്ഷാൽ കവിത മനുഷ്യജീവിതത്തെയാണു പ്രത്യക്ഷമായി വിവക്ഷിക്കുന്നതു്. മനുഷ്യജീവിതത്തെ എന്നല്ല പ്രകൃതിയെത്തന്നെ ഹൃദയംഗമമായി ചച്ചചെയ്യുമ്പോൾ കവിത സ്വയം സമുല്പതിച്ചുകൊള്ളും. നിരൂപണമാകട്ടെ കവിതാരസാസ്വാദനത്തിൻെറ പരിണാമദശയിൽ പൊട്ടിപ്പുറപ്പെടുന്ന അഭിപ്രായപ്രവാഹമാണ്. സങ്കല്പകല്പനാസ്പദമായ കാവ്യസമുച്ചയത്തെ സാഹിത്യകലയുടെ രൂപോപജീവിയായ നിരൂപണമെന്നു നിർവ്വചിക്കാമെങ്കിൽ പ്രസ്തുതകലയുടെ വിവിധാംശവിമർശനത്തെ നിരൂപണസാഹിത്യമെന്നു പറയാം.

നിരൂപണസാഹിത്യനിമ്മാതാക്കൾക്കു വ്യാഖ്യാനപാടവവും നീതിബോധനൈപുണ്യവും അത്യന്താപേക്ഷിതമാണെന്നു സ്പഷ്ടമാകുന്നു. തദപേക്ഷയാ ശാസ്ത്രപാണ്ഡിത്യവും രസവാസനയുംകൂടിയുണ്ടായിരിക്കേണ്ടതുമാണ്. പ്രസ്തുത ലക്ഷണോക്തിപ്രകാരം നോക്കുമ്പോൾ യഥാൎത്ഥ നിരൂപകന്മാർ തുലോം തുച്ഛമായിട്ടേ കാണപ്പെടുകയുള്ളു. ഇവരെ അസാദ്ധ്യപ്രായങ്ങളായ മഹാകാവ്യങ്ങളുടെ കൎത്താക്കളെക്കാൾ ശ്രേഷ്ഠസ്ഥാനാർഹന്മാരായി പരിഗണിക്കേണ്ടി വന്നുകൂടും. കാല്പനികലോകത്തിൽ ഈ അഭിപ്രായം എത്രതന്നെ സ്വീകാൎയ്യമായിരുന്നാലും പ്രായോഗികലോകത്തിൽ അതിനു സുസ്ഥാപിതമായ സ്ഥാനമുണ്ടാകുമെന്നു വിചാരിക്കുവാൻ ന്യായമില്ല.

സാങ്കേതികരീതിയിലുള്ള പഠിപ്പും, അഭ്യാസവും, ശാസ്ത്രവ്യുൽപത്തിയും ഇല്ലാത്ത നിരൂപകന്മാർപോലും ചിലപ്പോഠം പ്രകൃതിദത്തമായ കേവലവാസനാശക്തി കൊണ്ടു സാഹിത്യത്തിൻെറ ഗുണദോഷവിവേചനത്തിലും രസാസ്വാദനത്തിലും അത്ഭുതകരമായ പാടവം പ്രദർശിപ്പിക്കാറുണ്ടെന്നു പലക്കും അനുഭവസിദ്ധമാണു്. വാസ്തവമാലോചിച്ചാൽ വിവേചനാശക്തിയുടെ—വിമർശനപാടവത്തിൻെറ—പാരമ്യമത്രേ വാസന. ഇതു ചിലക്കു നിസൎഗ്ഗായത്തവുമായേക്കാം.

സംഗീതരസം ശാസ്ത്രീയമായി ആസ്വദിക്കുവാൻ ഭാഗവതനാമധാരികഠംക്കേ സാധിക്കു എന്നു വന്നേക്കാം. (ഇവക്കു ഭാഗവതത്വം എങ്ങനെ സമൎത്ഥിച്ചിരുന്നാലും അതിൻെറ ഔചിത്യം ചിന്ത്യമാണു്.) എങ്കിലും സംഗീതം ഏറക്കുറെ എല്ലാ മനുഷ്യരിലും അന്തർലീനമായ ഒരു കലാബീജമാകയാൽ അതനുഭവിക്കുവാൻ പ്രായേണ എല്ലാവക്കും കഴിയുന്നതാണു്. അപ്രകാരംതന്നെ കവിതാബീജവും ന്യൂനാതിരിക്തരൂപത്തിൽ മനുഷ്യസാമാന്യത്തിൻെറ അന്തരംഗത്തിൽ സ്ഥിതിചെയ്യുന്നുണ്ടു്. ദുരാരാധയായ കവിതാദേവി ചിലരിൽ അധികം പ്രസാദിക്കുന്നു; മററു ചിലരുടെ നേരെ ഒട്ടുംതന്നെ നോക്കുന്നില്ലെന്നും വന്നേക്കാം. അതുകൊണ്ടു കവിത പ്രകാശിക്കുന്നില്ലെന്നേ ഉള്ളു.

എന്നാൽ വാസനയും പരിശ്രമവും ഒന്നിച്ചുകൂടുമ്പോഠം പ്രകൃതിദത്തമായ ആ അനുഗ്രഹം സമ്പൂർണ്ണമായി വികസിക്കുന്നു. ഏതൽക്കാരണങ്ങളാൽ ഏതെ

ങ്കിലും കൃതിയേയോ, കൃതികളേയോ, തത്കർത്താക്കളേയോ കുറിച്ചു സാമാന്യജ്ഞാനം മാത്രമുള്ള ഒരു വിമൎശകൻ സ്വാഭിപ്രായത്തെ നിർദ്ദാക്ഷിണ്യബുദ്ധ്യാ പ്രകടിപ്പിക്കുന്നു എങ്കിൽ ആ അഭിപ്രായപ്രകടനത്തിനും പ്രകടകനും സാഹിത്യത്തിൽ പ്രത്യേകമായ ഒരു സ്ഥാനമുണ്ടെന്നു സ്പഷ്ടമാണ്. ദാക്ഷിണ്യപൂൎവ്വമായ ഔപചാരികാഭിപ്രായപ്രകടനത്തിന്റെ ന്യൂനതകളിൽനിന്നും വിഭിന്നമാണ് അതെന്നുള്ള ഒരു മെച്ചവും കേവലവാസനാഭാസുരമായ നിരൂപണത്തിന് ഉണ്ടായിരിക്കുന്നതാണല്ലോ.

വിമർശനരീതി സാധാരണക്കാൎക്കുപോലും കവിഹൃദയത്തെ സുവ്യക്തമാക്കുമാറു സരളമായിത്തന്നെയിരിക്കണം. നാം കവിതയെ വിമർശിക്കുമ്പോൾ, പദ്യമോ ഗദ്യമോ, ആയിട്ടുള്ള കാവ്യത്തിന് ഓരോ ആലങ്കാരികന്മാർ വിധിച്ചിട്ടുള്ള സാങ്കേതികലക്ഷണങ്ങളെല്ലാം തികഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നുള്ള പരിശോധന ഇപ്പോഴത്തെ കാലസ്ഥിതിക്കു വലിയ പ്രയോജനകരമായിരിക്കുമെന്നു തോന്നുന്നില്ല. ലൗകികാനുഭവം കൊണ്ടുള്ള വിജ്ഞാനത്തെ വൎദ്ധിപ്പിക്കുന്നതും സന്മാൎഗ്ഗബോധത്തെ സ്ഥിരീകരിക്കുന്നതും പ്രകൃതിയിലെ രമണീയവസ്തുക്കളെ നിരീക്ഷിച്ചറിയുവാൻ സഹായിക്കുന്നതുമായ സംഗതികൾ എത്രത്തോളം ഒരു കവിതയിൽ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നു വിശകലനം ചെയ്തു കാട്ടുന്നതോടുകൂടിത്തന്നെ, കവിക്കു തൽകവിതയോടു സംഘടിച്ചിട്ടുള്ള സ്ഥാനത്തെ എത്രയും സരസമായി വിശദീകരിച്ചുകൊടുക്കുകയാണ് ഒരു വിമൎശകന്റെ ഇന്നത്തെ പ്രധാനകൃത്യം.

# IX

## ഭവിഷ്യജ്ജീവിതം.

"ഒരു അനന്തരജീവിതവും നിത്യത്വവും ഉണ്ടെന്നു നമ്മെ ചൂണ്ടിക്കാണിക്കുന്നതു് ഈശ്വരൻതന്നെയാണു്."

മഹാശക്തിമാനായ മാരുതരാജൻ ഗ്രീഷ്മകാലത്തിൽ സമുദ്രത്തിലെ ജലത്തെ ചിലപ്പോൾ വല്ലാതെ ഇളക്കി ആകാശംവരെ പൊക്കുകയും അടിവരെ താഴ്ത്തുകയും ചെയ്യുന്നതും, മററു ചിലപ്പോൾ ഒരു മരക്കഷണത്തെപ്പോലും ഇളക്കുന്നതിനു ശക്തിയില്ലാത്തവണ്ണം അത്ര നിശ്ചലമായിരിക്കുന്നതും പലരും സൂക്ഷിച്ചിട്ടുണ്ടായിരിക്കാം. ഇപ്രകാരംതന്നെ ആശ്ചര്യവിചാരങ്ങൾ, ചില സമയങ്ങളിൽ വിവിധവികാരങ്ങളെ ഉൽപാദിപ്പിക്കുകയും ആത്മാദർതലങ്ങളിൽ കിടന്നു കളിക്കുകയും ചെയ്യാറുണ്ടു്. എന്നാൽ മറെറല്ലാററിനേക്കാൾ മനുഷ്യഹൃദയത്തിൻെറ അഗാധതയെ ഇളക്കിമറിച്ചു തൽചൈതന്യത്തെ ചിന്തിക്കുന്നതിനും ഊഹിക്കുന്നതിനും പ്രേരിപ്പിക്കുന്ന ഒരു ശക്തിവിശേഷമുണ്ടു്. അതു നമ്മുടെ ശ്മശാനത്തിനപ്പുറത്തായി സ്ഥിതിചെയ്യുന്ന ഒരു നിത്യജീവിതത്തെക്കുറിച്ചുള്ള വിചാരമല്ലാതെ മറെറാന്നുമല്ല.

ഐഹികജീവിതംതന്നെ എത്ര അവ്യാഖ്യേയ മാണ്. അതിൻെറ ഉൽപത്തിയിലെന്നപോലെതന്നെ ആരംഭഘട്ടങ്ങളിൽക്കൂടിയും എത്രമാത്രം നിഗ്രഢതതകളാണ് അന്തർഭവിച്ചിരിക്കുന്നതു്. നിത്യമായ അനസ്തിത്വത്തിൽനിന്ന് ഉറക്കം തെളിഞ്ഞെഴുനേല്ക്കുന്നതുപോലെ. നിരവധി ചരാചരങ്ങളാൽ നിബിഡമായിരിക്കുന്ന ഭൂമിയുടെ ഒരു ഭാഗമായി, സൃഷ്ടികളിൽവെച്ചു സർവ്വപ്രധാനമായി, ബുദ്ധിയും കൃത്യബോധവും ഉള്ള സത്തയായി കാണപ്പെടുക എത്രയോ അത്ഭുതകരം! ഇതെങ്ങനെ സംഭവിക്കുന്നുവെന്നു വല്ലവരും ഗ്രഹിച്ചിട്ടുണ്ടോ?

ക്ഷണികമായ ജീവിതവും വിചാരവും ഇന്ദ്രിയബോധവും ആശ്ചര്യകരങ്ങളാണെങ്കിൽ അനന്തമായി ജീവിക്കുക എന്നുള്ളതു് എത്ര അത്യാശ്ചര്യകരമാണ്. മററെല്ലാ സത്വങ്ങളും ജനിക്കുന്നു; വളരുന്നു; ക്ഷയിച്ചു അപ്രത്യക്ഷീഭവിക്കുന്നു. മനുഷ്യനാകട്ടെ ഇതെല്ലാം കണ്ടുകൊണ്ടും കേട്ടുകൊണ്ടും ബലിഷ്ഠവാതപാതത്തെ ഏററിട്ടും നിശ്ചലമായി സ്ഥിതിചെയ്യുന്ന പാറയെപ്പോലെ ജീവിക്കുകതന്നെ ചെയ്യുന്നു. എൻെറ ചുററുമുള്ള വസ്തുക്കൾ നശിക്കുന്നതിനെ ഞാൻ സർവ്വദാ ദർശിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും എൻെറ വിനാശത്തെ ഞാൻ അറിയുന്നില്ല. അല്ല, ഇതുതന്നെയാണ് എല്ലാ മനുഷ്യരുടെയും ഗതി. ഒന്നുപോലും നശിക്കുകയില്ല. ഒന്നുപോലും അതിൻെറ ഇച്ഛകളെയോ വിചാരശക്തിയേയൊ കളയുകയില്ല. നമ്മെ ചുററിവളഞ്ഞു നമ്മുടെ മാനസികപ്രവൃത്തികളെ തടയുകയും ഭൂഗർഭത്തിലേയ്ക്കു

നമ്മെ ബലാദാകൎഷിക്കുകയും ചെയ്യുന്ന സ്ഥൂലശരീരത്തെ ഇടക്കാലത്തു നമുക്കു മാററിവയ്ക്കാം. എന്നാൽ ആത്മാവിൻെറ കാൎയ്യത്തിൽ ഇതൊന്നും സാധ്യമല്ല. അതു് അമരമാകയാൽ വിദ്രാവണമാകട്ടെ പ്രലീനതയാകട്ടെ ഭവിക്കുന്നില്ല.

പൂൎവ്വചരിത്രപ്രതിപാദിതങ്ങളായ ആക്രമണങ്ങൾ യുദ്ധങ്ങൾ, നഗരങ്ങളുടേയും കോട്ടകളുടേയും രോധനങ്ങൾ, സൈന്യങ്ങളുടെ സംഹാരം, ജനസമൂഹങ്ങളുടെ നാശം എന്നിവയെ വായിച്ചുനോക്കുക. ഇതാ കൊന്നവരുടേയും കൊല്ലപ്പെട്ടവരുടേയും, വിജയികളുടേയും പരാജിതന്മാരുടേയും, വീരന്മാരുടേയും ഭീരുക്കളുടേയും അസ്ഥിപഞ്ജരം ഇപ്പോൾ ഒരു പൊതുശ്മശാനത്തിൽ ഒന്നിച്ചുകൂടിക്കിടക്കുന്നു. അതെ, അവരുടെ ഒടിഞ്ഞുനുറുങ്ങിയ വാരിയെല്ലും പൊട്ടിത്തെറിച്ചുകിടക്കുന്ന തലയോട്ടും ഇവിടെ കുഴിച്ചിടപ്പെട്ടിരിക്കുന്നു. എന്നാൽ അവയെ അണിഞ്ഞുകൊണ്ടു നടന്നവർ ഇപ്പോൾ എവിടെ? അക്ഷയാത്മാക്കൾ, ക്ലിഷ്ടകോപിഷ്ഠമനസ്സുകൾ, ഉൽകൃഷ്ടപദവാഞ്ഛയാലും കീൎത്തിസ്പൃഹയാലും സാമ്രാജ്യമോഹത്താലും വശീകരിക്കപ്പെട്ടവർ, അഥവാ വല്ലപ്പോഴും സൗമ്യവും പരിശുദ്ധവും ആയ ആഗ്രഹങ്ങളാൽ ആകൃഷ്ടരായവർ, ഇവരെല്ലാം ഇപ്പോൾ എവിടെ? ഈ പ്രശ്നത്തിനു ക്ലിപ്തമായ മറുപടിപറഞ്ഞുകൂടെങ്കിലും വിതതമായ സൃഷ്ടിലോകത്തിൽ എവിടെയോ അവരെല്ലാം ജീവിച്ചുകൊണ്ടിരിക്കുന്നുവെന്നു നിശ്ചയമാണു്.

ഒരുകാലത്തു ജനങ്ങൾ ഇടതിങ്ങി വസിച്ചിരുന്ന നഗരങ്ങളുടെ ആധുനികസ്ഥിതി എന്താണ്? ഇതഃപര്യന്തം ജനിച്ചു മരിച്ചിട്ടുള്ള തലമുറകൾ എത്ര? ചരിത്രത്തിൻെറ ആരംഭകാലംമുതൽ ഭുജിക്കുകയും ഭജിക്കുകയും, സ്നേഹിക്കുകയും ദ്വേഷിക്കുകയും, ചിരിക്കുകയും കരയുകയും, വാങ്ങിക്കുകയും, കൊടുക്കുകയും ചെയ്തിട്ടുള്ള കോടാകോടി ജനങ്ങളെ ഒന്നിച്ചുകൂട്ടി ഒന്നെണ്ണിനോക്കുക! മനുഷ്യൻ പ്രഥമതഃ ഭൂഗോളത്തിൽ പ്രത്യക്ഷനായ നാൾമുതൽ ഇന്നുവരെയും എത്രയോ ജനങ്ങൾ തെരുവീഥികളിൽക്കൂടിയും ഗ്രാമപാതകളിൽക്കൂടിയും നടന്നിട്ടുണ്ട്. സംഖ്യയില്ലാത്തവണ്ണമുള്ള ഈ ജനസമൂഹങ്ങളെ എണ്ണിത്തീർക്കുന്നതിനുകൂടി ദുഷ്കരമായിരിക്കുന്നു. എങ്കിലും ഈ സംഖ്യാതീതമായ ജനക്കൂട്ടത്തിലെ ഓരോ അംഗവും ഇന്നലെയേ സൃഷ്ടിക്കപ്പെട്ടുള്ളു എന്നതുപോലെ അവനവൻെറ വ്യക്തിത്വത്തോടുകൂടി ഇപ്പോഴും ജീവിക്കുന്നു.

ഇതാ, ഇവൻെറ ജീവിതവും സ്വഭാവവും വിചാരവും ശീലവും എല്ലാം ഐഹികവാസത്തിൽ എപ്രകാരമായിരുന്നോ അപ്രകാരം ഇപ്പോഴും സ്വകീയങ്ങളായിത്തന്നെയിരിക്കുന്നു. അത്രമാത്രമോ? ഓരോരുത്തരും, ശരീരത്താൽ ബന്ധിക്കപ്പെട്ടിരുന്ന കാലത്തെ അപേക്ഷിച്ചു കൂടുതൽ യഥാർത്ഥമായും പ്രത്യക്ഷമായും സ്വസ്ഥിതിയെ ഗ്രഹിച്ചുകൊണ്ടും ആണ് ഇപ്പോൾ ജീവിക്കുന്നതു്. അതെ, അവരെപ്പോലെ തന്നെ നാമും ..........

സംഖ്യാതീതമായ ജനാവലി ഉണ്ടായിരുന്നിട്ടും മിക്കവാറും "ഏകാന്ത"മായ നമ്മുടെ വസതിയെ ഉപേ

ക്ഷിച്ചുംവച്ചു മരണമെന്ന പാലം കടന്നു് ഒരു കൊളംബസോ, ഡ്റേയ്ക്കോ, ഇനിയും കണ്ടുപിടിച്ചിട്ടില്ലാത്ത രാജ്യത്തിലേയ്ക്കു്—എണ്ണിത്തിട്ടപ്പെടുത്താൻ നിവൃത്തിയില്ലാത്തവണ്ണം അത്രയേറെ ജനങ്ങൾ നമ്മെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആ സ്ഥലത്തേക്കു്—നാമേവരും പോകേണ്ടിവരും.

ഇതു പരമാത്ഥമാണു്. എന്തെന്നാൽ മരണം ജീവിതത്തിൻെറ അവസാനമല്ല, ആരംഭമത്രെ. മനുഷ്യൻ ചരമദ്വാരാ അന്ധകാരകൂപത്തിലേയ്ക്കു് ഒരു ചാട്ടം! അവിടെ എന്നേയ്ക്കും കിടക്കുകയും ചെയ്യും. ഈ കാലഘട്ടം അവസാനമില്ലാത്തതായിരിക്കണമെന്നു് അല്പം ആലോചിച്ചാൽ ഗ്രഹിക്കാവുന്നതാണു്.

ഇഹലോകരംഗത്തിൽ ആയിരിക്കുന്നിടത്തോളം കാലം സിദ്ധിപഥത്തിൽ എത്തിക്കുന്നതിനു് അശക്യങ്ങളായ ചില ആസക്തികളെ ഈശ്വരൻ നമുക്കു പ്രദാനം ചെയ്തിട്ടുണ്ടു്. ഈശ്വരനാകട്ടെ നിരത്ഥകമായും നിഷ്പ്രയോജനമായും യാതൊന്നും ചെയ്യുന്നതല്ലാത്തതിനാൽ അവയുടെ പൂണ്ണസംതൃപ്തി വേറൊരുലോകത്തിൽ—മരണാനന്തരജീവിതത്തിൽ—വച്ചു സിദ്ധിക്കാനിരിക്കുന്നു എന്നു യുക്തിപൂവ്വം അനുമാനിക്കാം.

നമ്മുടെ മനസ്സ പ്രാപഞ്ചികവസ്തുക്കൾക്കായി മാത്രം സൃഷ്ടിക്കപ്പെട്ടിരുന്നെങ്കിൽ അവയുടെ ലബ്ധികൊണ്ടു് അതു തൃപ്തിപ്പെടുമായിരുന്നു. എന്നാൽ ജഗത്തു് അതിവിസ്തൃതമായ മനുഷ്യമനസ്സിനു പൂണ്ണതൃപ്തിയെ

തരുന്നില്ലെന്നു അനുഭവിച്ചറിയാത്തവർ അധികം ആരും കാണുകയില്ല. സുഖസമ്പാദനത്തിൽ അതിലോലുപമായ മനുഷ്യമനസ്സിൻെറ അനുഭവം ഇതുതന്നെയാണു്.

ഇഹത്തിൽ നമ്മുടെ ഹൃദയം ഒരിക്കലും സമാശ്വസിക്കുന്നില്ല. അലഭ്യങ്ങളായ ആഗ്രഹങ്ങളും അതിമോഹങ്ങളും നമ്മുടെ ഹൃദയത്തെ സദാ ക്ഷതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നിധിയുണ്ടെന്നുകേട്ടു് അത്യാർത്തിയോടെ ഭൂമി കുഴിച്ചുനടക്കുന്നവരെപ്പോലെ മനുഷ്യഹൃദയം സുഖസംപ്രാപ്തിക്കായി അവിടേയും ഇവിടേയും സോൽകണ്ഠം ആരായുന്നു. പക്ഷെ ഈ ശ്രമം വിജയശ്രീലാളിതമാകുന്നില്ല. അതു ധനത്തിലായിരിക്കും നിക്ഷിപ്തമായിരിക്കുന്നതെന്നുവെച്ചു് ഏതൽലബ്ധ്യർത്ഥം യത്നിക്കും. അതുകൊണ്ടു ഫലിക്കാതെയാകുമ്പോൾ സ്ഥാനമാനാദികളേയും വിഷയസുഖത്തേയും അന്വേഷിക്കുന്നു. ഇനിയും ആരാഞ്ഞ വസ്തു ലഭിച്ചോ? ഇല്ല. ഇതേസംബന്ധിച്ചു കോൾട്ടൻ എന്ന എഴുത്തുകാരൻ ഇപ്രകാരം പറയുന്നു:

"സുഖം പ്രണയത്തിലാണിരിക്കുന്നതെന്നു മാർക്കാൻറണിയും, മഹിമയിലാണെന്നു ബ്രൂട്ടസ്സും, മഹാരാജ്യങ്ങളുടെ ലബ്ധിയിലാണെന്നു സീസറും വിചാരിച്ചു. പക്ഷേ ആൻറണിയുടെ അനുഭവം അപമാനവും, ബ്രൂട്ടസിൻേറതു നീരസവും, സീസറിൻേറതു കൃതഘ്നതയുമായിരുന്നു. എല്ലാവരും നാശത്തെ വരിക്കുകയും ചെയ്തു."
ഇപ്രകാരംതന്നെയാണു മററോരോ വ്യാമോഹങ്ങളിലും ഉള്ള അനുഭവം. ഇവ ദൂരദൃഷ്ടിക്കു മനോഹരവും പ്രലോഭകരവും ആയി കാണപ്പെടും; കൈയിൽ കിട്ടിക്കഴി

ഞ്ഞാൽ പരമാനന്ദം അനുഭവിക്കാമെന്നും തോന്നും എങ്കിലും കിട്ടിയതിനു ശേഷമുള്ള അനുഭവം എന്തു്? വെള്ളത്തിലെ സ്ഫടികധവളമായ കുമിളകൾക്കൊപ്പം ഉത്തരക്ഷണത്തിൽ പൊട്ടുകയാണു പതിവു്.

അതിനാലത്രെ ശ്രീനാരായണപണ്ഡിതൻ,

"അനിത്യം യൗവനം രൂപം
ജീവിതം ദ്രവ്യസഞ്ചയഃ
ഐശ്വര്യം പ്രിയസംവാസോ
മുഹ്യേത്തത്ര ന പണ്ഡിതഃ"

എന്നു് എഴുതിയിരിക്കുന്നതു്. ഇങ്ങനെ നോക്കുമ്പോൾ ഭവിഷ്യജ്ജീവിതം നിശ്ചയമായും ഉണ്ടായിരിക്കണമെന്നു നമുക്കു സന്ന്യായം നിർണ്ണയിക്കാം.

# X

# മതം കറുപ്പോ?

ഐഹിക ജീവിതം തീരായാതനകളുടെ, പ്രലോഭനങ്ങളുടെ, സമാഹാരമാണ്; സുഖദുഃഖങ്ങളുടെ നിരന്തരസംഘട്ടനമാണ്; കല്ലുകളും മുള്ളുകളും നിറഞ്ഞ ദുഷ്പാന്ഥയാണ്; ഉച്ചനീചത്വങ്ങളുടെ കേളീരംഗവും:

ദുഷ്കർമ്മി വിജയിക്കുന്നു; സൽക്കർമ്മി പരാജയമടയുന്നു. ദുഷ്ടൻ പനപോലെ വളരുന്നു; ശിഷ്ടൻ ഞാങ്ങണപോലെ ചലിക്കുന്നു. വ്യഭിചാരി ആചരിക്കപ്പെടുമ്പോൾ, സദാചാരനിരതൻ ശിക്ഷിക്കപ്പെടുന്നു. കൊലപാതകി മുക്തനാവുകയും, സച്ചരിതൻ വധ്യനെന്നു വിധിക്കപ്പെടുകയും ചെയ്യുന്നു. അനർഹന് ഉദ്യോഗക്കയററവും അർഹനു തരംതാഴ്ത്തലും ലഭിക്കുന്നു. ചേലാംഗിക്കു വിരൂപനെ വരനായി ലഭിക്കുമ്പോൾ, വിരൂപയ്ക്കു സദ്രൂപനെ മണവാളനായി കിട്ടുന്നു. കുബേരനു കുചേലയും! എന്തൊരു വൈപരീത്യം!

നീതിയെവിടെ ലോകത്തിൽ? എന്നുതുടങ്ങിയതാണ് ഈ തകിടംമറിച്ചിലെന്നോ? ഹാബേൽ എന്ത് അപരാധം ചെയ്തിട്ടാണു വധ്യനായത്? അന്നേ തുട

ങ്ങിയതാണ് ഈ അനീതി. ഇന്നും, ഇനിയും ലോകാവസാനംവരെയും; അനീതിതന്നെ നടക്കുമെന്നോ? എന്നാണ് ഈ ദുർവ്യവസ്ഥിതിക്ക് ഒരന്തംവരിക? സാഹോദര്യം, സമഭാവന, സമത്വം എന്നെല്ലാം പഠിപ്പിച്ച പാശ്ചാത്യലോകത്തിൽ, ക്രിസ്തുമതത്തിൻെറ സ്വൈരവിഹാരരംഗമായിരുന്ന യൂറോപ്പിൽ, പിന്നീട് അമേരിക്കയിലും, എന്താണു നാം കാണുക? ആററംബോംബ് ഹൈഡ്റജൻബോംബ് എന്നുവേണ്ടാ സർവ്വനാശീകരണപ്രസ്ഥാനങ്ങളും നടമാടുന്ന അവിടങ്ങളിൽ! എന്നു ചിലർ ചോദിക്കയാണ്.

എന്താണത്ഭുതം കൊമ്മ്യൂണിസം വളരുന്നതിൽ? അനാസ്ഥ സർവ്വത്തിലും! ആത്മഹത്യ, വ്യഭിചാരം! ഈശ്വരനിന്ദയും നിഷേധവും; ആത്മാവില്ല, ഉണ്ടെങ്കിലും അനശ്വരമല്ല; ജഗന്മിഥ്യ, ഈശ്വരമ്മിഥ്യ, മതം കറുപ്പ്, പുരോഹിതൻ ജനദ്രോഹി! ഇങ്ങനെ പോകുന്നു ആധുനികലോകത്തിൽ ഒരു വിഭാഗത്തിൻെറ ചിന്താഗതി ഇതനുസരിച്ച് ഓളം വെട്ടുന്ന വിചാരവീചികൾ! ഇതനുസരിച്ചു പ്രചരിക്കുന്ന ചെറുകഥകൾ, മാസികകൾ. എവിടെയും കാണാം ഇക്കൂട്ടരുടെ അടവുകൾ പല "ദിനു"സിലും! എന്നിട്ടെന്താണു ഫലം?

റഷ്യ, പ്രസ്തുതാദർശങ്ങളുടെ പരീക്ഷണശാലയായിത്തീർന്നു, യൂറോപ്പിൽ. മററു ചില രാജ്യങ്ങളും പിറകെ. ഇന്നു ചൈനയും ആ വഴി പോയി. ചിലപ്പോൾ ഇവർ "പുരോഗമന"വാദികളാണ്; മററു ചിലപ്പോൾ "ഐക്യമു

നന്നി"ക്കാരാണ്. എപ്പോഴും അവർ നല്ല നല്ല ഹൃദ്യ സാന്ദ്രങ്ങളായ അഭിധാനങ്ങൾ പേറിക്കൊണ്ടാണു നൃത്തം ചെയ്യുക.

എന്താണു പാശ്ചാത്യരാജ്യങ്ങളിലെ സാക്ഷാൽ സ്ഥിതി? കൊമ്മ്യൂണിസ്ററുകാരുടെ ആദർശങ്ങൾ നടപ്പിൽവരുത്തിയ പ്രദേശങ്ങൾ സ്വർഗ്ഗതുല്യമായെന്ന് ആരെങ്കിലും വിശ്വസിക്കാനുണ്ടാകുമോ? യൂറോപ്പിൽ പല സ്ഥലങ്ങളിലും ഒന്നിലധികം പ്രാവശ്യം സഞ്ചരിച്ചുകഴിഞ്ഞ അനുഭവസ്ഥൻെറയും ദൃക്സാക്ഷിയുടെയും നിലയിൽ സൂക്ഷ്മമായി പറയാം, ശാശ്വതശാന്തിയൊ ശാശ്വതാനന്ദമോ അവിടെ ആരും പ്രതീക്ഷിക്കേണ്ടതില്ലെന്ന്! നാമേവരും സ്വർഗ്ഗരാജ്യത്തിലേക്കു പ്രയാണം ചെയ്യുകയാണ്. അവിടെ ചെന്നെത്താതെ ശാശ്വതസമാധാനം പ്രതീക്ഷിക്കേണ്ടതില്ല ലോകത്തെങ്ങും.

റഷ്യ തുടങ്ങിയുള്ള കൊമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിലെ യുവജനങ്ങൾ മതം കറുപ്പാണെന്നു പറയുന്നു. സൗഭാഗ്യവും സന്തോഷവും ഇല്ലാതാക്കുന്നതു മതവും പുരോഹിതവർഗ്ഗവും ആണത്രെ! ഈശ്വരനെത്തന്നെ അവർ നിഷേധിച്ച്, ഓരോ "ഇസ"ങ്ങളിൽ കടന്നുചെന്ന് ആനന്ദാന്വേഷണം ചെയ്യുന്നു. അവരുടെ ദയനീയസ്ഥിതി കാണുമ്പോൾ തേനീച്ചകളുടെ കഥ ഓർമ്മയിൽ വരുന്നു.

സുഗന്ധിയായ വനമല്ലികകൊണ്ടു് അലംഭാവമുണ്ടാകാതെ തേനീച്ച അതുപേക്ഷിച്ച്, മാദകപൂവിൽ

പറന്നെത്തി. അതുകൊണ്ടും തൃപ്തിപ്പെടാതെ ചന്ദനവനത്തിൽ പ്രവേശിച്ചു. അവിടെയും തൃപ്തികാണാഞ്ഞു താമരപ്പൂവിൽ കടന്നുകൂടി. അവിടെവച്ചു ചന്ദ്രനാൽ ബന്ധിക്കപ്പെട്ടു. ആകുലാത്ഥയായി തേനീച്ച പ്രലപിക്കാനും തുടങ്ങി. പക്ഷെ, എന്തുഫലം?

മതത്തിൽ ശാന്തി കാണാഞ്ഞു ചിലർ പുരോഹിതവൃന്ദത്തെ ആശ്രയിച്ചു; അവിടെ ആനന്ദംകാണാഞ്ഞ് ഈശ്വരനെ ആശ്രയിച്ചു; അവിടെയും തൃപ്തി കാണാഞ്ഞു കൊമ്മ്യൂണിസത്തിൽ ചേന്നു. സ്റ്റാലിൻ അവരെ ബന്ധനസ്ഥരാക്കി. ഇപ്പോഠം കൊമ്മ്യൂണിസ്റ്റർ തേനീച്ചകളെപ്പോലെ വിലപിക്കുകയാണ്. പക്ഷെ, എന്തുഫലം? അരിവാളുകൊണ്ട് അവരുടെ അവയവങ്ങളെ സ്റ്റാലിൻ അരിഞ്ഞു; ചുററികകൊണ്ട് അവരുടെ മസ്തിഷ്കത്തെ അടിച്ചുതകത്തു. സാക്ഷാൽ കറുപ്പാകുന്ന കൊമ്മ്യൂണിസം തിന്നവർ മന്ദപ്രാത്ഥികളായി തീന്നിരിക്കുകയാണ്. ശ്ലോകംകൂടി ഉദ്ധരിക്കാം.

“ഗന്ധാഢ്യാം വനമല്ലികാം മധുകര-
 സ്ത്യക്ത്വാഗതോ യൂഥികാം
താം ദൃഷ്ട്വാശുഗതഃസ ചന്ദനവനം
 പശ്ചാൽ സരോജം ഗത:
ബദ്ധസ്തത്ര നിശാകരേണ സഹസാ
 രോദിത്യസൗമന്ദ ധീഃ”

പേരിലാണ്, പെരുമയിലാണ്, പണത്തിലാണ്, പദവിയിലാണ്, സൗഭാഗ്യമെന്നുവച്ച് ഓടിനടക്കുന്ന

യുവജനങ്ങളെ പൂന്താനം ജ്ഞാനപ്പാനയിൽ ഭംഗ്യന്തരേണ പരിഹസിക്കുന്നതു കാണുക.

സ്ഥാനമാനങ്ങൾ ചൊല്ലികലഹിച്ചും,
നാണംകെട്ടു നടക്കുന്നിതു ചിലർ,
മദമത്സരം ചിന്തിച്ചുചിന്തിച്ചു
മതികെട്ടു നടക്കുന്നിതു ചിലർ
പത്തുകിട്ടുകിൽ നൂറുമതിയെന്നും
ശതമായാൽ സഹസ്രം മതിയെന്നും
ആയിരംപണം കയ്യിലുണ്ടാകുമ്പോ-
ളയുതമാകിലാശ്ചര്യമെന്നതും
ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ
ചത്തുപോകുന്നു പാപം ശിവശിവ!
സക്തികൂടാതെ നാമങ്ങളെപ്പോഴും
ഭക്തിപൂണ്ടു ജപിക്കണം നിത്യവും.

നരകം, മോക്ഷം, ഈശ്വരാസ്തിക്യം ഇവയിൽ വിശ്വസിച്ചിരുന്ന ഭാരതീയർ എക്കാലവും. കുറഞ്ഞൊരുനാളുകളായി പടിഞ്ഞാറുനിന്ന് ഒരു മരുന്നു ഇവിടെ കടന്നുതുടങ്ങിയിട്ട്. ഭാരതത്തിൽ സുഭിക്ഷമായി കഴിഞ്ഞവരുടെ ആവശ്യങ്ങൾ ആധുനികപരിഷ്ക്കാരത്തോടു കൂടി ദുസ്സഹമാവുംവിധം വദ്ധിച്ചു. അതിൻെറ ഫലമായി വന്നു ക്ഷാമം. ക്ഷാമം മൂലം ഒന്നിനൊന്നിനും തികയാതെയായി.

വിദ്യാലയങ്ങളിൽ അസ്വസ്ഥത ഉണ്ടായിരുന്നില്ല മുൻകാലങ്ങളിൽ. ഗുരുശിഷ്യബന്ധത്തേക്കാൾ ശ്രേഷ്ഠമായ ബന്ധം ഭാരതത്തിൽ ഉണ്ടായിരുന്നില്ല. ഇന്ന് അഹോ! ഉപാദ്ധ്യായന്മാരും തൊഴിലാളികളായി. എന്തൊരു ദുർഭാഗ്യം. പാവനമായ അദ്ധ്യാപനം ഒരു തൊഴിലൊ? പണിമുടക്കം സത്യാഗ്രഹവും ഭദ്രകാളിയുടെ രൗദ്രനേത്രങ്ങളായി രൂപാന്തരപ്പെടുന്നു. ഗുരുക്കന്മാർക്കുണ്ടോ പണി മുടക്കുവാൻ? വിദ്യാലയങ്ങളിൽ അച്ചടക്കബോധമില്ല. ഇങ്ങനെയായാൽ ഭാവിതലമുറ നാശക്കൂപത്തിലാണ്ടുപോവുകയില്ലേ? എല്ലാവരും നന്നായൊന്നു ചിന്തിച്ചാൽ നന്ന്.

---

165534
38462
032:6y8
J2;1

MUL
165534

15 DEC 1955
MADRAS

18 JUIN 1956